239.

ഭാരത സർക്കാർ

നിയമ മന്ത്രാലയം

# പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റ്, 2005
## (2005-ലെ 28-ാം നമ്പർ ആക്റ്റ്)

(2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE SPECIAL ECONOMIC ZONES ACT, 2005
## (Act No. 28 of 2005)

**(As on 15th February, 2013)**

വില : 109 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2013.

# ആമുഖം

2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റ്, 2005 (2005-ലെ 28-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2013 ഏപ്രിൽ 6-ാം തീയതിയിലെ ഭാരതത്തിന്റെ അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 11-ാം നമ്പരായി 1 മുതൽ 55 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

പി. കെ. മൽഹോത്ര,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

# PREFACE

This edition of the Special Economic Zones Act, 2005 (Act No. 28 of 2005) as on 15th February, 2013 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. 1, No. 11, dated 6th April, 2013 on pages 1 to 55.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (Act No. 50 of 1973) and on such publication, it became the authoritative text of that Act in Malayalam.

P. K. MALHOTRA,
*Secretary to the Government.*

GCPT. 3/3431/2013

# പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റ്, 2005

(2005-ലെ 28-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

അദ്ധ്യായം I

## പ്രാരംഭികം


*വകുപ്പുകൾ* പേജ്

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും 1
2. നിർവ്വചനങ്ങൾ 1

അദ്ധ്യായം II

## പ്രത്യേക സാമ്പത്തിക മേഖലയുടെ സ്ഥാപനം

3. പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കുന്നതിനുള്ള നടപടിക്രമം 5
4. പ്രത്യേക സാമ്പത്തിക മേഖലയുടെ സ്ഥാപനവും അത് പ്രവർത്തിപ്പിക്കുന്നതിന് പോഷകനുള്ള അംഗീകാരം നൽകലും പ്രാധികാരപ്പെടുത്തലും 7
5. പ്രത്യേക സാമ്പത്തിക മേഖല വിജ്ഞാപനം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 8
6. പ്രോസസിംഗിനുള്ളതും പ്രോസസിംഗിനുള്ളതല്ലാത്തതുമായ പ്രദേശങ്ങൾ 8
7. നികുതി, ഡ്യൂട്ടി, സെസ്സ് എന്നിവയിൽ നിന്നുള്ള ഒഴിവാക്കൽ 8

അദ്ധ്യായം III

## അംഗീകാര ബോർഡിന്റെ രൂപീകരണം

8. അംഗീകാര ബോർഡിന്റെ രൂപീകരണം 9
9. ബോർഡിന്റെ കർത്തവ്യങ്ങളും അധികാരങ്ങളും ചുമതലകളും 11
10. അംഗീകാരപത്രത്തിന്റെ സസ്പെൻഷനും ചില സംഗതികളിൽ പ്രത്യേക സാമ്പത്തിക മേഖലയുടെ കൈമാറ്റവും 12

അദ്ധ്യായം IV

## വികസന കമ്മീഷൻ

11. വികസന കമ്മീഷണർ 15
12. വികസന കമ്മീഷണറുടെ ചുമതലകൾ 15

അദ്ധ്യായം V

## ഏകജാലക ക്ലിയറൻസ്

13. അംഗീകാര കമ്മിറ്റിയുടെ രൂപീകരണം 16
14. അംഗീകാര കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും 18

15. യൂണിറ്റ് സ്ഥാപിക്കൽ 19

16. സംരംഭകനുള്ള അംഗീകാരപത്രത്തിന്റെ റദ്ദാക്കൽ 20

17. ഓഫ്ഷോർ ബാങ്കിംഗ് യൂണിറ്റിന്റെ സ്ഥാപിക്കലും പ്രവർത്തനവും 21

18. അന്താരാഷ്ട്ര ധനകാര്യ സേവന കേന്ദ്രത്തിന്റെ സ്ഥാപിക്കൽ 21

19. ഒറ്റ അപേക്ഷഫാറം, റിട്ടേൺ, മുതലായവ 22

20. പരിശോധന നടത്തുന്നതിന് ഏജൻസി 22

21. വിജ്ഞാപനം ചെയ്ത കുറ്റങ്ങൾക്കുവേണ്ടിയുള്ള ഏക എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥൻ അഥവാ ഏജൻസി 22

22. അന്വേഷണം, പരിശോധന, തിരച്ചിൽ അഥവാ കണ്ടുകെട്ടൽ 22

23. വ്യവഹാരങ്ങളും വിജ്ഞാപനം ചെയ്ത കുറ്റങ്ങളും വിചാരണ ചെയ്യുന്നതിന് നിയുക്ത കോടതികൾ 23

24. ഹൈക്കോടതിയിലേക്കുള്ള അപ്പീൽ 24

25. കമ്പനികളാലുള്ള കുറ്റങ്ങൾ 24

## അദ്ധ്യായം VI

## പ്രത്യേക സാമ്പത്തിക മേഖലകൾക്കുവേണ്ടി പ്രത്യേക ധനവിനിയോഗ വ്യവസ്ഥകൾ

26. ഓരോ പോഷകനും സംരംഭകനുമുള്ള ഒഴിവാക്കലുകളും അടച്ച തീരുവയുടെ തിരികെ ലഭിക്കലും ഇളവുകളും 25

27. 1961-ലെ ആദായനികുതി ആക്റ്റിലെ വ്യവസ്ഥകൾ പോഷകരെയും സംരംഭകരെയും സംബന്ധിച്ച് ചില വ്യത്യാസപ്പെടുത്തലുകളോടെ ബാധകമാകുമെന്ന് 26

28. പ്രത്യേക സാമ്പത്തിക മേഖലകളിൽ ചരക്കുകളുടെയോ സേവനങ്ങളുടെയോ കാലദൈർഘ്യം 26

29. ഉടമസ്ഥാവകാശത്തിന്റെ കൈമാറ്റവും സാധനങ്ങളുടെ നീക്കം ചെയ്യലും 26

30. യൂണിറ്റുകളാലുള്ള സ്വദേശീയ ക്ലിയറൻസ് 26

## അദ്ധ്യായം VII

## പ്രത്യേക സാമ്പത്തിക മേഖലാ അതോറിറ്റി

31. അതോറിറ്റിയുടെ രൂപീകരണം 27

32. അതോറിറ്റിയുടെ ഉദ്യോഗസ്ഥന്മാരും മറ്റ് സ്റ്റാഫും 28

33. അതോറിറ്റിയിലേക്കുള്ള ഉദ്യോഗസ്ഥൻമാരുടെയും മറ്റ് ജീവനക്കാരുടെയും സ്ഥലം മാറ്റത്തിനുള്ള പ്രത്യേക വ്യവസ്ഥ 29

34. അതോറിറ്റിയുടെ ചുമതലകൾ 29

35. കേന്ദ്രസർക്കാരിനാലുള്ള ഗ്രാന്റുകളും വായ്പകളും 30

36. ഫണ്ടിന്റെ രൂപീകരണവും അതിന്റെ വിനിയോഗവും 30
37. അക്കൗണ്ടുകളും ആഡിറ്റും 31
38. കേന്ദ്രസർക്കാരിനാലുള്ള നിർദ്ദേശങ്ങൾ 31
39. റിട്ടേണുകളും റിപ്പോർട്ടുകളും 31
40. അതോറിറ്റിയെ അതിലംഘിക്കുന്നതിനുള്ള അധികാരം 32
41. അതോറിറ്റിയുടെ അംഗങ്ങളും ഉദ്യോഗസ്ഥന്മാരും മറ്റ് ജീവനക്കാരും പബ്ലിക്ക് സർവന്റുമാരായിരിക്കുമെന്ന് 32

## അദ്ധ്യായം VIII

## പലവക

42. തർക്കത്തിന്റെ റഫറൻസ് 33
43. കാലഹരണം 33
44. നിലവിലുള്ള പ്രത്യേക സാമ്പത്തിക മേഖലകൾക്ക് ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ബാധകത 33
45. ഈ ആക്റ്റുപ്രകാരം ഏത് ആളിനാണ് ഒരു അറിയിപ്പ് അയച്ചു കൊടുക്കാവുന്നതെന്ന് 33
46. തിരിച്ചറിയൽ കാർഡ് 34
47. ഭരണനിർവ്വഹണത്തിന് ഉത്തരവാദപ്പെട്ട അധികാരസ്ഥാനങ്ങൾ 34
48. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്കുള്ള സംരക്ഷണം 34
49. ഈ ആക്റ്റിലെയോ പ്രത്യേക സാമ്പത്തിക മേഖലകളെ സംബന്ധിച്ചുള്ള മറ്റ് അധിനിയമങ്ങളിലെയോ വ്യവസ്ഥ വ്യത്യാസപ്പെടുത്തുന്നതിനുള്ള അംഗീകാരം 34
50. ഒഴിവാക്കൽ നൽകുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം 35
51. ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന് 35
52. ചില വ്യവസ്ഥകൾ ബാധകമല്ലെന്ന് 35
53. പ്രത്യേക സാമ്പത്തിക മേഖലകൾ ചില സംഗതികളിൽ തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ഉൾപ്രദേശ കണ്ടെയ്നർ ഡിപ്പോകൾ, ഭൂനിലയങ്ങൾ മുതലായവ ആയിരിക്കുമെന്ന് 36
54. ഒന്നാം പട്ടികയ്ക്കുള്ള ഭേദഗതി 36
55. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം 37
56. വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം 40
57. ചില അധിനിയമങ്ങളുടെ ഭേദഗതി 40
58. ഒഴിവാക്കലുകൾ 41

## ഒന്നാം പട്ടിക

അധിനിയമങ്ങൾ 41

## രണ്ടാം പട്ടിക

1961-ലെ ആദായനികുതി ആക്റ്റിനുള്ള രൂപഭേദപ്പെടുത്തലുകൾ 42

## മൂന്നാം പട്ടിക

ചില അധിനിയമങ്ങൾക്ക് ഭേദഗതി 53

### ഭാഗം I

1938-ലെ ഇൻഷ്വറൻസ് ആക്റ്റിനുള്ള ഭേദഗതികൾ 53

### ഭാഗം II

1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിനുള്ള ഭേദഗതികൾ 54

### ഭാഗം III

1899-ലെ ഭാരതീയ സ്റ്റാമ്പ് ആക്റ്റിനുള്ള ഭേദഗതി 54

# പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റ്, 2005

(2005-ലെ 28-ാം നമ്പർ ആക്റ്റ്)

കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രത്യേക സാമ്പത്തിക മേഖലകളുടെ സ്ഥാപിക്കലിനും വികസനത്തിനും നടത്തിപ്പിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയാറാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

*ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.*

1. (1) ഈ ആക്റ്റിന് പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റ്, 2005 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കപ്പെടാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഈ ആക്റ്റിന്റെ പ്രാരംഭം എന്ന ഏതെങ്കിലും പരാമർശത്തിന്, ആ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്ന ഒരു പരാമർശമായി അർത്ഥം കല്പിക്കേണ്ടതുമാകുന്നു.

*നിർവ്വചനങ്ങൾ.*

2. ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) ഒരു പ്രത്യേക സാമ്പത്തിക മേഖലയെ സംബന്ധിച്ച് "നിശ്ചയിക്കപ്പെട്ട ദിവസം" എന്നാൽ കേന്ദ്രസർക്കാർ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, പ്രത്യേക സാമ്പത്തികമേഖല വിജ്ഞാപനം ചെയ്ത തീയതി എന്നർത്ഥമാകുന്നു ;

(ഖ) "അംഗീകാര കമ്മിറ്റി" എന്നാൽ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു അംഗീകാര കമ്മിറ്റി എന്നർത്ഥമാകുന്നു ;

(ഗ) "പ്രാധികാരം നൽകപ്പെട്ട പ്രവർത്തനങ്ങൾ" എന്നാൽ 4-ാം വകുപ്പ് (2)-ാം ഉപവകുപ്പും 15-ാം വകുപ്പ് (9)-ാം ഉപവകുപ്പും പ്രകാരം പ്രാധികാരം നൽകപ്പെടാവുന്ന പ്രവർത്തനങ്ങൾ എന്നർത്ഥമാകുന്നു;

(ഘ) "അതോറിറ്റി" എന്നാൽ 31-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു പ്രത്യേക സാമ്പത്തിക മേഖല അതോറിറ്റി എന്നർത്ഥമാകുന്നു;

(ങ) "ബോർഡ്" എന്നാൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അംഗീകാര ബോർഡ് എന്നർത്ഥമാകുന്നു ;

(ച) "കൂട്ടുപോഷകൻ" എന്നാൽ 3-ാം വകുപ്പ് (12)-ാം ഉപ വകുപ്പ് പ്രകാരം കേന്ദ്രസർക്കാർ അംഗീകാരപത്രം അനുവദിച്ചിട്ടുള്ള ഒരാളോ ഒരു സംസ്ഥാന സർക്കാരോ എന്നർത്ഥമാകുന്നു ;

(ഛ) "പോഷകൻ" എന്നാൽ 3-ാം വകുപ്പ് (10)-ാം ഉപവകുപ്പ് പ്രകാരം, കേന്ദ്രസർക്കാർ അംഗീകാരപത്രം അനുവദിച്ചിട്ടുള്ള ഒരു വ്യക്തിയോ ഒരു സംസ്ഥാന സർക്കാരോ എന്നർത്ഥമാകുന്നതും അതിൽ ഒരു അധികാരസ്ഥാനവും ഒരു കൂട്ടുപോഷകനും ഉൾപ്പെടുന്നതുമാകുന്നു ;

(ജ) "വികസനകമ്മീഷണർ" എന്നാൽ 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒന്നോ അതിലധികമോ പ്രത്യേക സാമ്പത്തിക മേഖലകൾക്കുവേണ്ടി നിയമിച്ചിട്ടുള്ള വികസനകമ്മീഷണർ എന്നർത്ഥമാകുന്നു;

(ഝ) "സ്വദേശീയ തീരുവ പ്രദേശം" എന്നാൽ ഭാരതം മുഴുവനും (പ്രാദേശിക ജലാതിർത്തിയും കോണ്ടിനെന്റൽഷെൽഫും ഉൾപ്പെടെ) എന്നർത്ഥമാകുന്നതും എന്നാൽ പ്രത്യേക സാമ്പത്തിക മേഖലകളുടെ പ്രദേശങ്ങൾ ഉൾപ്പെടാത്തതും ആകുന്നു ;

(ഞ) "സംരംഭകൻ" എന്നാൽ 15-ാം വകുപ്പ് (9)-ാം ഉപ വകുപ്പ് പ്രകാരം വികസനകമ്മീഷണറാൽ ഒരു അംഗീകാരപത്രം നൽകപ്പെട്ടിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു ;

(ട) "നിലവിലുള്ള പ്രത്യേക സാമ്പത്തിക മേഖല" എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിനോ അതിനു മുൻപോ നിലവിലുള്ള ഏതൊരു പ്രത്യേക സാമ്പത്തിക മേഖലയും എന്നർത്ഥമാകുന്നു;

(ഠ) "നിലവിലുള്ള യൂണിറ്റ്" എന്നാൽ നിലവിലുള്ള ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിനോ അതിനുമുൻപോ സ്ഥാപിച്ചിട്ടുള്ള ഏതൊരു യൂണിറ്റും എന്നർത്ഥമാകുന്നു ;

(ഡ) "കയറ്റുമതി" എന്നാൽ—

(i) പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും കരമാർഗ്ഗമോ കടൽമാർഗ്ഗമോ ആകാശമാർഗ്ഗമോ മറ്റേതെങ്കിലും മാർഗ്ഗത്താലോ ഭാരതത്തിന് പുറത്തേക്ക് ശാരീരികമായോ മറ്റേതെങ്കിലും വിധത്തിലോ സാധനങ്ങൾ കൊണ്ടുപോകുകയോ സേവനങ്ങൾ നൽകുകയോ ചെയ്യുക; അഥവാ

(ii) ഒരു യൂണിറ്റിനോ പോഷകനോ സ്വദേശീയ തീരുവ പ്രദേശത്തു നിന്നും, സാധനങ്ങൾ വിതരണം ചെയ്യുകയോ സേവനങ്ങൾ നൽകുകയോ ചെയ്യുക; അഥവാ

(iii) അതേ പ്രത്യേക സാമ്പത്തിക മേഖലയിലോ വ്യത്യസ്ത പ്രത്യേക സാമ്പത്തിക മേഖലയിലോ ഒരു യൂണിറ്റിൽ നിന്നും മറ്റൊരു യൂണിറ്റിലേക്കോ പോഷകനോ സാധനങ്ങൾ വിതരണം ചെയ്യുകയോ സേവനങ്ങൾ നൽകുകയോ ചെയ്യുക,

എന്നർത്ഥമാകുന്നു;

(ഢ) "സ്വതന്ത്ര വ്യാപാരവും പണ്ടകശാലയും മേഖല" എന്നാൽ മുഖ്യമായി വ്യാപാരവും പണ്ടകശാലയും അവയോട് അനുബന്ധമായ മറ്റ് പ്രവർത്തനങ്ങളും നടത്തുന്ന ഒരു പ്രത്യേക സാമ്പത്തിക മേഖല എന്നർത്ഥമാകുന്നു;

(ണ) "ഇറക്കുമതി" എന്നാൽ—

(i) ഭാരതത്തിന് പുറത്തുള്ള ഒരു സ്ഥലത്തുനിന്നും കരമാർഗ്ഗമോ കടൽമാർഗ്ഗമോ ആകാശമാർഗ്ഗമോ മറ്റേതെങ്കിലും മാർഗ്ഗത്താലോ ഒരു പ്രത്യേക സാമ്പത്തിക മേഖലയിലെ ഒരു യൂണിറ്റോ പോഷകനോ ശാരീരികമായോ മറ്റു വിധത്തിലോ ചരക്കുകൾ കൊണ്ടുവരികയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുക ; അഥവാ

(ii) ഒരു യൂണിറ്റോ പോഷകനോ അതേ പ്രത്യേക സാമ്പത്തിക മേഖലയുടെയോ ഒരു വ്യത്യസ്ത പ്രത്യേക സാമ്പത്തിക മേഖലയുടെയോ മറ്റൊരു യൂണിറ്റിൽ നിന്നോ പോഷകനിൽ നിന്നോ സാധനങ്ങളോ സേവനങ്ങളോ സ്വീകരിക്കുകയോ ചെയ്യുക,

എന്നർത്ഥമാകുന്നു ;

(ത) "അടിസ്ഥാന സൗകര്യങ്ങൾ" എന്നാൽ ഒരു പ്രത്യേക സാമ്പത്തിക മേഖലയുടെ വികസനത്തിനാവശ്യമായ വ്യാവസായികമോ വാണിജ്യപരമോ സാമൂഹ്യപരമോ ആയ അടിസ്ഥാന സൗകര്യമോ മറ്റ് സൗകര്യങ്ങളോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് സൗകര്യങ്ങളോ എന്നർത്ഥമാകുന്നു ;

(ഥ) "അന്താരാഷ്ട്ര ധനകാര്യസേവനകേന്ദ്രം" എന്നാൽ 18-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം കേന്ദ്രസർക്കാരിനാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു അന്താരാഷ്ട്ര ധനകാര്യസേവനകേന്ദ്രം എന്നർത്ഥമാകുന്നു ;

(ദ) "ഉൽപാദനം" എന്നാൽ ഒരു പ്രത്യേകമായ പേരോ സ്വഭാവമോ ഉപയോഗമോ ഉള്ള ഒരു പുതിയ ഉൽപന്നം കൈകൊണ്ടോ യന്ത്രത്താലോ ഉണ്ടാക്കുകയോ ഉൽപാദിപ്പിക്കുകയോ നിർമ്മിക്കുകയോ കൂട്ടിയിണക്കുകയോ സംസ്ക്കരിക്കുകയോ നിലവിൽകൊണ്ടുവരികയോ ചെയ്യുക എന്നർത്ഥമാകുന്നതും അതിൽ ശീതീകരണം, മുറിയ്ക്കൽ, മിനുക്കൽ, കൂട്ടിക്കലർത്തൽ, കേടുപാട് തീർക്കൽ, വീണ്ടും നിർമ്മിക്കൽ, പുനർരൂപകൽപന എന്നിവ പോലെയുള്ള പ്രക്രിയകൾ ഉൾപ്പെടുന്നതും കൃഷിയും ജലസസ്യങ്ങളെയോ ജലജന്തുക്കളെയോ വളർത്തലും മൃഗപരിപാലനവും പൂക്കൃഷിയും തോട്ടക്കൃഷിയും മീൻവളർത്തലും കോഴിവളർത്തലും പട്ടുനൂൽപ്പുഴു വളർത്തലും മുന്തിരി കൃഷിയും ഖനനവും ഉൾപ്പെടുന്നതുമാകുന്നു ;

(ധ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നതും "വിജ്ഞാപനം ചെയ്യുക" എന്ന പദപ്രയോഗത്തിന് അതനുസരിച്ച് അർത്ഥം കൽപിക്കേണ്ടതുമാകുന്നു ;

(ന) "വിജ്ഞാപനം ചെയ്ത കുറ്റങ്ങൾ" എന്നാൽ 21-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ അങ്ങനെയുള്ള പ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള കുറ്റങ്ങൾ എന്നർത്ഥമാകുന്നു;

(പ) "ഓഫ് ഷോർ ബാങ്കിംഗ് യൂണിറ്റ്" എന്നാൽ ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥാപിച്ചിട്ടുള്ളതും 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്റ്റി (1949-ലെ 10)-ലെ 23-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം അനുവാദം ലഭിച്ചിട്ടുള്ളതുമായ ഒരു ബാങ്കിന്റെ ശാഖ എന്നർത്ഥമാകുന്നു;

(ഫ) "ആൾ" എന്നാൽ ഭാരതത്തിലോ ഭാരതത്തിന് പുറത്തോ താമസക്കാരനായിരിക്കുന്ന ഒരു വ്യക്തിയോ ഒരു ഹിന്ദു അവിഭക്ത കുടുംബമോ

സഹകരണ സംഘമോ ഭാരതത്തിന് അകത്തോ ഭാരതത്തിന് പുറത്തോ ഏകാംഗീകൃതമായ ഒരു കമ്പനിയോ ഒരു ഫേമോ ഉടമസ്ഥതയുള്ള സ്ഥാപനമോ വ്യക്തികളുടെ ഒരു സമാജമോ ഏകാംഗീകൃതമായതോ അല്ലാത്തതോ ആയ വ്യക്തികളുടെ നികായമോ തദ്ദേശാധികാരസ്ഥാനമോ കൂടാതെ അങ്ങനെയുള്ള വ്യക്തിയുടെയോ ഹിന്ദു അവിഭക്ത കുടുംബത്തിന്റെയോ സഹകരണ സംഘത്തിന്റെയോ സമാജത്തിന്റെയോ നികായത്തിന്റെയോ അധികാരസ്ഥാനത്തിന്റെയോ കമ്പനിയുടെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും ഏജൻസിയോ ആഫീസോ ശാഖയോ ഉൾപ്പെടുന്നതുമാകുന്നു;

(ബ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ കേന്ദ്രസർക്കാർ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ഭ) "റിസർവ്വ് ബാങ്ക്" എന്നാൽ 1934-ലെ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ ആക്റ്റിലെ (1934-ലെ 2) 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഭാരതീയ റിസർവ്വ് ബാങ്ക് എന്നർത്ഥമാകുന്നു ;

(മ) "പട്ടിക" എന്നാൽ ഈ ആക്റ്റിലെ പട്ടികകൾ എന്നർത്ഥമാകുന്നു ;

(യ) "സേവനങ്ങൾ" എന്നാൽ,—

(i) ലോക വ്യാപാര സംഘടന സ്ഥാപിച്ചുകൊണ്ടുള്ള 1994 ഏപ്രിൽ 15-ാം തീയതി മാരകേശിൽ തീരുമാനിച്ച കരാറി നോട് 1ഖ യായി കൂട്ടിച്ചേർത്തിട്ടുള്ള സേവനങ്ങളിലെ വ്യാപാരത്തെക്കുറിച്ചുള്ള പൊതുകരാറിൻകീഴിൽ ഉൾപ്പെട്ടതും ;

(ii) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്നതും ;

(iii) വിദേശ വിനിമയം ആർജ്ജിക്കുന്നതും,

ആയ അങ്ങനെയുള്ള വ്യാപാരം നടത്താവുന്ന സേവനങ്ങൾ എന്നർത്ഥമാകുന്നു ;

(യക) "പ്രത്യേക സാമ്പത്തിക മേഖല" എന്നാൽ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ പരിമിതിവ്യവസ്ഥയും 4-ാം വകുപ്പ് (1)-ാം ഉപവകുപ്പും പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ഓരോ പ്രത്യേക സാമ്പത്തിക മേഖലയും (സ്വതന്ത്രവ്യാപാരവും പണ്ടകശാലയും മേഖല ഉൾപ്പെടെ) എന്നർത്ഥമാകുന്നതും അതിൽ നിലവിലുള്ള ഒരു പ്രത്യേക സാമ്പത്തിക മേഖല ഉൾപ്പെടുന്നതുമാകുന്നു;

(യഖ) "സംസ്ഥാന സർക്കാർ" എന്നാൽ ഒരു പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിച്ചിട്ടുള്ളതോ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നതോ ആയ സംസ്ഥാനത്തെ ഒരു സംസ്ഥാനസർക്കാർ എന്നർത്ഥമാകുന്നു;

(യഗ) "യൂണിറ്റ്" എന്നാൽ ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ ഒരു സംരംഭകൻ സ്ഥാപിച്ച ഒരു യൂണിറ്റ് എന്നർത്ഥമാകുന്നതും ഒരു നിലവിലുള്ള യൂണിറ്റും ഒരു ഓഫ്ഷോർ ബാങ്കിംഗ് യൂണിറ്റും ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് സ്ഥാപിക്കപ്പെട്ടതോ ശേഷം സ്ഥാപിക്കപ്പെട്ടതോ ആയ ഒരു അന്താരാഷ്ട്ര സാമ്പത്തിക സേവനകേന്ദ്രത്തിലുള്ള ഒരു യൂണിറ്റും ഉൾപ്പെടുന്നതുമാകുന്നു.

(യഘ) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും, എന്നാൽ 1944-ലെ സെൻട്രൽ എക്സൈസ് ആക്റ്റ് (1944-ലെ 1), 1951-ലെ ഇൻഡസ്ട്രീസ് (ഡെവലപ്പ്മെന്റ് ആന്റ് റഗുലേഷൻ) ആകറ്റ് (1951-ലെ 65), 1961-ലെ ഇൻകംടാക്സ് ആക്റ്റ് (1961-ലെ 43), 1962-ലെ കസ്റ്റംസ് ആക്റ്റ് (1962-ലെ 52), 1992-ലെ ദി ഫോറിൻട്രേഡ് (ഡെവലപ്പ്മെന്റ് ആൻറ് റഗുലേഷൻ) ആക്റ്റ് (1992-ലെ 22) എന്നിവയിൽ നിർവ്വചിച്ചിട്ടുള്ളതുമായ മറ്റെല്ലാ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും യഥാക്രമം ആ ആക്റ്റുകളിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

അദ്ധ്യായം II

## പ്രത്യേക സാമ്പത്തികമേഖലയുടെ സ്ഥാപനം

3. (1) ചരക്കുകൾ ഉൽപാദിപ്പിക്കുന്നതിനോ സേവനങ്ങൾ നൽകുന്നതിനോ രണ്ടിനുംകൂടി വേണ്ടിയോ കേന്ദ്രസർക്കാരിനോ സംസ്ഥാന സർക്കാരിനോ ഏതെങ്കിലും ആളിനോ കൂട്ടായോ വെവ്വേറെയോ അഥവാ ഒരു സ്വതന്ത്ര വ്യാപാരവും പണ്ടകശാലയും മേഖലയായോ ഈ ആക്റ്റിൻകീഴിൽ ഒരു പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കാവുന്നതാണ്. പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കുന്നതിനുള്ള നടപടിക്രമം.

(2) ഒരു പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന ഏതൊരാളിനും സ്ഥലം നിർണ്ണയിച്ചതിന് ശേഷം പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കുന്ന ആവശ്യത്തിലേക്കായി ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന് ഒരു നിർദ്ദേശം സമർപ്പിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു പ്രത്യേക സാമ്പത്തികമേഖല സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന ഏതൊരാളിനും അയാളുടെ ഇഷ്ടാനുസരണം സ്ഥലം നിർണ്ണയിച്ചതിനു ശേഷം പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കുന്ന ആവശ്യത്തിലേക്ക് ബോർഡിന് നേരിട്ട് ഒരു നിർദ്ദേശം സമർപ്പിക്കാവുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പിൻകീഴിൽ ഒരാളിൽ നിന്ന് നേരിട്ട് അപ്രകാരമുള്ള ഒരു നിർദ്ദേശം ലഭിക്കുന്നിടത്ത്, ബോർഡിന് അംഗീകാരം നൽകാവുന്നതും അപ്രകാരമുള്ള അംഗീകാരം ലഭിച്ചതിനുശേഷം നിർണ്ണയിക്കപ്പെടാവുന്ന കാലാവധിക്കുള്ളിൽ ബന്ധപ്പെട്ട ആൾ സംസ്ഥാന സർക്കാരിന്റെ സമ്മതം വാങ്ങേണ്ടതുമാകുന്നു.

(4) ഒരു പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കുന്നതിന് ഒരു സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്ന സംഗതിയിൽ, സ്ഥലം നിർണ്ണയിച്ചതിനു ശേഷം അതിന്, പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കുന്ന ആവശ്യത്തിലേക്ക് ബോർഡിന് നേരിട്ട് നിർദ്ദേശം സമർപ്പിക്കാവുന്നതാണ്:

എന്നാൽ കേന്ദ്രസർക്കാരിന്,—

(ക) ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനോട് ആലോചിച്ചതിനു ശേഷവും;

(ഖ) ബോർഡിലേക്ക് പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം റഫർ ചെയ്യാതെയും;

(ഗ) സ്ഥലം നിർണ്ണയിച്ചതിനുശേഷവും,

സ്വമേധയാ പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കാവുന്നതും വിജ്ഞാപനം ചെയ്യാവുന്നതുമാണ്.

(5) (2) മുതൽ (4) വരെയുള്ള ഉപവകുപ്പുകൾ പ്രകാരമുള്ള ഓരോ നിർദ്ദേശവും അങ്ങനെയുള്ള ഫാറത്തിലും രീതിയിലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും സമർപ്പിക്കേണ്ടതാണ്.

(6) സംസ്ഥാന സർക്കാരിന് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നിർദ്ദേശം ലഭിക്കുന്നതിൻമേൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിക്കുള്ളിൽ ആയത് അതിന്റെ ശുപാർശകളോടൊപ്പം ബോർഡിന് അയച്ചുകൊടുക്കാവുന്നതാണ്.

(7) (8)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് ഭംഗം വരാതെ, (2) മുതൽ (4) വരെയുള്ള ഉപവകുപ്പുകൾ പ്രകാരമുള്ള നിർദ്ദേശം ലഭിച്ചതിനുശേഷം, ബോർഡിന് അതിന് ചുമത്തുവാൻ യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിർദ്ദേശം അംഗീകരിക്കുകയോ നിർദ്ദേശം വ്യത്യാസപ്പെടുത്തുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(8) ഒരു പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കുന്നതിനായി കേന്ദ്രസർക്കാരിന് താഴെപ്പറയുന്ന ആവശ്യകതകൾ നിർണ്ണയിക്കാവുന്നതാണ്, അതായത്:—

(ക) ഭൂമിയുടെ ഏറ്റവും കുറഞ്ഞ വിസ്തീർണ്ണവും മറ്റെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണ് ബോർഡ് (2) മുതൽ (4) വരെയുള്ള ഉപവകുപ്പുകളിൻകീഴിൽ അതിന് ലഭിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശം അംഗീകരിക്കുകയോ വ്യത്യാസപ്പെടുത്തുകയോ നിരസിക്കുകയോ ചെയ്യേണ്ടതെന്നും; കൂടാതെ

(ഖ) ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണ് പോഷകൻ പ്രാധികാരപ്പെടുത്തപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതെന്നും അയാളുടെ കടമകളും അവകാശങ്ങളും:

എന്നാൽ (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഭൂമിയുടെ ഏറ്റവും കുറഞ്ഞ വിസ്തീർണ്ണവും മറ്റ് നിബന്ധനകളും ഉപാധികളും വ്യത്യസ്തമായി പ്രത്യേക സാമ്പത്തിക മേഖലകളുടെ ഒരു വിഭാഗത്തിനായോ വിഭാഗങ്ങൾക്കായോ കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്നതാണ്.

(9) ബോർഡ്,—

(ക) (2) മുതൽ (4) വരെയുള്ള ഉപവകുപ്പുകളിൻകീഴിൽ ലഭിച്ച നിർദ്ദേശങ്ങൾ യാതൊരു വ്യത്യാസപ്പെടുത്തലുകളുമില്ലാതെ അംഗീകരിക്കുകയാണെങ്കിൽ ആയത് അത് കേന്ദ്രസർക്കാരിനെ അറിയിക്കേണ്ടതാണ്;

(ഖ) (2) മുതൽ (4) വരെയുള്ള ഉപവകുപ്പുകളിൻകീഴിൽ ലഭിച്ച നിർദ്ദേശങ്ങൾ വ്യത്യാസപ്പെടുത്തലുകളോടുകൂടി അംഗീകരിക്കുകയാണെങ്കിൽ അങ്ങനെയുള്ള വ്യത്യാസപ്പെടുത്തലുകൾ അത് ആളിനെയോ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനെയോ അറിയിച്ചിരിക്കേണ്ടതും അങ്ങനെയുള്ള ആളോ സംസ്ഥാന സർക്കാരോ അങ്ങനെയുള്ള വ്യത്യാസപ്പെടുത്തലുകൾ അംഗീകരിക്കുന്നുവെങ്കിൽ ആ അംഗീകാരം ബോർഡ് കേന്ദ്രസർക്കാരിനെ അറിയിക്കേണ്ടതുമാണ്;

(ഗ) (2) മുതൽ (4) വരെയുള്ള ഉപവകുപ്പുകളിൻകീഴിൽ ലഭിച്ച നിർദ്ദേശം നിരസിക്കുകയാണെങ്കിൽ അത് അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തേണ്ടതും നിരസിക്കൽ കേന്ദ്രസർക്കാരിനെ അറിയിക്കേണ്ടതും കേന്ദ്രസർക്കാർ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനെയോ ആളിനെയോ അറിയിക്കേണ്ടതുമാണ്.

(10) (9)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരമോ (ഖ) ഖണ്ഡപ്രകാരമോ ഉള്ള അറിയിപ്പ് ലഭിക്കുന്നതിൻമേൽ കേന്ദ്രസർക്കാർ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിൽ ബോർഡിനാൽ അംഗീകരിക്കപ്പെടാവുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലും ബാദ്ധ്യതകളിൻമേലും അവകാശങ്ങളിൻമേലും ഒരു അംഗീകാരപത്രം ബന്ധപ്പെട്ട ആളോ സംസ്ഥാനസർക്കാരോ ആയ പോഷകന് നൽകേണ്ടതാണ്:

എന്നാൽ ഒരു പ്രത്യേക സാമ്പത്തികമേഖല സ്ഥാപിക്കുന്നതിനായി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഏറ്റവും കുറഞ്ഞ വിസ്തീർണ്ണമുള്ള സമീപവർത്തിയായ ഭൂമി ഒരു പോഷകന് അയാളുടെ കൈവശത്തിലില്ലാത്ത സംഗതികളിൽ ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ ഒന്നിലധികം പോഷകരെ, ബോർഡിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ, കേന്ദ്രസർക്കാരിന് അംഗീകരിക്കാവുന്നതും അങ്ങനെയുള്ള സംഗതികളിൽ ഓരോ പോഷകനെയും അയാളുടെ കൈവശത്തിലിരിക്കുന്ന ഭൂമി സംബന്ധിച്ച് ഒരു പോഷകനായി പരിഗണിക്കേണ്ടതുമാണ്.

(11) (2) മുതൽ (4) വരെയുള്ള ഉപവകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള നിർണ്ണയിക്കപ്പെട്ട സ്ഥലത്ത് ഏതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുകയോ ഏതെങ്കിലും പ്രാധികാരപ്പെടുത്തപ്പെട്ട പ്രവൃത്തി ഏറ്റെടുക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആളോ ഒരു സംസ്ഥാനസർക്കാരോ (10)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പോഷകനുമായി ഒരു കരാറിൽ ഏർപ്പെട്ടശേഷം ബോർഡിന് അതിന്റെ അംഗീകാരത്തിനായി ആയതിനുള്ള ഒരു നിർദ്ദേശം സമർപ്പിക്കാവുന്നതും (5)-ാം ഉപവകുപ്പിലെയും (7) മുതൽ (10) വരെയുള്ള ഉപവകുപ്പുകളിലെയും വ്യവസ്ഥകൾ കഴിയുന്നിടത്തോളം അങ്ങനെയുള്ള ആളോ സംസ്ഥാന സർക്കാരോ സമർപ്പിച്ച പ്രസ്തുത നിർദ്ദേശത്തിന് ബാധകമാകുന്നതുമാണ്.

(12) (11)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ആരുടെ നിർദ്ദേശമാണ് ബോർഡിനാൽ അംഗീകരിക്കപ്പെടുകയും ആർക്കാണ് അല്ലെങ്കിൽ ഏതിനാണ് കേന്ദ്രസർക്കാരിനാൽ അംഗീകാരപത്രം നൽകപ്പെടുകയും ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ഓരോ ആളിനെയോ സംസ്ഥാന സർക്കാരിനെയോ പ്രത്യേക സാമ്പത്തിക മേഖലയിലെ ഒരു കൂട്ടുപോഷകനായി പരിഗണിക്കപ്പെടേണ്ടതാണ്.

(13) ഈ വകുപ്പിലെയും ഒരു പോഷകന് നൽകിയിട്ടുള്ള അംഗീകാര പത്രത്തിലെയും വ്യവസ്ഥകൾക്ക് വിധേയമായി, പോഷകന് അംഗീകൃത യൂണിറ്റുകൾക്ക് അയാൾ അങ്ങനെയുള്ള യൂണിറ്റുകളുടെ സംരംഭകരുമായി ഏർപ്പെട്ടിട്ടുള്ള കരാറനുസരിച്ച് സ്ഥലമോ നിർമ്മിതപ്രദേശമോ നീക്കിവയ്ക്കുകയോ അടിസ്ഥാനസൗകര്യസേവനങ്ങൾ നൽകുകയോ ചെയ്യേണ്ടതാണ്.

*പ്രത്യേക സാമ്പത്തിക മേഖലയുടെ സ്ഥാപനവും അത് പ്രവർത്തിപ്പിക്കുന്നതിന് പോഷകനുള്ള അംഗീകാരം നൽകലും പ്രാധികാരപ്പെടുത്തലും.*

4. (1) 3-ാം വകുപ്പ് (10)-ാം ഉപവകുപ്പ് പ്രകാരം അംഗീകാരപത്രം അനുവദിച്ചതിനുശേഷം പോഷകൻ ആ വകുപ്പിന്റെ (2) മുതൽ (4) വരെയുള്ള ഉപവകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള നിർണ്ണയിക്കപ്പെട്ട സ്ഥലത്തിന്റെ കൃത്യമായ വിവരങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ടതും അതിന്മേൽ, ആ സർക്കാരിന് 3-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പ് പ്രകാരമുള്ള ആവശ്യകതകളും നിർണ്ണയിക്കപ്പെടാവുന്ന മറ്റ് ആവശ്യകതകളും നിറവേറ്റിയതായി ബോദ്ധ്യപ്പെട്ടതിനുശേഷം ആ സംസ്ഥാനത്തെ പ്രത്യേകമായി നിർണ്ണയിക്കപ്പെട്ട സ്ഥലം ഒരു പ്രത്യേക സാമ്പത്തിക മേഖലയായി വിജ്ഞാപനം ചെയ്യാവുന്നതാണ്:

എന്നാൽ നിലവിലുള്ള ഒരു പ്രത്യേക സാമ്പത്തികമേഖലയെ ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് വിജ്ഞാപനം ചെയ്യപ്പെട്ടതും സ്ഥാപിക്കപ്പെട്ടതുമായി കരുതപ്പെടേണ്ടതും ഈ ആക്റ്റിലെ വ്യവസ്ഥകൾ കഴിയുന്നിടത്തോളം അങ്ങനെയുള്ള മേഖലയ്ക്ക് അതനുസരിച്ച് ബാധകമാക്കേണ്ടതുമാണ്:

എന്നുമാത്രമല്ല കേന്ദ്രസർക്കാരിന്, പ്രത്യേക സാമ്പത്തികമേഖല വിജ്ഞാപനം ചെയ്തതിനുശേഷം, അതിനു യുക്തമെന്നു തോന്നുന്നുവെങ്കിൽ ആ പ്രത്യേക സാമ്പത്തികമേഖലയുടെ ഒരു ഭാഗമായി ഉൾപ്പെടുത്തേണ്ട ഏതെങ്കിലും കൂടുതൽ സ്ഥലത്തെ പിന്നീട് വിജ്ഞാപനം ചെയ്യാവുന്നതാണ്.

(2) നിശ്ചയിക്കപ്പെട്ട ദിവസത്തിന് ശേഷം ബോർഡിന് കേന്ദ്രസർക്കാർ പ്രാധികാരം നല്കുന്ന അങ്ങനെയുള്ള പ്രവർത്തനങ്ങൾ ഒരു പ്രത്യേക സാമ്പത്തികമേഖലയിൽ ഏറ്റെടുക്കുന്നതിന് പോഷകനെ അധികാരപ്പെടുത്താവുന്നതാണ്.

*പ്രത്യേക സാമ്പത്തിക മേഖല വിജ്ഞാപനം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.*

5. കേന്ദ്രസർക്കാർ ഏതെങ്കിലും സ്ഥലത്തെ പ്രത്യേക സാമ്പത്തിക മേഖലയായോ അല്ലെങ്കിൽ പ്രത്യേക സാമ്പത്തികമേഖലയിൽ ഉൾപ്പെടുത്തേണ്ട കൂടുതൽ സ്ഥലത്തെയോ വിജ്ഞാപനം ചെയ്യുമ്പോഴും ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോഴും, താഴെ പറയുന്നവയാൽ വഴികാട്ടപ്പെടേണ്ടതാണ്, അതായത്:—

(ക) അധിക സാമ്പത്തിക പ്രവർത്തനം സൃഷ്ടിക്കൽ;

(ഖ) ചരക്കുകളുടെയും സേവനങ്ങളുടെയും കയറ്റുമതികൾ പ്രോത്സാഹിപ്പിക്കൽ;

(ഗ) സ്വദേശീയവും വിദേശീയവുമായ സ്രോതസ്സുകളിൽനിന്നും നിക്ഷേപം പ്രോത്സാഹിപ്പിക്കൽ;

(ഘ) തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ;

(ങ) അടിസ്ഥാന സൗകര്യങ്ങളുടെ വികസനം; കൂടാതെ

(ച) ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും ഭാരതത്തിന്റെ സുരക്ഷയും വിദേശരാഷ്ട്രങ്ങളുമായുള്ള സുഹൃത്ബന്ധങ്ങളും നിലനിർത്തൽ.

*പ്രോസസിംഗിനുള്ളതും പ്രോസസിംഗിനുള്ളതല്ലാത്തതുമായ പ്രദേശങ്ങൾ.*

6. പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ളിൽ വരുന്ന പ്രദേശങ്ങളെ കേന്ദ്രസർക്കാരിനോ അത് വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിനോ—

(ക) ചരക്കുകൾ ഉൽപാദിപ്പിക്കുന്നതോ സേവനങ്ങൾ നൽകുന്നതോ ആയ പ്രവർത്തനങ്ങൾ നടത്തുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോസസിംഗിനുള്ള പ്രദേശമായോ;

(ഖ) വ്യാപാരം നടത്തുന്നതിനോ പണ്ടകശാലയ്ക്കുള്ള ആവശ്യങ്ങൾക്കോ മാത്രമായുള്ള പ്രദേശമായോ;

(ഗ) (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ വിനിർദ്ദേശിച്ചിട്ടുള്ളവയല്ലാത്ത പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയുള്ള പ്രോസസിംഗിനുള്ളതല്ലാത്ത പ്രദേശങ്ങളായോ,

വേർതിരിക്കാവുന്നതാണ്.

*നികുതി, ഡ്യൂട്ടി, സെസ്സ് എന്നിവയിൽ നിന്നുള്ള ഒഴിവാക്കൽ.*

7. (i) ഒരു പ്രത്യേക സാമ്പത്തിക മേഖലയിലെ ഒരു യൂണിറ്റിനാലോ; അഥവാ

(ii) ഒരു പോഷകനാലോ,

സ്വദേശീയതീരുവ പ്രദേശത്തുനിന്ന് കയറ്റുമതി ചെയ്യപ്പെട്ടതോ ഇറക്കുമതി ചെയ്യപ്പെട്ടതോ നേടിയതോ ആയ ഏതെങ്കിലും ചരക്കുകളോ സേവനങ്ങളോ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, ഒന്നാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാ അധിനിയമങ്ങളും പ്രകാരമുള്ള നികുതികളോ ഡ്യൂട്ടികളോ സെസ്സോ നൽകുന്നതിൽനിന്നും ഒഴിവാക്കപ്പെടുന്നതാണ്.

അദ്ധ്യായം III

## അംഗീകാര ബോർഡിന്റെ രൂപീകരണം

8. (1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി കേന്ദ്രസർക്കാർ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ അംഗീകാര ബോർഡ് എന്ന് വിളിക്കപ്പെടാവുന്ന ഒരു ബോർഡ് വിജ്ഞാപനം വഴി രൂപീകരിക്കേണ്ടതാണ്. അംഗീകാര ബോർഡിന്റെ രൂപീകരണം.

(2) ബോർഡിൽ—

(ക) വാണിജ്യം കൈകാര്യം ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ മന്ത്രാലയത്തിലെയോ വകുപ്പിലെയോ ഭാരതസർക്കാരിന്റെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ—എക്സ് ഒഫീഷ്യോ ചെയർപേഴ്സൺ;

(ഖ) റവന്യൂ കൈകാര്യം ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ മന്ത്രാലയത്തിനെയോ വകുപ്പിനെയോ പ്രതിനിധീകരിക്കുന്നതിന് കേന്ദ്രസർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ഭാരത സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത രണ്ട് ഉദ്യോഗസ്ഥന്മാർ—എക്സ് ഒഫീഷ്യോ അംഗങ്ങൾ;

(ഗ) സാമ്പത്തിക കാര്യങ്ങൾ (ധനകാര്യ സേവനങ്ങൾ) കൈകാര്യം ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ മന്ത്രാലയത്തെയോ വകുപ്പിനെയോ പ്രതിനിധീകരിക്കുന്നതിന് കേന്ദ്രസർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ഭാരത സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ—എക്സ് ഒഫീഷ്യോ അംഗം;

(ഘ) വാണിജ്യം, വ്യാവസായികനയവും പ്രോത്സാഹനവും, ശാസ്ത്രവും സാങ്കേതിക വിദ്യയും, ചെറുകിട വ്യവസായങ്ങളും കാർഷിക ഗ്രാമവ്യവസായങ്ങളും, ആഭ്യന്തരകാര്യങ്ങൾ, പ്രതിരോധം, പരിസ്ഥിതിയും വനവും, നിയമം, വിദേശ ഭാരതീയരുടെ കാര്യവും, നഗരവികസനവും കൈകാര്യം ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ മന്ത്രാലയങ്ങളെയോ വകുപ്പുകളെയോ പ്രതിനിധീകരിക്കുന്നതിന് കേന്ദ്രസർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ഭാരതസർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത പത്തിൽ കവിയാത്ത അങ്ങനെയുള്ള എണ്ണം ഉദ്യോഗസ്ഥൻമാർ—എക്സ് ഒഫീഷ്യോ അംഗങ്ങൾ;

(ങ) ബന്ധപ്പെട്ട സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരാൾ—എക്സ് ഒഫീഷ്യോ അംഗം;

(ച) വിദേശ വ്യാപാര ഡയറക്ടർ ജനറൽ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്ത ആൾ—എക്സ് ഒഫീഷ്യോ അംഗം;

(ഛ) ബന്ധപ്പെട്ട വികസന കമ്മീഷണർ—എക്സ് ഒഫീഷ്യോ അംഗം;

(ജ) കേന്ദ്ര സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടാവുന്ന 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റി (1860-ലെ 21)-ന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സംഘമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെയോ 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സംഘമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ട്രേഡിലെയോ ഒരു പ്രൊഫസർ—എക്സ് ഒഫീഷ്യോ അംഗം;

(ഝ) കേന്ദ്രസർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട വാണിജ്യം കൈകാര്യം ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ മന്ത്രാലയത്തിലോ, വകുപ്പിലോ പ്രത്യേക സാമ്പത്തിക മേഖലകൾ കൈകാര്യം ചെയ്യുന്ന ഭാരത സർക്കാരിന്റെ ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ—എക്സ് ഒഫീഷ്യോ മെമ്പർ സെക്രട്ടറി:

എന്നാൽ ഈ വകുപ്പിന്റെ (ഖ) മുതൽ (ഘ) വരെയുള്ള ഖണ്ഡങ്ങളിൻ കീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ജോയിന്റ് സെക്രട്ടറിയായ അംഗം അയാൾക്ക് ബോർഡ് യോഗത്തിൽ ഹാജരാകുന്നതിന് കഴിയാതെ വരുന്നപക്ഷം, അയാൾക്കുവേണ്ടി യോഗത്തിൽ ഹാജരാകുന്നതിനായി മറ്റേതെങ്കിലും ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താവുന്നതാണ്.

(3) ഒരു എക്സ് ഒഫീഷ്യോ അംഗത്തിന്റെ ഔദ്യോഗിക കാലാവധി ഏത് ഔദ്യോഗിക പദവിയുടെ ബലത്തിലാണോ അയാളെ അപ്രകാരം നാമനിർദ്ദേശം ചെയ്തിട്ടുള്ളത് ആ ഉദ്യോഗം അയാൾ വഹിക്കുന്നത് തീരുന്ന ഉടൻതന്നെ അവസാനിക്കുന്നതാണ്.

(4) ബോർഡിനെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യങ്ങൾക്കായി, പ്രത്യേക സാമ്പത്തിക മേഖലകളോട് ബന്ധമുള്ള പ്രവർത്തനവുമായി ബന്ധപ്പെട്ടതോ പ്രസക്തമായതോ ആയ സംഗതികളിൽ പ്രത്യേക പരിജ്ഞാനവും പ്രായോഗിക പരിചയവുമുള്ള, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള എണ്ണം ആളുകളെ അംഗങ്ങളായി കോ-ഓപ്റ്റ് ചെയ്യാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും ആളിന് ബോർഡിന്റെ ചർച്ചകളിൽ പങ്കെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും എന്നാൽ കോറത്തിനായി എണ്ണത്തിലെടുക്കാൻ പാടില്ലാത്തതും മറ്റേതെങ്കിലും ആവശ്യത്തിന് ഒരു അംഗമായിരിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ആൾക്ക് ബോർഡ് നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ബത്തകളോ ഫീസുകളോ, അതതു സംഗതിപോലെ, കൈപ്പറ്റുന്നതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

(5) ബോർഡ് അത് നിശ്ചയിക്കാവുന്ന അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും അതിന്റെ സ്വന്തം നടപടിക്രമം ക്രമീകരിക്കുന്നതിന് അതിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

(6) ബോർഡിന്റെ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് കോറം ആയിരിക്കുന്നതും ബോർഡിന്റെ എല്ലാ പ്രവൃത്തികളും ഹാജരായിട്ടുള്ള അംഗങ്ങളുടെ ഒരു പൊതു അഭിപ്രായസമന്വയത്തിലൂടെ തീരുമാനിക്കപ്പെടേണ്ടതുമാണ്.

(7) ബോർഡിന്റെ യാതൊരു പ്രവൃത്തിയും നടപടിയും കേവലം ബോർഡിൽ ഒഴിവുകൾ നിലനിൽക്കുന്നതിന്റെയോ ബോർഡിന്റെ ഘടനയിലെ ഏതെങ്കിലും ന്യൂനതയുടെയോ കാരണത്തിന്മേൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതാണ്.

(8) ബോർഡിന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ബോർഡ് നൽകുന്ന മറ്റെല്ലാ പ്രമാണങ്ങളും മെമ്പർ സെക്രട്ടറിയുടെയോ അല്ലെങ്കിൽ ഇതിലേക്കായി ബോർഡ് അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും അംഗത്തിന്റെയോ കൈയൊപ്പോടുകൂടി പ്രമാണീകരിക്കേണ്ടതാണ്.

ബോർഡിന്റെ കർത്തവ്യങ്ങളും അധികാരങ്ങളും ചുമതലകളും.

9. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബോർഡിന് പ്രത്യേക സാമ്പത്തിക മേഖലകളുടെ ക്രമപ്രകാരമുള്ള വികസനം പ്രോത്സാഹിപ്പിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും കർത്തവ്യമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ ബോർഡിന്റെ അധികാരങ്ങളിലും ചുമതലകളിലും—

(ക) പ്രത്യേക സാമ്പത്തിക മേഖലകളുടെ സ്ഥാപനത്തിനു വേണ്ടിയുള്ള നിർദ്ദേശത്തിന് അംഗീകാരം നൽകുകയോ നിരസിക്കുകയോ ചെയ്യുക അഥവാ അങ്ങനെയുള്ള നിർദ്ദേശങ്ങൾ വ്യത്യാസപ്പെടുത്തുക;

(ഖ) പ്രത്യേക സാമ്പത്തിക മേഖലയിൽ പോഷകനാൽ നടത്തേണ്ട പ്രാധികാരപ്പെടുത്തപ്പെട്ട പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുക;

(ഗ) പോഷകർക്കോ, യൂണിറ്റുകൾക്കോ (ഏതെങ്കിലും നിയമത്തിൻ കീഴിലോ കേന്ദ്ര സർക്കാരിനാലോ അംഗീകാരം നേടുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള പോഷകരും അല്ലെങ്കിൽ യൂണിറ്റുകളും ഒഴികെ) വിദേശ സഹകരണത്തിനും വിദേശത്തുനിന്നും നേരിട്ടുള്ള നിക്ഷേപങ്ങൾക്കും വേണ്ടി (ഭാരതത്തിനു പുറത്ത് താമസിക്കുന്ന ഒരാളിനാലുള്ള നിക്ഷേപങ്ങൾ ഉൾപ്പെടെ) പ്രത്യേകസാമ്പത്തിക മേഖലയിൽ അതിന്റെ വികസനത്തിനും പ്രവർത്തനത്തിനും പരിപാലനത്തിനും അംഗീകാരം നൽകുക;

(ഘ) ഒരു പ്രത്യേകസാമ്പത്തിക മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനുള്ള നിർദ്ദേശത്തിന് അംഗീകാരം നൽകുകയോ നിരസിക്കുകയോ അങ്ങനെയുള്ള നിർദ്ദേശങ്ങൾ വ്യത്യാസപ്പെടുത്തുകയോ ചെയ്യുക;

(ങ) 1951-ലെ വ്യവസായങ്ങൾ (വികസനവും നിയന്ത്രണവും) ആക്റ്റി (1951-ലെ 65)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആ ആക്റ്റിലെ 3-ാം വകുപ്പിന്റെ (ഘ) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഒരു വ്യവസായ സംരംഭത്തിന്, അങ്ങനെയുള്ള സംരംഭം ഒരു പ്രത്യേകസാമ്പത്തിക മേഖലയിൽ പൂർണ്ണമായോ അതിന്റെ ഭാഗമായോ സ്ഥാപിക്കപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ സ്ഥാപിക്കപ്പെടാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആണെങ്കിൽ ഒരു ലൈസൻസ് നൽകുക;

(ച) ഒരു പോഷകന് നൽകിയിട്ടുള്ള അംഗീകാരപത്രം സസ്പെന്റ് ചെയ്യുകയും 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ചെയ്യുക;

(ഛ) 15-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ സമർപ്പിച്ചിട്ടുള്ള അപ്പീലുകൾ തീർപ്പാക്കുക;

(ജ) 16-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ സമർപ്പിച്ചിട്ടുള്ള അപ്പീലുകൾ തീർപ്പാക്കുക;

(ഝ) കേന്ദ്രസർക്കാർ അതിന് ഏൽപ്പിച്ചുകൊടുക്കാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക,

എന്നിവ ഉൾപ്പെടുന്നതാണ്.

(3) ഈ ആക്റ്റിന്റെയോ പ്രത്യേക സാമ്പത്തികമേഖലയുമായി ബന്ധപ്പെട്ട തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിന്റെയോ ആവശ്യങ്ങൾക്കായി, അപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ, ബോർഡിന്, വിജ്ഞാപനംവഴി ഒരു പ്രത്യേക പ്രവർത്തനം 2-ാം വകുപ്പിന്റെ (ദ) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ളപ്രകാരം ഉൽപാദനമാണോ എന്ന് തീരുമാനിക്കാവുന്നതും ബോർഡിന്റെ അങ്ങനെയുള്ള തീരുമാനം കേന്ദ്രസർക്കാരിന്റെ എല്ലാ മന്ത്രാലയങ്ങളെയും വികസനങ്ങളെയും ബന്ധിക്കുന്നതായിരിക്കുന്നതുമാണ്.

(4) ബോർഡിന്റെ ചുമതലകളുടെ ഫലപ്രദവും ശരിയായ രീതിയിലുള്ളതുമായ നിർവ്വഹണത്തിനായി അതിന് ഉചിതമെന്നുതോന്നുന്ന ഒന്നോ അതിലധികമോ വികസന കമ്മീഷണർമാർക്ക് അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും ബോർഡിന് പ്രത്യായോജനം ചെയ്യാവുന്നതാണ്.

(5) ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാതെ ഈ ആക്റ്റിൻകീഴിലെ അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലോ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിലോ നയപരമായ പ്രശ്നങ്ങളിന്മേൽ കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ ലിഖിതമായി അതിന് നൽകുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ബോർഡിനെ ബന്ധിക്കുന്നതാണ്.

(6) ഒരു പ്രശ്നം നയപരമായ ഒന്നാണോ അല്ലയോ എന്ന കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

*അംഗീകാരപത്രത്തിന്റെ സസ്പെൻഷനും ചില സംഗതികളിൽ പ്രത്യേക സാമ്പത്തിക മേഖലയുടെ കൈമാറ്റവും.*

10. (1) ഏതെങ്കിലും സമയത്ത് ബോർഡിന്, ഒരു പോഷകൻ—

(ക) ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകളാലോ അവ പ്രകാരമോ ചുമതലകൾ നിർവ്വഹിക്കുന്നതിനോ അയാളിൽ ചുമത്തപ്പെട്ടിട്ടുള്ള കർത്തവ്യങ്ങൾ നിറവേറ്റുന്നതിനോ കഴിയുന്നില്ലെന്നോ;

(ഖ) ഈ ആക്റ്റിൻ കീഴിൽ ബോർഡ് നൽകുന്ന ഏതെങ്കിലും നിർദ്ദേശം അനുസരിക്കുന്നതിൽ തുടർച്ചയായി വീഴ്ചവരുത്തിയെന്നോ;

(ഗ) അംഗീകാരപത്രത്തിലെ നിബന്ധനകളും ഉപാധികളും ലംഘിച്ചുവെന്നോ; അല്ലെങ്കിൽ

(ഘ) അംഗീകാരപത്രപ്രകാരം അയാളിൽ ഭരമേല്പിച്ചിട്ടുള്ള കർത്തവ്യങ്ങളും കടമകളും പൂർണ്ണമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിന് കഴിയാതെവരുന്ന പ്രകാരത്തിലുള്ളതാണ് അയാളുടെ സാമ്പത്തിക സ്ഥിതിയെന്നോ,

അഭിപ്രായമുള്ളപക്ഷവും അത് അപ്രകാരം ചെയ്യേണ്ടത് പൊതുതാൽപര്യാർത്ഥം ആവശ്യമായിത്തീരുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്നുവെങ്കിലും ബോർഡിന് അപേക്ഷയിൻമേലോ പോഷകന്റെ സമ്മതത്തോടെയോ മറ്റുവിധത്തിലോ ലിഖിതമായി രേഖപ്പെടുത്തിയ കാരണങ്ങളിന്മേൽ പ്രത്യേകസാമ്പത്തികമേഖലയായി സ്ഥാപിക്കപ്പെട്ടിട്ടുള്ള മുഴുവനുമോ ഭാഗമോ ആയ അയാളുടെ പ്രദേശത്തിനുവേണ്ടി നൽകിയിട്ടുള്ള അംഗീകാരപത്രം ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്ക് സസ്പെന്റ് ചെയ്യാവുന്നതും അംഗീകാരപത്രത്തിലെ നിബന്ധനകളും ഉപാധികളും അനുസരിച്ച് പോഷകന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കായി ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കാവുന്നതും അതനുസരിച്ച് പ്രത്യേകസാമ്പത്തികമേഖല മാനേജ് ചെയ്യാവുന്നതുമാണ്.

(2) ഒരു അഡ്മിനിസ്ട്രേറ്ററുടെ നിയമനത്തിന്റെ അനന്തരഫലമായി (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന പോഷകന്റെ പ്രത്യേക സാമ്പത്തികമേഖലയുടെ നടത്തിപ്പ് അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(3) ബോർഡ്, അംഗീകാരപത്രം സസ്പെന്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത് ഏതെല്ലാം കാരണങ്ങളാലാണെന്ന് ലിഖിതമായി പറഞ്ഞുകൊണ്ട് മൂന്ന് മാസത്തിൽ കുറയാതെയുള്ള നോട്ടീസ് അത് പോഷകന് നൽകുകയും നിർദ്ദിഷ്ട സസ്പെൻഷനെതിരായി ആ നോട്ടീസിന്റെ കാലാവധിക്കുള്ളിൽ പോഷകൻ കാണിക്കുന്ന ഏതെങ്കിലും കാരണം പരിഗണിക്കുകയും ചെയ്യാത്തപക്ഷം (1)-ാം ഉപവകുപ്പിൻകീഴിൽ യാതൊരു അംഗീകാരപത്രവും സസ്പെന്റ് ചെയ്യുവാൻ പാടുള്ളതല്ല.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ അംഗീകാരപത്രം സസ്പെന്റ് ചെയ്യുന്നതിനുപകരം ചുമത്തുന്നതിന് അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള കൂടുതൽ നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, ബോർഡിന് അതിനെ പ്രാബല്യത്തിൽ നിലനിൽക്കുന്നതിന് അനുവദിക്കാവുന്നതും അപ്രകാരം കൂടുതലായി ചുമത്തപ്പെടുന്ന ഏതെങ്കിലും നിബന്ധനകളും ഉപാധികളും പോഷകന് ബാധകമായിരിക്കുന്നതും പോഷകൻ ആയത് അനുസരിക്കേണ്ടതും ആയതിന് അവ അംഗീകാരപത്രത്തിൽ ഉൾപ്പെട്ടിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്നതുപോലെ അതേ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതുമാണ്.

(5) ഈ വകുപ്പിൻകീഴിൽ ബോർഡ് ഒരു അംഗീകാരപത്രം സസ്പെന്റ് ചെയ്യുകയാണെങ്കിൽ അത് പോഷകന് സസ്പെൻഷനുള്ള ഒരു നോട്ടീസ് നടത്തേണ്ടതും സസ്പെൻഷൻ പ്രാബല്യത്തിൽ വരുന്ന ഒരു തീയതി നിശ്ചയിക്കേണ്ടതുമാണ്.

(6) (1)-ാം ഉപവകുപ്പിൻകീഴിലുള്ള അംഗീകാരപത്രത്തിന്റെ സസ്പെൻഷനിന്മേൽ (5)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പോഷകന്റെ പ്രത്യേകസാമ്പത്തികമേഖല, (2)-ാം ഉപവകുപ്പിൻകീഴിൽ അഡ്മിനിസ്ട്രേറ്ററിൽ, ഒരു വർഷത്തിൽ കവിയാതെയുള്ളതോ അങ്ങനെയുള്ള പ്രത്യേക സാമ്പത്തിക മേഖലയ്ക്കുവേണ്ടിയുള്ള അംഗീകാരപത്രം കൈമാറ്റം ചെയ്യുന്ന തീയതി വരെയോ, ഏതാണോ നേരത്തെ, ആ കാലത്തേക്ക്, അതതു സംഗതിപോലെ, (7)-ഉം (9)-ഉം ഉപവകുപ്പുകളിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി നിക്ഷിപ്തമായിരിക്കുന്നതാണ്.

(7) (5)-ാം ഉപവകുപ്പിൻകീഴിൽ അംഗീകാരപത്രത്തിന്റെ സസ്പെൻഷനുള്ള നോട്ടീസ്, ബോർഡ് കൊടുത്തിട്ടുള്ളിടത്ത്, പോഷകന്, ബോർഡിന്റെ മുൻകൂട്ടിയുള്ള അനുമതിക്കുശേഷം, അങ്ങനെയുള്ള അനുമതി നൽകുന്നതിന് അർഹനെന്ന് ബോർഡ് കണ്ടെത്തിയിട്ടുള്ള ഏതെങ്കിലും ആളിന്, അയാളുടെ അംഗീകാരപത്രം കൈമാറ്റം ചെയ്യാവുന്നതാണ്.

(8) ഏതെങ്കിലും സമയത്ത് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കപ്പെട്ടുവെന്നോ ഏതെങ്കിലും കാരണത്താൽ നിയമന ഉത്തരവ് പ്രാബല്യത്തിലിരിക്കുന്നത് അഭികാമ്യമല്ലെന്നോ ബോർഡിന് തോന്നുന്നപക്ഷം, ബോർഡിന്, ആ ഉത്തരവ് റദ്ദുചെയ്യാവുന്നതും അതിൻമേൽ ബോർഡിനാൽ മറ്റുവിധത്തിൽ നിർദ്ദേശിക്കപ്പെടാത്തപക്ഷം പ്രത്യേക സാമ്പത്തിക മേഖലയുടെ ഭരണ

നിർവ്വഹണത്തിൽനിന്നും അഡ്മിനിസ്ട്രേറ്ററെ നീക്കം ചെയ്യാവുന്നതും അഡ്മിനിസ്ട്രേറ്ററുടെ നിയമനത്തീയതിക്ക് തൊട്ടുമുമ്പ് അത് ആരിലാണോ നിക്ഷിപ്തമായിരുന്നത്, പോഷകനായിട്ടുള്ള ആ ആളിൽ അത് വീണ്ടും നിക്ഷിപ്തമാകുന്നതുമാണ്.

(9) ഈ വകുപ്പുപ്രകാരം ബോർഡ് ഏതെങ്കിലും പോഷകനെ സംബന്ധിച്ച അംഗീകാരപത്രം സസ്പെന്റ് ചെയ്യുന്നിടത്ത് താഴെ പറയുന്ന വ്യവസ്ഥകൾ ബാധകമാകുന്നതാണ്, അതായത്:—

(ക) ആരുടെ അംഗീകാരപത്രമാണോ സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ളത് ആ പോഷകന്റെ അംഗീകാരപത്രം കൈമാറ്റം ചെയ്യുന്നതിലേക്കായി ബോർഡ്, അപേക്ഷകൾ ക്ഷണിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമമനുസരിച്ച് പ്രത്യേക സാമ്പത്തിക മേഖലയിലെ പോഷകന് അംഗീകാരപത്രം കൈമാറ്റം ചെയ്യുന്നതിനായി ആളിനെയോ ആളുകളെയോ തെരഞ്ഞെടുക്കേണ്ടതുമാണ്.;

(ഖ) (ക) ഉപഖണ്ഡത്തിൻകീഴിൽ ആളിനെയോ ആളുകളെയോ തെരഞ്ഞെടുക്കുന്നതിൻമേൽ അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ആളിനോ ആളുകൾക്കോ ഒരു പ്രത്യേകസാമ്പത്തികമേഖലയിലെ അയാളുടെ അംഗീകാരപത്രം കൈമാറ്റം ചെയ്യുവാൻ പോഷകനോട് രേഖാമൂലമായ നോട്ടീസ് പ്രകാരം ബോർഡിന് ആവശ്യപ്പെടാവുന്നതും അതിൻമേൽ പ്രത്യേകസാമ്പത്തികമേഖലയിലുള്ള അയാളുടെ അവകാശബന്ധങ്ങളും അവകാശങ്ങളും ബാദ്ധ്യതകളും അങ്ങനെയുള്ള നിബന്ധനകളിന്മേലും ഉപാധികളിന്മേലും പോഷകനും കൈമാറ്റം വാങ്ങുന്ന ആളും തമ്മിൽ സമ്മതിച്ചപ്രകാരമുള്ള പ്രതിഫലത്തിന്മേലും ബോർഡിനാൽ തെരഞ്ഞെടുക്കപ്പെട്ടവരിൽ ഏതെങ്കിലും ആളിന് (ഈ വകുപ്പിൽ ഇതിനുശേഷം "കൈമാറ്റം വാങ്ങുന്ന ആൾ" എന്ന് പരാമർശിച്ചിരിക്കുന്നു) പോഷകൻ കൈമാറ്റം ചെയ്യേണ്ടതാണ്;

(ഗ) അംഗീകാരപത്രം സസ്പെന്റ് ചെയ്യുന്ന തീയതിലോ അതുമുതൽക്കോ അല്ലെങ്കിൽ കൈമാറ്റം വാങ്ങുന്ന ആൾക്ക് പ്രത്യേക സാമ്പത്തിക മേഖലയിലെ പോഷകന്റെ അംഗീകാരപത്രം കൈമാറ്റം ചെയ്യുന്ന തീയതി അതിനുമുമ്പാണെങ്കിൽ ആ തീയതിയിലോ അതുമുതൽക്കോ, ആ തീയതിക്കുമുമ്പ് ഉണ്ടായിട്ടുള്ള ഏതെങ്കിലും ബാദ്ധ്യതകളൊഴികെ പോഷകന്റെ എല്ലാ അവകാശങ്ങളും കർത്തവ്യങ്ങളും കടപ്പാടുകളും ബാദ്ധ്യതകളും പൂർണ്ണമായി ഇല്ലാതാകുന്നതാണ്;

(ഘ) പ്രത്യേക സാമ്പത്തിക മേഖലയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉചിതമെന്ന് കരുതാവുന്ന അങ്ങനെയുള്ള ഇടക്കാല ഏർപ്പാടുകൾ ബോർഡിന് നടത്താവുന്നതാണ്;

(ങ) അഡ്മിനിസ്ട്രേറ്റർ, ബോർഡ് നിർദ്ദേശിക്കാവുന്നതായ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിറവേറ്റുകയും ചെയ്യേണ്ടതാണ്.

(10) ബോർഡിന് കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനോ യൂണിറ്റുകളുടെ താൽപര്യം സംരക്ഷിക്കുന്നതിനോ പൊതുതാൽപര്യാർത്ഥമോ പ്രത്യേക സാമ്പത്തിക മേഖലയുടെ പ്രവർത്തനത്തിന് ആവശ്യമെന്ന് അത് കരുതുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകുകയോ അങ്ങനെയുള്ള പദ്ധതി ആവിഷ്കരിക്കുകയോ ചെയ്യാവുന്നതാണ്.

## അദ്ധ്യായം IV

## വികസന കമ്മീഷണർ

11. (1) കേന്ദ്രസർക്കാരിന്, ഒന്നോ അതിലധികമോ പ്രത്യേക സാമ്പത്തിക മേഖലകളുടെ വികസനകമ്മീഷണറായി ഭാരത സർക്കാരിന്റെ ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത അതിന്റെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്. *വികസന കമ്മീഷണർ.*

(2) കേന്ദ്രസർക്കാരിന്, അതിന് യുക്തമെന്നു കരുതുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും ഈ ആക്റ്റിൻ കീഴിൽ ഒരു പോഷകനാൽ (കേന്ദ്രസർക്കാരല്ലാത്ത) സ്ഥാപിക്കപ്പെട്ടിട്ടുള്ള പ്രത്യേക സാമ്പത്തികമേഖലകളിൽ വികസന കമ്മീഷണറുടെ ചുമതലകളുടെ നിർവ്വഹണത്തിന് അദ്ദേഹത്തെ സഹായിക്കുന്നതിനായി അത് ആവശ്യമെന്നു കരുതുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും മറ്റു ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(3) ഓരോ വികസന കമ്മീഷണർക്കും ഉദ്യോഗസ്ഥനും മറ്റു ജീവനക്കാരനും, കേന്ദ്രസർക്കാരിനാൽ കാലാകാലങ്ങളിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അവധിയും പെൻഷനും പ്രോവിഡന്റ് ഫണ്ടും മറ്റു സംഗതികളും സംബന്ധിച്ച അങ്ങനെയുള്ള നിബന്ധനകൾക്കും സേവനോപാധികൾക്കും വിധേയമായി, അങ്ങനെയുള്ള ശമ്പളത്തിനും ബത്തകൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

12. (1) ഓരോ വികസനകമ്മീഷണറും പ്രത്യേക സാമ്പത്തിക മേഖലയുടെ സത്വരമായ വികസനവും അവിടെനിന്നുള്ള കയറ്റുമതിയുടെ പ്രോത്സാഹനവും ഉറപ്പുവരുത്തുന്നതിനായി ഈ ആക്റ്റിൻകീഴിലുള്ള അയാളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്. *വികസന കമ്മീഷണറുടെ ചുമതലകൾ.*

(2) മുൻപറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, വികസന കമ്മീഷണർ,—

(ക) പ്രത്യേക സാമ്പത്തിക മേഖലയിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സംരംഭകർക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും;

(ഖ) പ്രത്യേക സാമ്പത്തിക മേഖലയിൽനിന്നും കയറ്റുമതി ഫലപ്രദമായി പ്രോൽസാഹിപ്പിക്കുന്നതിന് അനുയോജ്യമായ നടപടികൾ ഉറപ്പ് വരുത്തുകയും എടുക്കുകയും ചെയ്യുകയും;

(ഗ) (ക) യും (ഖ) യും ഖണ്ഡങ്ങൾ സംബന്ധിച്ചോ അവയുടെ ആവശ്യങ്ങൾക്കായോ കേന്ദ്രസർക്കാരുമായോ ബന്ധപ്പെട്ട സംസ്ഥാന സർക്കാർ വകുപ്പുകളുമായോ ഏജൻസികളുമായോ ശരിയായ ഏകോപനം ഉറപ്പുവരുത്തുകയും;

(ഘ) ഒരു പ്രത്യേക സാമ്പത്തികമേഖലയിലെ പോഷകന്റെയും യൂണിറ്റുകളുടെയും പ്രവർത്തനരീതി നിരീക്ഷിക്കുകയും;

(ങ) ഈ ആക്റ്റിന്റെയോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന്റെയോ കീഴിൽ കേന്ദ്രസർക്കാരിനാൽ അയാളെ ഭരമേൽപ്പിക്കാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുകയും;

(ച) ബോർഡിനാൽ അയാൾക്ക് പ്രത്യായോജനം ചെയ്യപ്പെടാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുകയും,

ചെയ്യേണ്ടതാണ്.

(3) ഓരോ വികസന കമ്മീഷണർക്കും പ്രത്യേക സാമ്പത്തിക മേഖലയുടെ മൊത്തത്തിലുള്ള ചാർജ്ജ് ഉണ്ടായിരിക്കുന്നതും ഈ ആക്റ്റിൻ കീഴിലുള്ള ചുമതലകളിൽ ഏതെങ്കിലും നിർവ്വഹിക്കുന്നതിന് 11-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും (അങ്ങനെയുള്ള പ്രത്യേക സാമ്പത്തിക മേഖലയിലേക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെ) മേൽ ഭരണപരമായ നിയന്ത്രണവും മേൽനോട്ടവും അയാൾ വഹിക്കേണ്ടതു മാണ്.

(4) (1) മുതൽ (3) വരെയുള്ള ഉപവകുപ്പുകളുടെ വ്യവസ്ഥകൾക്ക് ഭംഗംവരാതെ ഓരോ വികസനകമ്മീഷണറും, അതതു സംഗതിപോലെ, കേന്ദ്രസർക്കാരിന്റെയോ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെയോ, പൊതുവായതോ അല്ലെങ്കിൽ പ്രത്യേകമായതോ ആയ ഉത്തരവുവഴി അദ്ദേഹത്തിന് പ്രത്യായോജനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്.

(5) ഓരോ വികസന കമ്മീഷണർക്കും, അതത് സംഗതിപോലെ, പോഷകന്റെയോ യൂണിറ്റിന്റെയോ പ്രവർത്തനം നിരീക്ഷിക്കുന്നതിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള വിവരം കാലാകാലങ്ങളിൽ ഒരു പോഷകനിൽനിന്നോ യൂണിറ്റിൽനിന്നോ ആവശ്യപ്പെടാവുന്നതാണ്.

(6) വികസന കമ്മീഷണർക്ക്, അയാളുടെ കീഴിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരിൽ ഏതൊരാൾക്കും, തന്റെ അധികാരങ്ങളിലോ ചുമതലകളിലോ ഏതെങ്കിലുമോ അല്ലെങ്കിൽ എല്ലാമോ പ്രത്യായോജനം ചെയ്യാവുന്നതാണ്.

## അദ്ധ്യായം V

## ഏകജാലക ക്ലിയറൻസ്

അംഗീകാര കമ്മിറ്റിയുടെ രൂപീകരണം.

13. (1) കേന്ദ്രസർക്കാർ, വിജ്ഞാപനം വഴി, ഓരോ പ്രത്യേകസാമ്പത്തിക മേഖലയ്ക്കുമായി,—

(ക) നിലവിലുള്ള പ്രത്യേക സാമ്പത്തിക മേഖലകളുടെ സംഗതിയിൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ആറു മാസങ്ങൾക്കുള്ളിലും;

(ഖ) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം സ്ഥാപിക്കപ്പെട്ട മറ്റു പ്രത്യേക സാമ്പത്തിക മേഖലകളുടെ സംഗതിയിൽ, അങ്ങനെയുള്ള പ്രത്യേക സാമ്പത്തിക മേഖലയുടെ സ്ഥാപന തീയതി മുതൽ ആറ് മാസങ്ങൾക്കുള്ളിലും,

14-ാം വകുപ്പിൽ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി അംഗീകാര കമ്മിറ്റി എന്ന് വിളിക്കപ്പെടേണ്ട ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ഓരോ അംഗീകാരകമ്മിറ്റിയും,—

(ക) വികസന കമ്മീഷണർ—എക്സ് ഒഫിഷ്യോ ചെയർപേഴ്സൺ;

(ഖ) കേന്ദ്രസർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ആ സർക്കാരിന്റെ രണ്ട് ഉദ്യോഗസ്ഥർ—എക്സ് ഒഫിഷ്യോ അംഗങ്ങൾ;

(ഗ) റവന്യൂ കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തെയോ വകുപ്പിനെയോ പ്രതിനിധീകരിക്കുന്നതിന് കേന്ദ്രസർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ആ സർക്കാരിന്റെ രണ്ട് ഉദ്യോഗസ്ഥർ—എക്സ്ഒഫിഷ്യോ അംഗങ്ങൾ;

(ഘ) സാമ്പത്തിക കാര്യങ്ങൾ (ധനകാര്യസേവനങ്ങൾ) കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തെയോ വകുപ്പിനെയോ പ്രതിനിധീകരിക്കുന്നതിന് കേന്ദ്രസർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ആ സർക്കാരിന്റെ ഒരു ഉദ്യോഗസ്ഥൻ—എക്സ്ഒഫിഷ്യോ അംഗം;

(ങ) ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ആ സംസ്ഥാനസർക്കാരിന്റെ രണ്ട് ഉദ്യോഗസ്ഥർ—എക്സ്ഒഫിഷ്യോ അംഗങ്ങൾ;

(ച) ബന്ധപ്പെട്ട പോഷകന്റെ ഒരു പ്രതിനിധി—പ്രത്യേക ക്ഷണിതാവ്,

എന്നിവർ അടങ്ങിയതായിരിക്കേണ്ടതാണ്.

(3) അംഗീകാരകമ്മിറ്റിക്ക്, അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിന്റെയും ചുമതലകൾ നിർവ്വഹിക്കുന്നതിന്റെയും ആവശ്യത്തിലേക്കായി ആരുടെ സഹായമോ ഉപദേശമോ ആണ് ആവശ്യമായേക്കാമെന്ന് അത് കരുതുന്നത് കമ്മിറ്റിക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള വ്യക്തികളെ അതിന്റെ യോഗങ്ങളിലേക്ക് ക്ഷണിക്കാവുന്നതാണ്.

(4) ഓരോ അംഗീകാരകമ്മിറ്റിയും ആവശ്യമെന്ന് അത് കരുതുന്ന അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും അതിന്റേതായ നടപടിക്രമങ്ങൾ ക്രമീകരിക്കുന്നതിന് അതിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

(5) അംഗീകാരകമ്മിറ്റിയിലെ ആകെ അംഗങ്ങളുടെ പകുതി കോറമാകുന്നതും അംഗീകാരകമ്മിറ്റിയുടെ എല്ലാ പ്രവൃത്തികളും ഹാജരായിട്ടുള്ള അംഗങ്ങളുടെ പൊതു അഭിപ്രായസമന്വയത്താൽ തീരുമാനിക്കപ്പെടേണ്ടതുമാണ്:

എന്നാൽ അംഗീകാരകമ്മിറ്റിക്ക് ഒരു പൊതു അഭിപ്രായ സമന്വയത്താൽ ഏതെങ്കിലും കാര്യം തീരുമാനിക്കുവാൻ കഴിയാതെവരുന്ന സംഗതിയിൽ അങ്ങനെയുള്ള കാര്യം അംഗീകാര ബോർഡിന് അതിന്റെ തീരുമാനത്തിനായി റഫർ ചെയ്യപ്പെട്ടതായി നിലനിൽക്കുന്നതാണ്.

(6) അംഗീകാരകമ്മിറ്റിയിൽ ഏതെങ്കിലും ഒഴിവ് നിലനിൽക്കുന്നുവെന്നോ അതിന്റെ രൂപീകരണത്തിൽ ഏതെങ്കിലും ന്യൂനതയുണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അംഗീകാരകമ്മിറ്റിയുടെ യാതൊരു പ്രവൃത്തിയും ചോദ്യം ചെയ്യപ്പെടുവാൻ പാടുള്ളതല്ല.

(7) അംഗീകാരകമ്മിറ്റിയുടെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും അത് നൽകുന്ന മറ്റെല്ലാ അറിയിപ്പുകളും ചെയർപേഴ്സന്റെയോ അല്ലെങ്കിൽ ഇതിലേക്കായി അംഗീകാരകമ്മിറ്റി പ്രാധികാരപ്പെടുത്തിയേക്കാവുന്ന മറ്റേതെങ്കിലും അംഗത്തിന്റെയോ കൈയൊപ്പോടുകൂടി പ്രമാണീകരിക്കേണ്ടതാണ്.

(8) ഒരു എക്സ്ഒഫിഷ്യോ അംഗത്തിന്റെ ഔദ്യോഗിക കാലാവധി, ഏത് ഉദ്യോഗത്തിന്റെ ബലത്തിലാണോ അയാൾ അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടത്, ആ ഉദ്യോഗം അയാൾ വഹിക്കുന്നത് തീരുന്ന ഉടനെ അവസാനിക്കുന്നതാണ്.

അംഗീകാര കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും.

14. (1) ഓരോ അംഗീകാരകമ്മിറ്റിക്കും താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച് ചുമതലകൾ നിർവ്വഹിക്കുകയും അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്, അതായത്:—

(ക) പ്രത്യേക സാമ്പത്തിക മേഖലയിൽ ഒരു പോഷകനാൽ പ്രാധികാരപ്പെടുത്തപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി, സ്വദേശീയ തീരുവ പ്രദേശത്തുനിന്നുള്ള ചരക്കുകളുടെ ഇറക്കുമതിയോ സംഭരണമോ അംഗീകരിക്കുക;

(ഖ) പ്രത്യേക സാമ്പത്തിക മേഖലയിൽ ഒരു പോഷകനാൽ പ്രാധികാരപ്പെടുത്തപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി, ഭാരതത്തിനു പുറത്തുനിന്നോ സ്വദേശീയ തീരുവ പ്രദേശത്തുനിന്നോ ഒരു സേവനദാതാവിനാൽ സേവനങ്ങൾ നൽകുന്നത് അംഗീകരിക്കുക;

(ഗ) പ്രത്യേക സാമ്പത്തിക മേഖലയിലെ ചരക്കുകളുടെയോ സേവനങ്ങളുടെയോ ഉപയോഗമോ പണ്ടകശാലയിലെ സംഭരണമോ വ്യാപാരമോ നിരീക്ഷിക്കുക;

(ഘ) 15-ാം വകുപ്പ് (8)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പ്രത്യേകസാമ്പത്തികമേഖലയിൽ ഉൽപാദനത്തിനോ സേവനങ്ങൾ നൽകുന്നതിനോ പണ്ടകശാലയിലെ സംഭരണത്തിനോ വ്യാപാരത്തിനോ ഉള്ള [9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിൻ കീഴിലെ ലൈസൻസ് നൽകൽ ഒഴിച്ചുള്ള] യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിക്കുകയോ വ്യത്യാസപ്പെടുത്തുകയോ നിരസിക്കുകയോ ചെയ്യുക:

എന്നാൽ ഒരു പ്രത്യേക പ്രക്രിയ ഉൽപാദനം ആകുമോ ഇല്ലയോ എന്നു തീരുമാനിക്കുന്നതിന് അംഗീകാരകമ്മിറ്റിക്ക് കഴിയാത്തിടത്ത്, തീരുമാനമെടുക്കുന്നതിനായി ആയത് അംഗീകാരബോർഡിലേക്ക് റഫർ ചെയ്യേണ്ടതാണ്.

(ങ) 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻ കീഴിലുള്ള അംഗീകാരം ലഭിക്കുന്നതിൻമേൽ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനായി വിദേശസഹകരണവും വിദേശത്തുനിന്നും നേരിട്ടുള്ള നിക്ഷേപങ്ങളും (ഭാരതത്തിനു പുറത്തുള്ള ഒരാളിന്റെ നിക്ഷേപങ്ങളുൾപ്പെടെ) അനുവദിക്കുക;

(ച) ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഒരു പോഷകന് അല്ലെങ്കിൽ സംരംഭകന് അംഗീകാരപത്രമോ അനുമതിയോ, ഏതെങ്കിലുമുണ്ടെങ്കിൽ, നൽകിയിട്ടുള്ളത്, അവ പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക;

(ഛ) കേന്ദ്രസർക്കാരിനാലോ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനാലോ, അതത് സംഗതിപോലെ, അതിനെ ഭരമേൽപിച്ചേക്കാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക.

(2) അംഗീകാരകമ്മിറ്റി, കേന്ദ്രസർക്കാരായിരിക്കുന്ന പോഷകനെ സംബന്ധിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം വഴി വിനിർദ്ദേശിക്കാവുന്ന (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുവാനോ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുവാനോ പാടുള്ളതല്ല:

എന്നാൽ അംഗീകാരകമ്മിറ്റി രൂപീകരിക്കുന്ന അങ്ങനെയുള്ള സമയം വരെ ബന്ധപ്പെട്ട വികസനകമ്മീഷണർ അംഗീകാരകമ്മിറ്റിയുടെ എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതും എല്ലാ അധികാരങ്ങളും പ്രയോഗിക്കേണ്ടതുമാണ്.

*യൂണിറ്റ് സ്ഥാപിക്കൽ.*

15. (1) ഒരു പ്രത്യേകസാമ്പത്തികമേഖലയിൽ പ്രാധികാരപ്പെടുത്തപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന ഏതൊരാളിനും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങുന്നതുമായ ഒരു നിർദ്ദേശം ബന്ധപ്പെട്ട വികസന കമ്മീഷണർക്ക് സമർപ്പിക്കാവുന്നതാണ്:

എന്നാൽ നിലവിലുള്ള ഒരു യൂണിറ്റ് ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി കരുതപ്പെടുന്നതും അങ്ങനെയുള്ള യൂണിറ്റുകൾക്ക് ഈ ആക്റ്റിൻ കീഴിലുള്ള അംഗീകാരം ആവശ്യമില്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ നിർദ്ദേശം ലഭിക്കുന്നതിൻമേൽ വികസനകമ്മീഷണർ ആയത് അംഗീകാരകമ്മിറ്റിക്ക് അതിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

(3) (8)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അംഗീകാരകമ്മിറ്റിക്ക്, നിർദ്ദേശം വ്യത്യാസം കൂടാതെ അംഗീകരിക്കുകയോ അല്ലെങ്കിൽ ചുമത്തുന്നതിന് യുക്തമെന്ന് അത് കരുതുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിർദ്ദേശം വ്യത്യാസങ്ങളോടെ അംഗീകരിക്കുകയോ നിർദ്ദേശം നിരസിക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ ഒരു നിർദ്ദേശത്തിന്റെ വ്യത്യാസപ്പെടുത്തലിന്റെയോ നിരസിക്കലിന്റെയോ സംഗതിയിൽ അംഗീകാരകമ്മിറ്റി ബന്ധപ്പെട്ട ആളിന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതും കാരണങ്ങൾ രേഖപ്പെടുത്തിയശേഷം നിർദ്ദേശം വ്യത്യാസപ്പെടുത്തുകയോ നിരസിക്കുകയോ ചെയ്യേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പിൻ കീഴിൽ അംഗീകാരകമ്മിറ്റി പുറപ്പെടുവിച്ച ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിൽ ബോർഡിന് ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(5) അതിലേക്കായി നിർണ്ണയിക്കപ്പെട്ട സമയം അവസാനിച്ചതിന് ശേഷമാണ് അപ്പീൽ സമർപ്പിച്ചതെങ്കിൽ, യാതൊരു അപ്പീലും സ്വീകരിക്കുവാൻ പാടുള്ളതല്ല:

എന്നാൽ നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കാതിരുന്നതിന് അപ്പീൽവാദിക്ക് മതിയായ കാരണങ്ങളുണ്ടായിരുന്നുവെന്ന് അയാൾ ബോർഡിനെ ബോദ്ധ്യപ്പെടുത്തുന്നപക്ഷം, അതിലേക്കായി നിർണ്ണയിച്ചിട്ടുള്ള കാലാവധി അവസാനിച്ചതിനുശേഷവും ഒരു അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(6) (4)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപ്പീലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ നൽകിയിട്ടുള്ളത് അതിന്റെ ഒരു പകർപ്പും നിർണ്ണയിക്കപ്പെടാവുന്ന ഫീസും സഹിതം ആയിരിക്കേണ്ടതാണ്.

(7) ഒരു അപ്പീൽ തീർപ്പാക്കുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്:

എന്നാൽ ഒരു അപ്പീൽ തീർപ്പാക്കുന്നതിന് മുൻപ് അപ്പീൽ വാദിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതാണ്.

(8) കേന്ദ്രസർക്കാരിന്,—

(ക) (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശം, അംഗീകാരകമ്മിറ്റി അംഗീകരിക്കുകയോ വ്യത്യാസപ്പെടുത്തുകയോ നിരസിക്കുകയോ ചെയ്യുന്നത് ഏതെല്ലാം ആവശ്യകതകൾക്ക് (ഒരു യൂണിറ്റ് സ്ഥാപിച്ചേക്കാവുന്നത് ഏത് കാലാവധിയിലേക്കാണെന്നത് ഉൾപ്പെടെ) വിധേയമായാണോ, അവയും;

(ഖ) ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയ മായാണ് യൂണിറ്റ് പ്രാധികാരപ്പെടുത്തപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ട തെന്നും അതിന്റെ ബാദ്ധ്യതകളും അവകാശങ്ങളും,

നിർണ്ണയിക്കാവുന്നതാണ്.

(9) (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശം അംഗീകരിച്ച തിനുശേഷം വികസനകമ്മീഷണർ ബന്ധപ്പെട്ട വ്യക്തിക്ക് ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനും വികസനകമ്മീഷണർ പ്രാധികാരം നൽകാവുന്ന അങ്ങനെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും ഒരു അംഗീകാര പത്രം നൽകാവുന്നതും അപ്രകാരം പ്രാധികാരപ്പെടുത്തിയ അങ്ങനെയുള്ള ഏതൊരു പ്രവർത്തനവും അംഗീകാരപത്രത്തിൽ പരാമർശിക്കേണ്ടതു മാകുന്നു.

*സംരംഭകനുള്ള അംഗീകാര പത്രത്തിന്റെ റദ്ദാക്കൽ.*

16. (1) ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും അഥവാ അതിന്റെ കടമകൾക്കും വിധേയമായാണോ സംരംഭകന് അംഗീകാരപത്രം നൽകിയിട്ടുള്ളത് അവയിൽ ഏതെങ്കിലും സംരംഭകൻ നിരന്തരം ലംഘിച്ചതായി വിശ്വസിക്കുന്നതിന് അംഗീകാര കമ്മിറ്റിക്ക് ഏതെങ്കിലും കാരണമോ ഹേതുവോ ഉണ്ടെങ്കിൽ അതിന് ഏത് സമയത്തും അംഗീകാരപത്രം റദ്ദാക്കാവുന്നതാണ്:

എന്നാൽ സംരംഭകന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ അങ്ങനെയുള്ള യാതൊരു അംഗീകാരപത്രവും റദ്ദാക്കുവാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അംഗീകാരപത്രം റദ്ദാക്കപ്പെടുന്നി ടത്ത് അങ്ങനെയുള്ള റദ്ദാക്കൽ തീയതി മുതൽ, ഒരു യൂണിറ്റ് ആയിരിക്കെ, ഈ ആക്റ്റിൻകീഴിൽ അതിന് ലഭ്യമായ യാതൊരു ഒഴിവാക്ക ലിനോ ഇളവിനോ ആനുകൂല്യത്തിനോ അഥവാ കിഴിവിനോ യൂണിറ്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, (1)-ാം ഉപ വകുപ്പുപ്രകാരം ആരുടെ അംഗീകാരപത്രമാണോ റദ്ദ് ചെയ്തിട്ടുള്ളത്, ആ സംരംഭകന്റെ യൂണിറ്റുമായി ബന്ധപ്പെടുത്താവുന്ന മൂലധന സാധനങ്ങൾ, സ്റ്റോക്കിലുള്ള പണിതീർത്ത സാധനങ്ങൾ, ഉപയോഗിക്കാത്ത അസംസ്കൃതവസ്തുക്കൾ എന്നിവ സംബന്ധിച്ച് അയാൾക്ക് ലഭ്യമായിട്ടുള്ള ഒഴിവാക്കലുകളും ഇളവുകളും അടച്ച തീരുവയിൽ തിരികെ ലഭിച്ചതും മറ്റേതെങ്കിലും ആനുകൂല്യങ്ങളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അയാൾ തിരിച്ചടയ്ക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം അംഗീകാരകമ്മിറ്റി പുറപ്പെടുവിച്ച ഒരു ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആളിന് നിർണ്ണയിക്ക പ്പെടാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിൽ ബോർഡിന് ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(5) യാതൊരു അപ്പീലും, അതിലേയ്ക്കായി നിർണ്ണയിക്കപ്പെട്ട സമയം അവസാനിച്ചതിനുശേഷമാണ് അത് സമർപ്പിച്ചിട്ടുള്ളതെങ്കിൽ, സ്വീകരിക്കുവാൻ പാടുള്ളതല്ല:

എന്നാൽ നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കാതിരുന്നതിന് അപ്പീൽവാദിക്ക് മതിയായ കാരണമുണ്ടായിരുന്നുവെന്ന് അയാൾ ബോർഡിനെ ബോദ്ധ്യപ്പെടുത്തുന്നപക്ഷം, അതിലേയ്ക്കായി നിർണ്ണയിച്ചിട്ടുള്ള കാലാവധി അവസാനിച്ചശേഷവും ഒരു അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(6) (4)-ാം ഉപവകുപ്പ് പ്രകാരം ബോധിപ്പിക്കുന്ന ഓരോ അപ്പീലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ നൽകിയിട്ടുള്ളത് അതിന്റെ ഒരു പകർപ്പും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസും സഹിതം ആയിരിക്കേണ്ടതാണ്.

(7) ഒരു അപ്പീൽ തീർപ്പാക്കുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്:

എന്നാൽ ഒരു അപ്പീൽ തീർപ്പാക്കുന്നതിന് മുൻപ് അപ്പീൽവാദിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതാണ്.

*ഓഫ്ഷോർ ബാങ്കിംഗ് യൂണിറ്റിന്റെ സ്ഥാപിക്കലും പ്രവർത്തനവും.*

17. (1) ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ ഒരു ഓഫ്ഷോർ ബാങ്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും അതിന്റെ പ്രവർത്തനം നടത്തുന്നതിനുമുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും റിസർവ്വ് ബാങ്കിന് കൊടുക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അപേക്ഷ ലഭിച്ചതിൻമേൽ, റിസർവ്വ് ബാങ്ക്, (3)-ാം ഉപവകുപ്പിൻ കീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാ ഉപാധികളും അപേക്ഷകൻ നിറവേറ്റുന്നുണ്ടെന്ന് അതിന് ബോദ്ധ്യമാകുന്നപക്ഷം ഒരു ഓഫ്ഷോർ ബാങ്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും പ്രവർത്തനം നടത്തുന്നതിനും അങ്ങനെയുള്ള അപേക്ഷകന് അനുമതി നൽകേണ്ടതാണ്.

(3) പ്രത്യേക സാമ്പത്തികമേഖലയിൽ ഒരു ഓഫ്ഷോർ ബാങ്കിംഗ് യൂണിറ്റ് സ്ഥാപിക്കുകയും പ്രവർത്തനം നടത്തുകയും ചെയ്യാവുന്നത് ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണെന്ന് റിസർവ്വ് ബാങ്കിന്, വിജ്ഞാപനംവഴി, വിനിർദ്ദേശിക്കാവുന്നതാണ്.

*അന്താരാഷ്ട്ര ധനകാര്യ സേവന കേന്ദ്രത്തിന്റെ സ്ഥാപിക്കൽ.*

18. (1) കേന്ദ്രസർക്കാരിന് ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ അന്താരാഷ്ട്ര ധനകാര്യ സേവന കേന്ദ്രം സ്ഥാപിക്കുന്നത് അംഗീകരിക്കാവുന്നതും അങ്ങനെയുള്ള കേന്ദ്രത്തിന്റെ സ്ഥാപിക്കലിനും പ്രവർത്തനത്തിനും വേണ്ട ആവശ്യകതകൾ നിർണ്ണയിക്കാവുന്നതുമാണ്:

എന്നാൽ കേന്ദ്രസർക്കാർ ഒരു പ്രത്യേകസാമ്പത്തിക മേഖലയിൽ ഒരു അന്താരാഷ്ട്ര ധനകാര്യസേവനകേന്ദ്രം മാത്രം അംഗീകരിക്കേണ്ടതാണ്.

(2) കേന്ദ്രസർക്കാരിന് റിസർവ്വ് ബാങ്കും സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇൻഡ്യയും ഇൻഷ്വറൻസ് റെഗുലേറ്ററി ആന്റ് ഡവലപ്പ്മെന്റ് അതോറിറ്റിയും അത് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള മറ്റ് ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളും ഉണ്ടാക്കാവുന്ന അങ്ങനെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി, ഒരു അന്താരാഷ്ട്ര ധനകാര്യസേവന കേന്ദ്രത്തിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകതകളും അതിന്റെ പ്രവർത്തനത്തിനുള്ള നിബന്ധനകളും ഉപാധികളും നിർണ്ണയിക്കാവുന്നതാണ്.

*ഒറ്റ അപേക്ഷാഫാറം, റിട്ടേൺ മുതലായവ.*

19. തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്രസർക്കാരിന് ആവശ്യമെങ്കിൽ,—

(ക) ഒന്നോ അതിലധികമോ കേന്ദ്ര ആക്റ്റുകളിൻ കീഴിൽ ഒരു പോഷകനോ സംരംഭകനോ ഏതെങ്കിലും ലൈസൻസോ അനുമതിയോ രജിസ്ട്രേഷനോ അംഗീകാരമോ നേടുന്നതിനുള്ള ഒരു ഒറ്റ അപേക്ഷാ ഫാറം നിർണ്ണയിക്കാവുന്നതാണ്;

(ഖ) ഒരു പ്രത്യേക സാമ്പത്തിക മേഖലയുടെ വികസനമോ യൂണിറ്റുകളുടെ സ്ഥാപനവും പ്രവർത്തനവും സംബന്ധിച്ചോ ഉള്ള സംഗതികളിൻമേൽ കേന്ദ്രസർക്കാരിനുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ബോർഡിനെയോ വികസനകമ്മീഷണറെയോ അംഗീകാര കമ്മിറ്റിയെയോ അധികാരപ്പെടുത്താവുന്നതാണ്;

(ഗ) ഒന്നോ അതിലധികമോ കേന്ദ്ര ആക്റ്റുകളിൻ കീഴിൽ, ഒരു പോഷകനോ സംരംഭകനോ റിട്ടേണുകളോ വിവരമോ നൽകുന്നതിനുള്ള ഒരു ഒറ്റ ഫാറം നിർണ്ണയിക്കാവുന്നതാണ്.

*പരിശോധന നടത്തുന്നതിന് ഏജൻസി.*

20. തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്ര സർക്കാരിന് ഒരു പോഷകനാലോ ഒരു സംരംഭകനാലോ, അതതു സംഗതിപോലെ, ഏതെങ്കിലും കേന്ദ്ര ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സർവ്വേകളോ പരിശോധനകളോ നടത്തുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ഏജൻസിയെയോ വിജ്ഞാപനം വഴി വിനിർദ്ദേശിക്കാവുന്നതും പ്രസ്തുത വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയത്തിനുള്ളിലും, അങ്ങനെയുള്ള ഉദ്യോഗസ്ഥനോ ഏജൻസിയോ പരിശോധനാറിപ്പോർട്ടും അനുവർത്തനറിപ്പോർട്ടും സമർപ്പിക്കേണ്ടതുമാണ്.

*വിജ്ഞാപനം ചെയ്ത കുറ്റങ്ങൾക്കുവേണ്ടിയുള്ള ഏക എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥൻ അഥവാ ഏജൻസി.*

21. (1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് വേണ്ടി കേന്ദ്രസർക്കാരിന്, വിജ്ഞാപനംവഴി, ഏതെങ്കിലും കേന്ദ്ര ആക്റ്റിൻ കീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ വിജ്ഞാപനം ചെയ്ത കുറ്റമായി വിനിർദ്ദേശിക്കാവുന്നതാണ്.

(2) ഒരു പ്രത്യേക സാമ്പത്തികമേഖലയിൽ ചെയ്ത ഏതെങ്കിലും വിജ്ഞാപനംചെയ്ത കുറ്റമോ കുറ്റങ്ങളോ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ഏജൻസിയെയോ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥനായോ ഏജൻസിയായോ പ്രാധികാരപ്പെടുത്താവുന്നതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം പ്രാധികാരപ്പെടുത്തിയ ഏതൊരു ഉദ്യോഗസ്ഥനോ ഏജൻസിക്കോ വിജ്ഞാപനം ചെയ്ത കുറ്റങ്ങൾ സംബന്ധിച്ച് പ്രസക്തമായ കേന്ദ്രആക്റ്റിൻ കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിൽ അന്വേഷണത്തിനോ പരിശോധനയ്ക്കോ തിരച്ചിലിനോ പിടിച്ചെടുക്കലിനോ ഉള്ള സദൃശമായ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

*അന്വേഷണം, പരിശോധന, തിരച്ചിൽ അഥവാ കണ്ടുകെട്ടൽ.*

22. 20-ാം വകുപ്പോ 21-ാം വകുപ്പോ പ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള ഏജൻസിക്കോ ഉദ്യോഗസ്ഥനോ പ്രത്യേക സാമ്പത്തിക മേഖലയിൽ ഒരു വിജ്ഞാപനം ചെയ്ത കുറ്റം ചെയ്തിട്ടുണ്ടെന്നോ ചെയ്യാൻ ഇടയുണ്ടെന്നോ വിശ്വസിക്കുവാനുള്ള കാരണങ്ങളുണ്ടെങ്കിൽ (കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തേണ്ടതാണ്) അങ്ങനെയുള്ള ഏജൻസിയോ അഥവാ ഉദ്യോഗസ്ഥനോ ബന്ധപ്പെട്ട വികസനകമ്മീഷണർക്ക് മുൻകൂട്ടിയുള്ള

അറിയിപ്പോടുകൂടി പ്രത്യേകസാമ്പത്തികമേഖലയിലോ യൂണിറ്റിലോ അന്വേഷണമോ പരിശോധനയോ തിരച്ചിലോ അഥവാ പിടിച്ചെടുക്കലോ നടത്താവുന്നതാണ്:

എന്നാൽ 21-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലോ (3)-ാം ഉപവകുപ്പിലോ പരാമർശിക്കപ്പെട്ടിട്ടുള്ളതല്ലാത്ത ഏതെങ്കിലും ഏജൻസിയോ ഉദ്യോഗസ്ഥനോ ബന്ധപ്പെട്ട വികസനകമ്മീഷണറുടെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ യാതൊരു അന്വേഷണമോ പരിശോധനയോ തിരച്ചിലോ പിടിച്ചെടുക്കലോ നടത്തുവാൻ പാടില്ലാത്തതാകുന്നു:

എന്നുമാത്രമല്ല കേന്ദ്രസർക്കാർ അപ്രകാരം പ്രാധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏജൻസിക്കോ വികസന കമ്മീഷണർക്ക് മുൻകൂട്ടിയുള്ള അറിയിപ്പോടുകൂടിയോ അദ്ദേഹത്തിന്റെ അനുമതിയോടുകൂടിയോ അല്ലാതെ, പ്രത്യേക സാമ്പത്തിക മേഖലയിലോ യൂണിറ്റിലോ അന്വേഷണമോ പരിശോധനയോ തിരച്ചിലോ പിടിച്ചെടുക്കലോ നടത്താവുന്നതാണ്.

*വ്യവഹാരങ്ങളും വിജ്ഞാപനം ചെയ്ത കുറ്റങ്ങളും വിചാരണ ചെയ്യുന്നതിന് നിയുക്ത കോടതികൾ.*

23. (1) പ്രത്യേകസാമ്പത്തികമേഖല സ്ഥിതിചെയ്യുന്നിടത്തെ സംസ്ഥാന സർക്കാർ ആ സംസ്ഥാനത്തെ ഹൈക്കോടതി ചീഫ്ജസ്റ്റിസിന്റെ യോജിപ്പോടെ ഒന്നോ അതിലധികമോ കോടതികളെ—

(ക) പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൽഭവിക്കുന്ന ഒരു സിവിൽ സ്വഭാവമുള്ള എല്ലാ വ്യവഹാരങ്ങളും വിചാരണ ചെയ്യുന്നതിനും;

(ഖ) പ്രത്യേക സാമ്പത്തികമേഖലയിൽ ചെയ്തിട്ടുള്ള വിജ്ഞാപനം ചെയ്ത കുറ്റങ്ങൾ വിചാരണചെയ്യുന്നതിനും,

നിയോഗിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയോഗിക്കപ്പെടാത്ത യാതൊരു കോടതിയും ഏതെങ്കിലും വ്യവഹാരമോ ആ ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട വിജ്ഞാപനം ചെയ്ത ഏതെങ്കിലും കുറ്റത്തിന്റെ വിചാരണയോ നടത്തുവാൻ പാടുള്ളതല്ല:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ്, ഒരു പ്രത്യേക സാമ്പത്തിക മേഖലയിലെ സിവിൽ സ്വഭാവത്തിലുള്ള ഏതെങ്കിലും വ്യവഹാരം ഫയൽ ചെയ്തിട്ടുള്ള കോടതികൾ അങ്ങനെയുള്ള പ്രാരംഭത്തിന് ശേഷവും അങ്ങനെയുള്ള വ്യവഹാരം തുടർന്നും വിചാരണ നടത്തേണ്ടതാണ്:

എന്നുമാത്രമല്ല ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് ഏതെങ്കിലും വിജ്ഞാപനം ചെയ്ത കുറ്റത്തിന്റെ ഏതെങ്കിലും വിചാരണ നടത്തിവരുന്ന കോടതികൾ, അങ്ങനെയുള്ള കുറ്റത്തിന്റെ വിചാരണ നടത്തൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷവും തുടരേണ്ടതാണ്:

എന്നുമാത്രവുമല്ല ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് ഏതെങ്കിലും വിജ്ഞാപനം ചെയ്ത കുറ്റത്തിന്റെ വിചാരണ നടത്തുന്നതിന് ക്ഷമതയുള്ള കോടതികൾ (1)-ാം ഉപവകുപ്പ് പ്രകാരം കോടതികളെ നിയോഗിക്കുന്നതുവരെ അങ്ങനെയുള്ള കുറ്റം സംബന്ധിച്ച വിചാരണ ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷവും നടത്തേണ്ടതും അങ്ങനെയുള്ള വിചാരണകൾ സംബന്ധിച്ച അങ്ങനെയുള്ള എല്ലാ കേസുകളും അപ്രകാരം നിയോഗിക്കപ്പെട്ട അങ്ങനെയുള്ള കോടതികളിലേക്ക് അതിനുശേഷം കൈമാറ്റം ചെയ്യേണ്ടതും അങ്ങനെയുള്ള കേസുകൾ അപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട ഘട്ടം മുതൽ അവ വിചാരണ നടത്തേണ്ടതുമാണ്.

*ഹൈക്കോടതിയിലേക്കുള്ള അപ്പീൽ.*

24. 23-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയോഗിക്കപ്പെട്ട കോടതിയുടെ ഏതെങ്കിലും തീരുമാനത്തിനാലോ ഉത്തരവിനാലോ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആളിന് അങ്ങനെയുള്ള ഉത്തരവുകളിൽ നിന്നും ഉത്ഭവിക്കുന്ന ഏതെങ്കിലും വസ്തുതാപരമോ നിയമപരമോ ആയ പ്രശ്നത്തിൻമേൽ അപ്രകാരം നിയോഗിക്കപ്പെട്ട കോടതികളുടെ തീരുമാനമോ ഉത്തരവോ അയാളെ അറിയിച്ച തീയതി മുതൽ അറുപത് ദിവസങ്ങൾക്കുള്ളിൽ ഹൈക്കോടതിയിൽ ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്:

എന്നാൽ പ്രസ്തുത കാലാവധിക്കുള്ളിൽ മതിയായ കാരണത്താൽ ഒരു അപ്പീൽ ഫയൽ ചെയ്യുന്നതിൽ നിന്നും അപ്പീൽവാദി തടയപ്പെട്ടുവെന്ന് ഹൈക്കോടതിക്ക് ബോദ്ധ്യമാകുന്നിടത്ത് അറുപത് ദിവസത്തിൽ കവിയാത്ത ഒരു കൂടുതൽ കാലാവധിക്കുള്ളിൽ അത് ഫയൽ ചെയ്യുന്നതിന് അതിന് അനുവദിക്കാവുന്നതാണ്.

*വിശദീകരണം:—*23-ാം വകുപ്പിലും ഈ വകുപ്പിലും "ഹൈക്കോടതി" എന്നാൽ പ്രത്യേക സാമ്പത്തിക മേഖല സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തെ ഹൈക്കോടതി എന്നർത്ഥമാകുന്നു.

*കമ്പനികളാലുള്ള കുറ്റങ്ങൾ.*

25. (1) ഒരു കമ്പനി ഒരു കുറ്റം ചെയ്തിട്ടുള്ളിടത്ത് കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതും കമ്പനിയുടെ ബിസിനസ് നടത്തിപ്പിന് കമ്പനിയോട് ഉത്തരവാദിത്വമുള്ളതുമായ ഓരോ ആളും കമ്പനിയും ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും എതിരെ നടപടിയെടുക്കപ്പെടുന്നതിനും അതിനനുസൃതമായി ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും കുറ്റം ചെയ്യപ്പെട്ടത് അയാളുടെ അറിവോടുകൂടിയല്ലെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയുന്നതിന് വേണ്ടത്ര എല്ലാ ശ്രദ്ധയും അയാൾ ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ആൾ ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും ശിക്ഷ ലഭിക്കുന്നതിന് ബാദ്ധ്യസ്ഥനാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുറ്റം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ അല്ലെങ്കിൽ മറ്റുദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടുകൂടിയോ അല്ലെങ്കിൽ അവരുടെ ഭാഗത്ത് കല്പിക്കപ്പെടാവുന്ന ഏതെങ്കിലും ഉപേക്ഷമൂലമോ ചെയ്തിട്ടുള്ളതാണെന്ന് തെളിയിക്കുകയും ചെയ്യുന്നിടത്ത് അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റുദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും എതിരെ നടപടി എടുക്കപ്പെടുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

*വിശദീകരണം:—*ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതുമാകുന്നു; കൂടാതെ

(ഖ) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നു.

അദ്ധ്യായം VI

## പ്രത്യേക സാമ്പത്തിക മേഖലകൾക്കുവേണ്ടി പ്രത്യേക ധനവിനിയോഗ വ്യവസ്ഥകൾ

*ഓരോ പോഷകനും സംരംഭകനുമുള്ള ഒഴിവാക്കലുകളും അടച്ച തീരുവയുടെ തിരികെ ലഭിക്കലും ഇളവുകളും.*

26. (1) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഓരോ പോഷകനും സംരംഭകനും താഴെപ്പറയുന്ന ഒഴിവാക്കലുകൾക്കും അടച്ച തീരുവയുടെ തിരികെ ലഭിക്കലിനും ഇളവുകൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) പോഷകനാലോ സംരംഭകനാലോ പ്രാധികാരപ്പെടുത്തിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു പ്രത്യേക സാമ്പത്തിക മേഖലയിലേയ്ക്കോ ഒരു യൂണിറ്റിലേയ്ക്കോ ഇറക്കുമതി ചെയ്ത ചരക്കുകളിന്മേലോ ലഭ്യമാക്കിയ സേവനങ്ങളിൻമേലോ 1962-ലെ കസ്റ്റംസ് ആക്റ്റ് (1962-ലെ 52) പ്രകാരമോ 1975-ലെ കസ്റ്റംസ് താരിഫ് ആക്റ്റ് (1975-ലെ 51) പ്രകാരമോ അഥവാ തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമപ്രകാരമോ ഉള്ള ഏതെങ്കിലും കസ്റ്റംസ് ഡ്യൂട്ടിയിൽ നിന്നുള്ള ഒഴിവാക്കൽ;

(ഖ) ഒരു പ്രത്യേക സാമ്പത്തികമേഖലയിൽ നിന്നോ ഒരു യൂണിറ്റിൽ നിന്നോ ഭാരതത്തിന് പുറത്തുള്ള ഏതെങ്കിലും സ്ഥലത്തേയ്ക്ക് കയറ്റുമതി ചെയ്ത ചരക്കുകളിൻമേലോ ലഭ്യമാക്കിയ സേവനങ്ങളിൻമേലോ 1962-ലെ കസ്റ്റംസ് ആക്റ്റ് (1962-ലെ 52) പ്രകാരമോ 1975-ലെ കസ്റ്റംസ് താരിഫ് ആക്റ്റ് (1975-ലെ 51) പ്രകാരമോ തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമപ്രകാരമോ ഉള്ള ഏതെങ്കിലും കസ്റ്റംസ് ഡ്യൂട്ടിയിൽ നിന്നുള്ള ഒഴിവാക്കൽ;

(ഗ) പോഷകനാലോ സംരംഭകനാലോ പ്രാധികാരപ്പെടുത്തിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്വദേശീയ തീരുവപ്രദേശത്തുനിന്നും ഒരു പ്രത്യേക സാമ്പത്തിക മേഖലയിലേയ്ക്കോ യൂണിറ്റിലേയ്ക്കോ കൊണ്ടുവന്ന ചരക്കുകളിൻമേൽ 1944-ലെ കേന്ദ്ര എക്സൈസ് ആക്റ്റ് (1944-ലെ 1) പ്രകാരമോ 1985-ലെ കേന്ദ്ര എക്സൈസ് താരിഫ് ആക്റ്റ് (1985-ലെ 5) പ്രകാരമോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ ഉള്ള ഏതെങ്കിലും എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കൽ;

(ഘ) പോഷകനാലോ സംരംഭകനാലോ പ്രാധികാരപ്പെടുത്തിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു പ്രത്യേക സാമ്പത്തിക മേഖലയിലേയ്ക്കോ യൂണിറ്റിലേയ്ക്കോ സ്വദേശീയ തീരുവ പ്രദേശത്തുനിന്നും കൊണ്ടുവന്ന ചരക്കുകളിൻമേലോ ലഭ്യമാക്കുന്ന സേവനങ്ങളിൻമേലോ ഒരു പ്രത്യേക സാമ്പത്തിക മേഖലയിലോ യൂണിറ്റിലോ ഭാരതത്തിന് പുറത്ത് സ്ഥിതിചെയ്യുന്ന സേവനദാതാക്കൾ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളിന്മേലോ കാലാകാലങ്ങളിൽ അനുവദനീയമാകാവുന്നത്ര അടച്ച തീരുവ തിരികെ ലഭിക്കൽ അഥവാ അങ്ങനെയുള്ള മറ്റ് ആനുകൂല്യങ്ങൾ;

(ങ) ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രാധികാരപ്പെടുത്തിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് പോഷകനോ യൂണിറ്റിനോ നൽകിയിട്ടുള്ള നികുതി ചുമത്താവുന്ന സേവനങ്ങളിന്മേലുള്ള 1994-ലെ ധനകാര്യ ആക്റ്റിലെ (1994-ലെ 32) V-ാം അദ്ധ്യായത്തിൻകീഴിലെ സേവന നികുതിയിൽ നിന്നുള്ള ഒഴിവാക്കൽ;

(ച) നികുതി ചുമത്താവുന്ന സെക്യൂരിറ്റീസ് ട്രാൻസാക്ഷനുകൾ അന്താരാഷ്ട്ര ധനകാര്യ സേവനകേന്ദ്രം മുഖേന ഒരു പ്രവാസിയാൽ ഏർപ്പെട്ടിട്ടുള്ള സംഗതിയിൽ, 2004-ലെ ധനകാര്യ (നമ്പർ-2) ആക്റ്റിലെ 98-ാം വകുപ്പുപ്രകാരം ചുമത്താവുന്ന സെക്യൂരിറ്റീസ് ട്രാൻസാക്ഷൻ നികുതിയിൽ നിന്നുള്ള ഒഴിവാക്കൽ;

(ഛ) 1956-ലെ കേന്ദ്ര വില്പന നികുതി ആക്റ്റ് (1956-ലെ 74) പ്രകാരം വർത്തമാനപത്രങ്ങൾ ഒഴികെയുള്ള ചരക്കുകൾ, അങ്ങനെയുള്ള സാധനങ്ങൾ, പോഷകനാലോ സംരംഭകനാലോ പ്രാധികാരപ്പെടുത്തിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണെങ്കിൽ അവയുടെ വിൽപനയിൻമേലോ വാങ്ങലിൻമേലോ ചുമത്തിയ നികുതികളിൽ നിന്നുള്ള ഒഴിവാക്കൽ.

(2) (1)-ാം ഉപവകുപ്പു പ്രകാരം പോഷകനോ സംരംഭകനോ, ഒഴിവാക്കലുകളോ ഇളവുകളോ അടച്ച തീരുവ തിരികെ ലഭിക്കലോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്ന രീതിയും അവ ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണ് നൽകേണ്ടതെന്നും കേന്ദ്ര സർക്കാരിന് നിർണ്ണയിക്കാവുന്നതാണ്.

*1961-ലെ ആദായ നികുതി ആക്റ്റിലെ വ്യവസ്ഥകൾ പോഷകരെയും സംരംഭകരെയും സംബന്ധിച്ച് ചില വ്യത്യാസപ്പെടുത്തലുകളോടെ ബാധകമാകുമെന്ന്.*

27. തത്സമയം പ്രാബല്യത്തിലിരിക്കുന്ന പ്രകാരമുള്ള 1961-ലെ ആദായ നികുതി ആക്റ്റിലെ (1961-ലെ 43) വ്യവസ്ഥകൾ, രണ്ടാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യത്യാസപ്പെടുത്തലുകൾക്കു വിധേയമായി, ഒരു പ്രത്യേക സാമ്പത്തിക മേഖലയിലോ യൂണിറ്റിലോ പ്രാധികാരപ്പെടുത്തിയ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്ക് പോഷകനോ സംരംഭകനോ അവരെ സംബന്ധിച്ചോ ബാധകമാകുന്നതാണ്.

*പ്രത്യേക സാമ്പത്തിക മേഖലകളിൽ ചരക്കുകളുടെയോ സേവനങ്ങളുടെയോ കാലദൈർഘ്യം.*

28. ഏതെങ്കിലും യൂണിറ്റിലോ പ്രത്യേക സാമ്പത്തിക മേഖലയിലോ നികുതികളോ ഡ്യൂട്ടികളോ അഥവാ സെസ്സോ നല്കാതെ ഏതെങ്കിലും ചരക്കുകൾ കൊണ്ടുവരുന്നതോ സേവനങ്ങൾ നൽകുന്നതോ അങ്ങനെയുള്ള യൂണിറ്റിലോ പ്രത്യേക സാമ്പത്തിക മേഖലയിലോ നിലനിൽക്കുന്നതിന്റെയോ തുടർന്നു നൽകുന്നതിന്റെയോ കാലാവധി കേന്ദ്രസർക്കാരിന് നിർണ്ണയിക്കാവുന്നതാണ്.

*ഉടമസ്ഥാവകാശത്തിന്റെ കൈമാറ്റവും സാധനങ്ങളുടെ നീക്കം ചെയ്യലും.*

29. ഏതെങ്കിലും യൂണിറ്റിലേക്കോ പ്രത്യേക സാമ്പത്തിക മേഖലയിലേക്കോ കൊണ്ടുവന്നതോ നിർമ്മിച്ചതോ ഉല്പാദിപ്പിച്ചതോ ആയ ഏതെങ്കിലും ചരക്കുകളുടെ ഉടമസ്ഥാവകാശത്തിന്റെ കൈമാറ്റമോ അങ്ങനെയുള്ള യൂണിറ്റിൽ നിന്നോ മേഖലയിൽ നിന്നോ ഉള്ള അവയുടെ നീക്കം ചെയ്യലോ കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി അനുവദിക്കേണ്ടതാണ്.

*യൂണിറ്റുകളാലുള്ള സ്വദേശീയ ക്ലിയറൻസ്.*

30. ഇതിലേക്കായി കേന്ദ്രസർക്കാർ ഉണ്ടാക്കിയ ചട്ടങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള ഉപാധികൾക്ക് വിധേയമായി,—

(ക) പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും സ്വദേശീയ തീരുവ പ്രദേശത്തേക്ക് നീക്കം ചെയ്തിട്ടുള്ള ഏതെങ്കിലും ചരക്കുകൾക്ക് അങ്ങനെയുള്ള ചരക്കുകൾ ഇറക്കുമതി ചെയ്യുമ്പോൾ ഈടാക്കാവുന്ന പ്രകാരം, 1975-ലെ കസ്റ്റംസ് താരിഫ് ആക്റ്റിൻ (1975-ലെ 51) കീഴിലുള്ള കുന്നുകൂട്ടുന്നതിനെതിരെയുള്ള ഡ്യൂട്ടികളും എതിർ ഡ്യൂട്ടികളും പരിരക്ഷാ ഡ്യൂട്ടികളും ഉൾപ്പെടെ കസ്റ്റംസ് ഡ്യൂട്ടികൾ ബാധകമാകുന്നിടത്ത് ചുമത്തേണ്ടതും;

(ഖ) പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും നീക്കം ചെയ്ത ചരക്കുകൾക്ക് ബാധകമായ ഡ്യൂട്ടിയുടെ നിരക്കും തീരുവയുടെ മൂല്യനിർണ്ണയവും, ഏതെങ്കിലും ഉണ്ടെങ്കിൽ, അങ്ങനെയുള്ള നീക്കം ചെയ്യലിന്റെ തീയതിയിൽ പ്രാബല്യത്തിലുള്ള നിരക്കിലും തീരുവ മൂല്യനിർണ്ണയത്തിലും ആയിരിക്കേണ്ടതും അങ്ങനെയുള്ള തീയതി തിട്ടപ്പെടുത്താൻ കഴിയാതെ വരുന്നിടത്ത്, ഡ്യൂട്ടി നൽകിയ തീയതിയിലുള്ളതും ആയിരിക്കേണ്ടതുമാണ്.

## അദ്ധ്യായം VII

## പ്രത്യേക സാമ്പത്തിക മേഖലാ അതോറിറ്റി

31. (1) കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് അതിനാൽ സ്ഥാപിക്കപ്പെട്ടതോ അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം കേന്ദ്രസർക്കാരിനാൽ സ്ഥാപിക്കപ്പെടാവുന്നതോ ആയ ഓരോ പ്രത്യേക സാമ്പത്തികമേഖലയ്ക്കുംവേണ്ടി ഈ ആക്റ്റ് പ്രകാരം അതിന് നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ഏൽപിച്ചുകൊടുത്തിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും .................... (പ്രത്യേക സാമ്പത്തിക മേഖലയുടെ പേര്) അതോറിറ്റി എന്ന് വിളിക്കപ്പെടുന്ന ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്: *അതോറിറ്റിയുടെ രൂപീകരണം.*

എന്നാൽ കേന്ദ്രസർക്കാരിനാൽ സ്ഥാപിക്കപ്പെട്ട നിലവിലുള്ള പ്രത്യേക സാമ്പത്തിക മേഖലകൾ സംബന്ധിച്ച് ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ആറു മാസത്തിനുള്ളിൽ കേന്ദ്ര സർക്കാർ അങ്ങനെയുള്ള അതോറിറ്റി രൂപീകരിക്കേണ്ടതാണ്:

എന്നുമാത്രമല്ല അങ്ങനെയുള്ള അധികാരസ്ഥാനം രൂപീകരിക്കപ്പെടുന്നതുവരെ, അങ്ങനെയുള്ള നിലവിലുള്ള പ്രത്യേക സാമ്പത്തിക മേഖലകളുടെ മേൽ നിയന്ത്രണമുള്ള വ്യക്തിയോ അധികാരസ്ഥാനമോ (വികസന കമ്മീഷണർ ഉൾപ്പെടെ) പ്രത്യേക സാമ്പത്തികമേഖലയുടെമേൽ അങ്ങനെയുള്ള നിയന്ത്രണം തുടരേണ്ടതാണ്.

(2) ഓരോ അതോറിറ്റിയും മുൻപറഞ്ഞ പേരിനാലുള്ളതും ശാശ്വത പിൻതുടർച്ചയും ഒരു പൊതുമുദ്രയും ഉള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശംവയ്ക്കുന്നതിനും വ്യയനം ചെയ്യുന്നതിനും കരാറിൽ ഏർപ്പെടുന്നതിനും ഉള്ള അധികാരത്തോടുകൂടിയതും ആയ ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതും, അത് പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതും ആകുന്നു.

(3) ഓരോ അതോറിറ്റിയുടെയും മുഖ്യകാര്യാലയം (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വിജ്ഞാപനത്തിൽ കേന്ദ്ര സർക്കാർ വിനിർദ്ദേശിയ്ക്കാവുന്ന അങ്ങനെയുള്ള സ്ഥലത്തായിരിക്കേണ്ടതാണ്.

(4) കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ഏതെങ്കിലും അതോറിറ്റിക്ക് ഭാരതത്തിലെ മറ്റ് സ്ഥലങ്ങളിൽ ശാഖാ കാര്യാലയങ്ങൾ സ്ഥാപിക്കാവുന്നതാണ്.

(5) ഓരോ അതോറിറ്റിയും,—

(ക) അതോറിറ്റി അതിന്റെ അധികാരിത പ്രയോഗിക്കുന്ന പ്രത്യേക സാമ്പത്തികമേഖലയുടെ വികസന കമ്മീഷണർ—എക്സ്-ഓഫീഷ്യോ ചെയർപേഴ്സൺ;

(ഖ) പ്രത്യേക സാമ്പത്തികമേഖലയെ സംബന്ധിച്ച സംഗതികൾ കൈകാര്യം ചെയ്യുന്നതിൽ അറിവോ പരിചയമോ ഉള്ള കേന്ദ്രസർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ആ സർക്കാരിന്റെ രണ്ട് ഉദ്യോഗസ്ഥന്മാർ—എക്സ്-ഒഫീഷ്യോ അംഗങ്ങൾ;

(ഗ) പ്രത്യേക സാമ്പത്തികമേഖലയെ സംബന്ധിച്ച സംഗതികളിന്മേൽ വാണിജ്യം കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിലെയോ വകുപ്പിലെയോ ഭാരതസർക്കാരിന്റെ ഒരു ഉദ്യോഗസ്ഥൻ—എക്സ്-ഒഫീഷ്യോ അംഗം;

(ഘ) കേന്ദ്രസർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട സംരംഭകരോ അവർ നാമനിർദ്ദേശം ചെയ്യപ്പെട്ടവരോ ആയ രണ്ടിൽ കൂടാത്ത ആളുകൾ—എക്സ്-ഒഫീഷ്യോ അംഗങ്ങൾ,

അടങ്ങിയതായിരിക്കേണ്ടതാണ്.

(6) ഒരു അതോറിറ്റിയുടെ അംഗങ്ങളുടെ (എക്സ്-ഒഫീഷ്യോ അംഗങ്ങൾ അല്ലാത്ത) ഉദ്യോഗകാലാവധിയും ഒഴിവുകൾ നികത്തുന്നതിന്റെ രീതിയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

(7) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഉപാധികൾക്കു വിധേയമായും അങ്ങനെയുള്ള ആവശ്യങ്ങൾക്കും ഒരു അതോറിറ്റിക്ക്, അതിന്റെ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ആരുടെ സഹായമോ ഉപദേശമോ ആണ് അതിന് ആവശ്യമുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആളുമായി കൂട്ടുചേരാവുന്നതും ആ ആളിന്, അതോറിറ്റി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ബത്തകളോ ഫീസുകളോ കൈപ്പറ്റുന്നതിന് അവകാശമുള്ളതുമാകുന്നു.

(8) അതോറിറ്റിയുടെ ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ക്വാറമാകുന്നതും അതോറിറ്റിയുടെ എല്ലാ പ്രവൃത്തികളും ഹാജരായ അംഗങ്ങളുടെ ഭൂരിപക്ഷത്താൽ തീരുമാനിക്കേണ്ടതുമാകുന്നു.

(9) ഒരു അതോറിറ്റിയുടെ യാതൊരു പ്രവൃത്തിയും നടപടിയും—

(ക) അതോറിറ്റിയുടെ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിലുള്ള ഏതെങ്കിലും ന്യൂനതയോ; അല്ലെങ്കിൽ

(ഖ) അതോറിറ്റിയുടെ ഒരു അംഗമായി പ്രവർത്തിക്കുന്ന ഒരാളുടെ നിയമനത്തിലുള്ള ഏതെങ്കിലും ന്യൂനതയോ; അല്ലെങ്കിൽ

(ഗ) കാര്യത്തിന്റെ ഗുണാഗുണങ്ങളെ ബാധിക്കാത്തതായ അതോറിറ്റിയുടെ നടപടിക്രമത്തിലെ ഏതെങ്കിലും ക്രമക്കേടോ,

കാരണമായി മാത്രം അസാധുവാക്കപ്പെടുന്നതല്ല.

(10) ഓരോ അതോറിറ്റിയും അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിലെ ബിസിനസ് നടത്തിപ്പിനെ സംബന്ധിച്ച് (അങ്ങനെയുള്ള യോഗങ്ങളുടെ ക്വാറം ഉൾപ്പെടെ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമം സംബന്ധിച്ച അങ്ങനെയുള്ള ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

*അതോറിറ്റിയുടെ ഉദ്യോഗസ്ഥന്മാരും മറ്റ് സ്റ്റാഫും.*

32. (1) ഓരോ വികസനകമ്മീഷണറും ഏതു പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് വേണ്ടിയാണോ അയാളെ അപ്രകാരം നിയമിച്ചിട്ടുള്ളത് അതുമായി ബന്ധപ്പെട്ട അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ആയിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതും ആണ്.

(2) ഓരോ അതോറിറ്റിക്കും 33-ാം വകുപ്പ് പ്രകാരം അതിലേക്ക് കൈമാറ്റം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കും ജീവനക്കാർക്കും പുറമെ ഈ ആക്റ്റിൻകീഴിൽ അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന്, ആവശ്യമെന്ന് അത് കരുതുന്ന അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം നിയമിച്ചിട്ടുള്ള അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും നിയമന രീതിയും സേവനോപാധികളും ശമ്പളസ്കെയിലുകളും ബത്തകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

*അതോറിറ്റിയിലേയ്ക്കുള്ള ഉദ്യോഗസ്ഥന്മാരുടെയും മറ്റ് ജീവനക്കാരുടെയും സ്ഥലം മാറ്റത്തിനുള്ള പ്രത്യേക വ്യവസ്ഥ.*

33. (1) കേന്ദ്രസർക്കാർ, ഉത്തരവുവഴി, ഓരോ അതോറിറ്റിയിലേയ്ക്കും ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള തീയതിയോ തീയതികളോ മുതൽ പ്രാബല്യത്തോടെ നിലവിലുള്ള ബന്ധപ്പെട്ട പ്രത്യേക സാമ്പത്തിക മേഖലയിൽ ആ നിലയിൽ ഉദ്യോഗം വഹിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനെയോ മറ്റ് ജീവനക്കാരനെയോ (ഡെപ്യൂട്ടേഷനിലുള്ള ഉദ്യോഗസ്ഥൻമാരോ മറ്റ് ജീവനക്കാരോ ഒഴികെ) സ്ഥലം മാറ്റുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ഉദ്യോഗസ്ഥനെയോ മറ്റ് ജീവനക്കാരനെയോ ഏതു തസ്തികയിലേയ്ക്കാണോ സ്ഥലം മാറ്റിയിട്ടുള്ളത്, ആ തസ്തികയുടെ വേതനസ്കെയിൽ അങ്ങനെയുള്ള സ്ഥലംമാറ്റത്തിന് തൊട്ടുമുമ്പ് അയാൾ വഹിച്ചിരുന്ന തസ്തികയുടെ വേതനസ്കെയിലിൽനിന്നും കുറയുവാൻ പാടില്ലാത്തതും സ്ഥലംമാറ്റിയിട്ടുള്ള തസ്തികയുടെ മറ്റ് നിബന്ധനകളും സേവനോപാധികളും (പെൻഷനും അവധിയും പ്രോവിഡന്റ് ഫണ്ടും ചികിത്സാപരമായ ആനുകൂല്യങ്ങളും ഉൾപ്പെടെ) അങ്ങനെയുള്ള സ്ഥലംമാറ്റത്തിന് തൊട്ടുമുമ്പ് അയാൾ വഹിച്ചിരുന്ന തസ്തികയുമായി ബന്ധപ്പെട്ട നിബന്ധനകളിൽ നിന്നും സേവനോപാധികളിൽ നിന്നും കുറവ് അനുകൂലമാകാൻ പാടില്ലാത്തതുമാകുന്നു :

എന്നുമാത്രമല്ല അയാളുടെ സ്ഥലംമാറ്റത്തീയതിയ്ക്കു തൊട്ടുമുമ്പ്, അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റ് ജീവനക്കാരനോ കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും ഒരു ഉയർന്ന തസ്തികയിൽ ഒരു അവധി ഒഴിവിലോ ഒരു നിശ്ചിത കാലയളവിലേയ്ക്കുള്ള ഏതെങ്കിലും ഒഴിവിലോ ഉദ്യോഗം വഹിക്കുന്നുവെങ്കിൽ, സ്ഥലംമാറ്റത്തിന്മേൽ, അയാളുടെ വേതനവും മറ്റു ബത്തകളും ഏതെങ്കിലുമുണ്ടെങ്കിൽ, അവ അങ്ങനെയുള്ള ഒഴിവിന്റെ ശേഷിക്കുന്ന കാലയളവിലേക്ക് സംരക്ഷിക്കപ്പെടേണ്ടതും അതിനുശേഷം അതോറിറ്റിയിലേക്കുള്ള അയാളുടെ സ്ഥലംമാറ്റം നടന്നില്ലായിരുന്നുവെങ്കിൽ അയാൾ തിരിച്ചയയ്ക്കപ്പെടുമായിരുന്ന കേന്ദ്രസർക്കാരിന്റെ കീഴിലുള്ള തസ്തികയ്ക്ക് ബാധകമായ വേതനസ്കെയിലിന് അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതുമാണ്.

(2) പ്രതിഫലവും പെൻഷനും അവധിയും പ്രോവിഡന്റ് ഫണ്ടും ചികിത്സാപരമായ ആനുകൂല്യങ്ങളും ഉൾപ്പെടെയുള്ള ഏതെങ്കിലും സംഗതി സംബന്ധിച്ച നിർണ്ണയിക്കപ്പെട്ട സേവനത്തിന്റെ നിബന്ധനകളും ഉപാധികളും, അതോറിറ്റിയിലേക്കുള്ള ഒരു ഉദ്യോഗസ്ഥന്റെയോ മറ്റ് ജീവനക്കാരന്റെയോ സ്ഥലംമാറ്റത്തിന് തൊട്ടുമുമ്പ് അയാൾ വഹിച്ചിരുന്ന തസ്തികയോട് അനുബന്ധമായിട്ടുള്ളവയിൽനിന്നും കുറവ് അനുകൂലമാണോയെന്ന ഏതെങ്കിലും പ്രശ്നം ഉദിക്കുകയാണെങ്കിൽ ആ സംഗതിയിൽ കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

*അതോറിറ്റിയുടെ ചുമതലകൾ.*

34. (1) ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിധേയമായി, ഏത് പ്രത്യേക സാമ്പത്തികമേഖലയ്ക്ക് വേണ്ടിയാണോ അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്, അതിന്റെ വികസനത്തിനും പ്രവർത്തനത്തിനും നടത്തിപ്പിനുമായി അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നടപടികൾ ഏറ്റെടുക്കുന്നത് ഓരോ അതോറിറ്റിയുടെയും ചുമതലയായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ അതിൽ പരാമർശിക്കപ്പെട്ട നടപടികളിൽ,—

(ക) പ്രത്യേക സാമ്പത്തിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം;

(ഖ) പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നുള്ള കയറ്റുമതി പ്രോൽസാഹിപ്പിക്കൽ;

(ഗ) പ്രത്യേക സാമ്പത്തിക മേഖലയുടെ പ്രവർത്തനവും നിർവ്വഹണവും പുനരവലോകനം ചെയ്യൽ;

(ഘ) അതോറിറ്റിയുടെ വകയായുള്ള വസ്തുക്കളുടെ ഉപയോഗത്തിന് യൂസർ ചാർജ്ജോ സർവ്വീസ് ചാർജ്ജോ ഫീസോ വാടകയോ ചുമത്തൽ;

(ങ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകളുടെ നിർവ്വഹണം,

എന്നിവയ്ക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

*കേന്ദ്ര സർക്കാരിനാലുള്ള ഗ്രാന്റുകളും വായ്പകളും.*

35. പാർലമെന്റ് ഇതിലേയ്ക്കായി ഉണ്ടാക്കിയ നിയമംമൂലം യഥാവിധി വിനിയോഗം നടത്തിയശേഷം, കേന്ദ്രസർക്കാർ ഓരോ അതോറിറ്റിക്കും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ആ സർക്കാരിന് യുക്തമെന്ന് തോന്നുന്ന ഗ്രാന്റുകളായും വായ്പകളായും അഥവാ അങ്ങനെയുള്ള തുകകളായും നൽകാവുന്നതാണ്.

*ഫണ്ടിന്റെ രൂപീകരണവും അതിന്റെ വിനിയോഗവും.*

36. (1) ഓരോ അതോറിറ്റിയും ................................................................................................(ബന്ധപ്പെട്ട പ്രത്യേക സാമ്പത്തിക മേഖലയുടെ പേര്) അതോറിറ്റി ഫണ്ട് എന്ന് വിളിക്കപ്പെടുന്ന ഒരു ഫണ്ട് സ്ഥാപിക്കേണ്ടതും അതിലേയ്ക്ക്,—

(ക) പാർലമെന്റിനാൽ ഇതിലേയ്ക്കായി ഉണ്ടാക്കിയ നിയമംമൂലം യഥാവിധി വിനിയോഗം നടത്തിയശേഷം, കേന്ദ്രസർക്കാർ, അതോറിറ്റിക്ക് നൽകിയേക്കാവുന്ന എല്ലാ തുകകളും;

(ഖ) ഈ ആക്റ്റിൻകീഴിൽ അതോറിറ്റിക്ക് നൽകാവുന്ന എല്ലാ ഗ്രാന്റുകളും അഥവാ വായ്പകളും;

(ഗ) അതോറിറ്റിയുടെ വകയായുള്ള വസ്തുക്കളുടെ ഉപയോഗത്തിന് യൂസർ ചാർജ്ജായോ സർവ്വീസ് ചാർജ്ജായോ ഫീസായോ വാടകയായോ ലഭിക്കുന്ന എല്ലാ തുകകളും;

(ഘ) കേന്ദ്രസർക്കാരിനാൽ തീരുമാനിക്കാവുന്നതനുസരിച്ച് അങ്ങനെയുള്ള മറ്റ് മാർഗ്ഗങ്ങളിൽനിന്നും അതോറിറ്റിക്ക് ലഭിച്ച എല്ലാ തുകകളും, വരവുവയ്ക്കേണ്ടതാണ്.

(2) നിധി—

(ക) അതോറിറ്റിയുടെ അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് പ്രതിഫലവും;

(ഖ) 34-ാം വകുപ്പ് പ്രകാരം അതോറിറ്റി അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ചെലവുകൾ;

(ഗ) ഏതെങ്കിലും വായ്പയുടെ തിരിച്ചടവ്;

(ഘ) ഈ ആക്റ്റിനാൽ പ്രാധികാരപ്പെടുത്തിയ ലക്ഷ്യങ്ങളിൻമേലും ആവശ്യങ്ങൾക്കായും ഉള്ള ചെലവുകൾ;

(ങ) അതോറിറ്റിയുടെ മറ്റേതെങ്കിലും ഭരണപരമായ ചെലവുകൾ, എന്നിവ നേരിടുന്നതിന് വിനിയോഗിക്കേണ്ടതാണ്.

*അക്കൗണ്ടുകളും ആഡിറ്റും.*

37. (1) ഓരോ അതോറിറ്റിയും ശരിയായ അക്കൗണ്ടുകളും ബന്ധപ്പെട്ട മറ്റു രേഖകളും വച്ചുപോരേണ്ടതും കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള ഫാറത്തിൽ ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലുമായി ആലോചിച്ച് അക്കൗണ്ടുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനാൽ ഓരോ അതോറിറ്റിയുടെയും അക്കൗണ്ടുകൾ അദ്ദേഹത്താൽ വിനിർദ്ദേശിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള ഇടവേളകളിൽ ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ഏതെങ്കിലും ചെലവ് അതോറിറ്റി ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് നൽകേണ്ടതുമാണ്.

(3) ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനോ അല്ലെങ്കിൽ അതോറിറ്റിയുടെ ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹത്താൽ നിയമിക്കപ്പെട്ട ഏതെങ്കിലും ആളിനോ അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട്, ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് സർക്കാർ അക്കൗണ്ടുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് പൊതുവായുള്ള അതേ അവകാശങ്ങളും വിശേഷാൽ അവകാശങ്ങളും അധികാരവും ഉണ്ടായിരിക്കുന്നതും പ്രത്യേകിച്ച് ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും പേപ്പറുകളും ഹാജരാക്കുവാൻ ആവശ്യപ്പെടുന്നതിനും അതോറിറ്റിയുടെ ഏതെങ്കിലും ആഫീസുകൾ പരിശോധിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(4) ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലോ അല്ലെങ്കിൽ അദ്ദേഹത്താൽ ഇതിലേക്കായി നിയമിക്കപ്പെട്ട മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള ഓരോ അതോറിറ്റിയുടെയും അക്കൗണ്ടുകൾ, അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം വർഷംതോറും കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതും, കേന്ദ്രസർക്കാർ അത് പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്പിക്കേണ്ടതുമാണ്.

*കേന്ദ്രസർക്കാരിനാലുള്ള നിർദ്ദേശങ്ങൾ.*

38. ഈ ആക്റ്റിന്റെ കാര്യക്ഷമമായ ഭരണനിർവ്വഹണത്തിനായി ഓരോ അതോറിറ്റിയും കേന്ദ്രസർക്കാരിനാൽ കാലാകാലങ്ങളിൽ അതിന് നൽകാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

*റിട്ടേണുകളും റിപ്പോർട്ടുകളും.*

39. (1) ഓരോ അതോറിറ്റിയും കേന്ദ്രസർക്കാരിന്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തും അങ്ങനെയുള്ള ഫാറത്തിലും രീതിയിലും അഥവാ കേന്ദ്രസർക്കാർ നിർദ്ദേശിക്കാവുന്നപ്രകാരം അങ്ങനെയുള്ള റിട്ടേണുകളും സ്റ്റേറ്റ്മെന്റുകളും കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ ആവശ്യപ്പെടാവുന്ന പ്രകാരം കയറ്റുമതിയുടെ പ്രോത്സാഹനവും വികസനവും പ്രത്യേക സാമ്പത്തിക മേഖലയുടെയും യൂണിറ്റുകളുടെയും പ്രവർത്തനവും പരിപാലനവും സംബന്ധിച്ച് അങ്ങനെയുള്ള വിവരങ്ങളും നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, ഓരോ അതോറിറ്റിയും കഴിയുന്നത്രവേഗത്തിൽ ഓരോ സാമ്പത്തിക വർഷവും അവസാനിച്ചതിനുശേഷം, കേന്ദ്രസർക്കാരിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള തീയതിക്ക് മുമ്പും മുൻ സാമ്പത്തികവർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെയും നയത്തിന്റെയും പരിപാടികളുടെയും സത്യവും പൂർണ്ണവുമായ വിവരണം നൽകുന്ന ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച ഓരോ റിപ്പോർട്ടിന്റെയും പകർപ്പ് അത് ലഭ്യമായശേഷം, കഴിയുന്നത്രവേഗത്തിൽ, പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.

*അതോറിറ്റിയെ അതിലംഘിക്കുന്നതിനുള്ള അധികാരം.*

40. (1) ഏതെങ്കിലും സമയത്ത് കേന്ദ്രസർക്കാരിന് ഈ ആക്റ്റിനാലോ അതിൻകീഴിലോ അതിന്മേൽ ചുമത്തപ്പെട്ട കർത്തവ്യം നിറവേറ്റുന്നതിന് അതോറിറ്റിക്ക് കഴിയുന്നില്ലെന്നോ കർത്തവ്യം നിറവേറ്റുന്നതിൽ തുടർച്ചയായി അത് വീഴ്ചവരുത്തിയിട്ടുണ്ടെന്നോ അതിന്റെ അധികാരങ്ങൾ അതിലംഘിക്കുകയോ ദുർവിനിയോഗം ചെയ്യുകയോ ചെയ്തിട്ടുണ്ടെന്നോ 38-ാം വകുപ്പ് പ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും നിർദ്ദേശം അനുസരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നോ കേന്ദ്രസർക്കാരിന് അഭിപ്രായമുള്ളപക്ഷം, കേന്ദ്രസർക്കാരിന് വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരം ആറ് മാസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലയളവിലേക്ക് ആ അതോറിറ്റിയെ അതിലംഘിക്കാവുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് കേന്ദ്രസർക്കാർ, നിർദ്ദിഷ്ട അതിലംഘനത്തിന് എതിരായി നിവേദനം നൽകുന്നതിന് ആ അതോറിറ്റിക്ക് ന്യായമായ സമയം നൽകേണ്ടതും അതോറിറ്റിയുടെ നിവേദനങ്ങൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, പരിഗണിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റിയെ അതിലംഘിച്ചുകൊണ്ടുള്ള ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിൻമേൽ,—

(ക) അതോറിറ്റിയുടെ ചെയർപേഴ്സണും മറ്റ് അംഗങ്ങളും അവരുടെ ഉദ്യോഗകാലാവധി അവസാനിച്ചില്ലെങ്കിൽതന്നെയും അതിലംഘനത്തിന്റെ തീയതി മുതൽ അവർ അങ്ങനെയുള്ള ഉദ്യോഗത്തിൽ നിന്നും ഒഴിയേണ്ടതാണ്;

(ഖ) ഈ ആക്റ്റിലെ വ്യവസ്ഥകളാലോ അതിൻകീഴിലോ അതോറിറ്റിയോ അതോറിറ്റിക്കുവേണ്ടിയോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാമായിരുന്ന എല്ലാ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും അതിലംഘനത്തിന്റെ കാലയളവിൽ കേന്ദ്രസർക്കാർ നിർദ്ദേശിക്കാവുന്ന, അങ്ങനെയുള്ള ആൾ മുഖേനയോ ആളുകൾ മുഖേനയോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതാണ്;

(ഗ) അതോറിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള എല്ലാ വസ്തുവകകളും അതിലംഘനത്തിന്റെ കാലയളവിൽ കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ച അതിലംഘനത്തിന്റെ കാലാവധി തീരുന്നതിൻമേൽ കേന്ദ്രസർക്കാരിന്—

(ക) അതിലംഘനത്തിന്റെ കാലാവധി ആറ് മാസത്തിൽ കവിയാത്ത അങ്ങനെയുള്ള കൂടുതൽ കാലത്തേയ്ക്ക് നീട്ടാവുന്നതാണ്; അഥവാ

(ഖ) 31-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ അതോറിറ്റി പുനർരൂപീകരിക്കാവുന്നതാണ്.

*അതോറിറ്റിയുടെ അംഗങ്ങളും ഉദ്യോഗസ്ഥന്മാരും മറ്റ് ജീവനക്കാരും പബ്ലിക് സർവന്റുമാരായിരിക്കുമെന്ന്.*

41. ഓരോ അതോറിറ്റിയുടെയും എല്ലാ അംഗങ്ങളും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾക്ക് അനുസൃതമായി പ്രവർത്തിക്കുമ്പോഴോ പ്രവർത്തിക്കുന്നതായി കരുതപ്പെടുമ്പോഴോ ഇന്ത്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യുടെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക്സർവന്റുമാരായി കരുതപ്പെടുന്നതാകുന്നു.

## അദ്ധ്യായം VIII

## പലവക

42. (1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,— *തർക്കത്തിന്റെ റഫറൻസ്.*

(ക) പ്രത്യേക സാമ്പത്തിക മേഖലയിൽ രണ്ടോ അതിലധികമോ സംരംഭകർക്കിടയിലോ രണ്ടോ അതിലധികമോ പോഷകർക്കിടയിലോ ഒരു സംരംഭകനും ഒരു പോഷകനും തമ്മിലോ സിവിൽ സ്വഭാവമുള്ള ഏതെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷവും;

(ഖ) 23-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം അങ്ങനെയുള്ള തർക്കം സംബന്ധിച്ച് വ്യവഹാരങ്ങൾ വിചാരണ ചെയ്യുന്നതിന് കോടതിയെയോ കോടതികളെയോ നിയോഗിച്ചിട്ടില്ലാത്തപക്ഷവും,

അങ്ങനെയുള്ള തർക്കം ആർബിട്രേഷന് റഫർ ചെയ്യേണ്ടതാണ്:

എന്നാൽ 23-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം കോടതിയെയോ കോടതികളെയോ നിയോഗിച്ച തീയതിയിലോ അതിനുശേഷമോ യാതൊരു തർക്കവും ആർബിട്രേഷന് റഫർ ചെയ്യുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ആർബിട്രേഷന് ഒരു തർക്കം റഫർ ചെയ്തിട്ടുള്ളിടത്ത്, ആയത്, കേന്ദ്രസർക്കാരിനാൽ നിയമിക്കപ്പെടേണ്ട ആർബിട്രേറ്ററിനാൽ ഒത്തുതീർപ്പാക്കേണ്ടതോ തീരുമാനിക്കപ്പെടേണ്ടതോ ആകുന്നു.

(3) ഈ ആക്റ്റിൻകീഴിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഈ ആക്റ്റിൻ കീഴിലുള്ള എല്ലാ ആർബിട്രേഷനുകൾക്കും, 1996-ലെ ആർബിട്രേഷൻ ആന്റ് കൺസിലിയേഷൻ ആക്റ്റിലെ (1996-ലെ 26) വ്യവസ്ഥകൾ പ്രകാരം ഒത്തുതീർപ്പിനോ തീരുമാനത്തിനോ ആർബിട്രേഷനായി റഫർ ചെയ്യപ്പെട്ടിട്ടുള്ള നടപടികൾക്കെന്നപോലെ, 1996-ലെ ആർബിട്രേഷൻ ആന്റ് കൺസിലിയേഷൻ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

43. (1) ആർബിട്രേഷന് റഫർ ചെയ്യുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും തർക്കത്തിന്റെ സംഗതിയിൽ, തർക്കം ഒരു വ്യവഹാരവും ആർബിട്രേറ്റർ സിവിൽ കോടതിയും ആയിരുന്നാലെന്നപോലെ 1963-ലെ കാലഹരണ ആക്റ്റിന്റെ (1963-ലെ 36) വ്യവസ്ഥകൾ പ്രകാരം കാലഹരണ കാലാവധി നിയന്ത്രിക്കപ്പെടേണ്ടതാകുന്നു. *കാലഹരണം.*

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അങ്ങനെയുള്ള കാലാവധിക്കുള്ളിൽ തർക്കം റഫർ ചെയ്യാതിരുന്നതിന് തനിക്ക് മതിയായ കാരണം ഉണ്ടായിരുന്നുവെന്ന് അപേക്ഷകൻ ആർബിട്രേറ്ററെ ബോദ്ധ്യപ്പെടുത്തുന്നപക്ഷം, കാലഹരണ കാലാവധി അവസാനിച്ചതിനു ശേഷവും ആർബിട്രേറ്റർക്ക് ഒരു തർക്കം സ്വീകരിക്കാവുന്നതാണ്.

44. ഈ ആക്റ്റിലെ എല്ലാ വ്യവസ്ഥകളും (3-ഉം 4-ഉം വകുപ്പുകൾ ഒഴികെ) ആകാവുന്നിടത്തോളം, നിലവിലുള്ള ഓരോ പ്രത്യേക സാമ്പത്തിക മേഖലയ്ക്കും ബാധകമായിരിക്കുന്നതാണ്. *നിലവിലുള്ള പ്രത്യേക സാമ്പത്തിക മേഖലകൾക്ക് ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ബാധകത.*

45. ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും ക്ഷമതയുള്ള അധികാരസ്ഥാനത്താലോ ആളാലോ ഉള്ള ഒരു അറിയിപ്പ് പ്രത്യേക സാമ്പത്തിക മേഖലയുടെയോ യൂണിറ്റിന്റെയോ കാര്യങ്ങളിൻമേൽ അന്തിമമായ നിയന്ത്രണം ഉള്ള ആളിന് അയച്ചുകൊടുക്കാവുന്നതും അല്ലെങ്കിൽ പ്രസ്തുത കാര്യങ്ങൾ ഒരു മാനേജരെയോ ഡയറക്ടറെയോ ചെയർപേഴ്സണെയോ *ഈ ആക്റ്റുപ്രകാരം ഏത് ആളിനാണ് ഒരു അറിയിപ്പ് അയച്ചുകൊടുക്കാവുന്നതെന്ന്.*

മാനേജിംഗ് ഡയറക്ടറെയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ, ഏത് പേരിനാൽ വിളിക്കപ്പെട്ടാലും, ഏൽപിച്ചിട്ടുള്ളത് അങ്ങനെയുള്ള അറിയിപ്പ് അങ്ങനെയുള്ള മാനേജർക്കോ ഡയറക്ടർക്കോ ചെയർപേഴ്സണോ മാനേജിംഗ് ഡയറക്ടർക്കോ അഥവാ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ അയച്ചുകൊടുക്കാവുന്നതാണ്.

*തിരിച്ചറിയൽ കാർഡ്.*

46. ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ നിയോജിച്ചിട്ടുള്ളതോ താമസിക്കുന്നതോ സന്നിഹിതനാകേണ്ടതാണെന്ന് ആവശ്യപ്പെട്ടിട്ടുള്ളതോ ആയ ഓരോ ആളിനും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങുന്നതുമായ ഒരു തിരിച്ചറിയൽ കാർഡ് അങ്ങനെയുള്ള പ്രത്യേക സാമ്പത്തിക മേഖലയിലെ ഓരോ വികസന കമ്മീഷണറും നൽകേണ്ടതാണ്.

*ഭരണനിർവ്വഹണത്തിന് ഉത്തരവാദപ്പെട്ട അധികാരസ്ഥാനങ്ങൾ.*

47. ഏതെങ്കിലും കേന്ദ്ര ആക്റ്റിന്റെയോ സംസ്ഥാന ആക്റ്റിന്റെയോ കീഴിൽ ഏതെങ്കിലും അധികാരം നൽകപ്പെട്ടിട്ടുള്ളതോ ഏതെങ്കിലും ചുമതല നിർവ്വഹിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതോ ആയ ഏതെങ്കിലും അധികാരസ്ഥാനം, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ആ ആക്റ്റിൻകീഴിലെ ഏതെങ്കിലും പ്രത്യേക സാമ്പത്തിക മേഖലയിൽ അങ്ങനെയുള്ള അധികാരം വിനിയോഗിക്കുകയോ അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യേണ്ടതാണ്.

*ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്കുള്ള സംരക്ഷണം.*

48. ഈ ആക്റ്റിൻകീഴിൽ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും കാര്യത്തിനുവേണ്ടി കേന്ദ്രസർക്കാരിനോ ഏതെങ്കിലും ചെയർപേഴ്സണോ അംഗത്തിനോ ഉദ്യോഗസ്ഥനോ ബോർഡിന്റെ മറ്റ് ജീവനക്കാരനോ അംഗീകാരക്കമ്മിറ്റിക്കോ അതോറിറ്റിക്കോ വികസന കമ്മീഷണർക്കോ എതിരെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

*ഈ ആക്റ്റിലെയോ പ്രത്യേക സാമ്പത്തിക മേഖലകളെ സംബന്ധിച്ചുള്ള മറ്റ് അധിനിയമങ്ങളിലെയോ വ്യവസ്ഥ വ്യത്യാസപ്പെടുത്തുന്നതിനുള്ള അധികാരം.*

49 (1) കേന്ദ്രസർക്കാരിന്, വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ച പ്രകാരമുള്ള ഈ ആക്റ്റിലെയോ (54 മുതൽ 56 വരെയുള്ള വകുപ്പുകൾ അല്ലാതെയുള്ള) മറ്റേതെങ്കിലും കേന്ദ്ര ആക്റ്റിലെയോ ഏതെങ്കിലും വ്യവസ്ഥയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ റെഗുലേഷനുകളോ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും വിജ്ഞാപനമോ ഉത്തരവോ അതിൻകീഴിൽ നൽകിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശമോ (ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ അല്ലാതെയുള്ള),—

(ക) ഒരു പ്രത്യേക സാമ്പത്തിക മേഖലയ്ക്കോ പ്രത്യേക സാമ്പത്തിക മേഖലകളുടെ ഒരു വിഭാഗത്തിനോ എല്ലാ പ്രത്യേക സാമ്പത്തിക മേഖലകൾക്കുമോ ബാധകമാകുന്നതല്ലെന്നോ;

(ഖ) ഒരു പ്രത്യേക സാമ്പത്തിക മേഖലയ്ക്കോ പ്രത്യേക സാമ്പത്തിക മേഖലകളുടെ ഒരു വിഭാഗത്തിനോ എല്ലാ പ്രത്യേക സാമ്പത്തിക മേഖലകൾക്കുമോ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ഒഴിവാക്കലുകളോടും രൂപഭേദപ്പെടുത്തലോടും കൂട്ടിച്ചേർക്കലോടുംകൂടിമാത്രം ബാധകമാകുന്നതാണെന്നോ,

നിർദ്ദേശിക്കാവുന്നതാണ്:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, ഏതെങ്കിലും കേന്ദ്ര ആക്റ്റിന്റെ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾക്കോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിനോ റെഗുലേഷനോ പുറപ്പെടുവിച്ച ഏതെങ്കിലും വിജ്ഞാപനത്തിനോ ഉത്തരവിനോ നൽകിയിട്ടുള്ള

നിർദ്ദേശത്തിനോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട സ്കീമിനോ, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ ചട്ടമോ റെഗുലേഷനോ വിജ്ഞാപനമോ ഉത്തരവോ നിർദ്ദേശമോ സ്കീമോ ട്രേഡ് യൂണിയനുകൾ വ്യാവസായികവും തൊഴിൽ പരവുമായ തർക്കങ്ങൾ, ഏതെങ്കിലും പ്രത്യേക സാമ്പത്തിക മേഖലകളിൽ ബാധകമായ ജോലിക്കുള്ള ഉപാധികൾ, പ്രോവിഡണ്ട് ഫണ്ടുകൾ, നിയോജകന്റെ ബാദ്ധ്യത, തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം, ശേഷിയില്ലായ്മ—വാർദ്ധക്യകാലപെൻഷനുകൾ, പ്രസവാനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെ തൊഴിലാളികളുടെ ക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട സംഗതികൾ സംബന്ധിച്ചായിരിക്കുന്നിടത്തോളം, ബാധകമാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കുന്നതിന് ഉദ്ദേശിക്കുന്ന ഓരോ വിജ്ഞാപനത്തിന്റെയും കരട് രൂപത്തിലുള്ള ഒരു പകർപ്പ് പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ, തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരു സഭകളും വിജ്ഞാപനം പുറപ്പെടുവിക്കുന്നത് അംഗീകരിക്കാതിരിക്കുന്നതിൽ യോജിക്കുകയോ വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ ഇരുസഭകളും യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, വിജ്ഞാപനം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ലാത്തതോ, അതത് സംഗതിപോലെ, ഇരുസഭകളും യോജിക്കാവുന്ന അങ്ങനെയുള്ള രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പുറപ്പെടുവിക്കേണ്ടതോ ആകുന്നു.

*ഒഴിവാക്കൽ നൽകുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം.*

50. സംസ്ഥാന സർക്കാരിന്, ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന്റെ ആവശ്യങ്ങൾക്കായി, പോഷകർക്കും യൂണിറ്റുകൾക്കും വേണ്ടിയുള്ള നയങ്ങൾ വിജ്ഞാപനം ചെയ്യാവുന്നതും—

(ക) പോഷകനോ സംരംഭകനോ സംസ്ഥാന നികുതികളിൽ നിന്നോ ലെവികളിൽ നിന്നോ ഡ്യൂട്ടികളിൽ നിന്നോ ഒഴിവാക്കൽ നൽകുന്നതിനും;

(ഖ) ഏതെങ്കിലും സംസ്ഥാന ആക്റ്റിൻകീഴിൽ ഏതെങ്കിലും ആളിനോ അധികാരസ്ഥാനത്തിനോ നല്കപ്പെട്ടിട്ടുള്ള പോഷകനെയോ സംരംഭകനെയോ സംബന്ധിക്കുന്ന അധികാരങ്ങൾ വികസന കമ്മീഷണർക്ക് പ്രത്യായോജനം ചെയ്യുന്നതിനും,

ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിന് അനുയോജ്യമായ നടപടികൾ എടുക്കാവുന്നതുമാണ്.

*ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന്.*

51. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്തിന്റെ ബലത്താൽ പ്രാബല്യമുള്ള ഏതെങ്കിലും പ്രമാണത്തിലോ അവയ്ക്ക് അസംഗതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

*ചില വ്യവസ്ഥകൾ ബാധകമല്ലെന്ന്.*

52. (1) 1962-ലെ കസ്റ്റംസ് ആക്റ്റിലെ (1962-ലെ 52) അദ്ധ്യായം X ക യിലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള 2003-ലെ പ്രത്യേക സാമ്പത്തിക മേഖല ചട്ടങ്ങളിലും 2003-ലെ പ്രത്യേക സാമ്പത്തിക മേഖലകളുടെ (കസ്റ്റംസ് നടപടിക്രമം) റെഗുലേഷനിലും അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ കേന്ദ്രസർക്കാർ വിജ്ഞാപനംവഴി നിശ്ചയിച്ചിട്ടുള്ള അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തോടെ പ്രത്യേക സാമ്പത്തിക മേഖലകൾക്ക് ബാധകമാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുൻപ്, 1962-ലെ കസ്റ്റംസ് ആക്റ്റിന്റെയും (1962-ലെ 52) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള 2003-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ചട്ടങ്ങളിലെയും 2003-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ (കസ്റ്റംസ് നടപടി ക്രമം) റെഗുലേഷനിലെയും വ്യവസ്ഥകളിൻ കീഴിൽ ചെയ്തിട്ടുള്ള എല്ലാ കുറ്റങ്ങളും, അതത് സംഗതി പോലെ, പ്രസ്തുത ആക്റ്റിനാലോ ചട്ടങ്ങളാലോ തുടർന്നും നിയന്ത്രിക്കപ്പെടേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ആക്റ്റിന്റെയും ചട്ടങ്ങളുടെയും റെഗുലേഷനുകളുടെയും വ്യവസ്ഥകൾ പ്രകാരം നടത്തിയതോ പുറപ്പെടുവിച്ചതോ ആയ ഏതെങ്കിലും ചട്ടമോ വിജ്ഞാപനമോ പരിശോധനയോ ഉത്തരവോ നോട്ടീസോ ഉൾപ്പെടെ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ ഏതെങ്കിലും നടപടിയോ നൽകിയ ഏതെങ്കിലും അനുമതിയോ പ്രാധികാരപ്പെടുത്തലോ ഒഴിവാക്കലോ ഒപ്പിട്ടു പൂർത്തീകരിച്ച ഏതെങ്കിലും രേഖയോ പ്രമാണമോ, അവ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തിടത്തോളം, ആ ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ആക്റ്റിലെയോ ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ തൽസ്ഥാനീയ വ്യവസ്ഥകൾ പ്രകാരം ചെയ്തതോ എടുത്തതോ നടത്തിയതോ പുറപ്പെടുവിച്ചതോ നൽകിയതോ ആയി കരുതപ്പെടേണ്ടതാണ്.

*പ്രത്യേക സാമ്പത്തിക മേഖലകൾ ചില സംഗതികളിൽ തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ഉൾപ്രദേശ കണ്ടെയ്നർ ഡിപ്പോകൾ, ഭൂനിലയങ്ങൾ മുതലായവ ആയിരിക്കുമെന്ന്.*

53. (1) ഒരു പ്രത്യേക സാമ്പത്തിക മേഖലയെ അംഗീകൃത പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്റെ ആവശ്യങ്ങൾക്കായി നിശ്ചയിക്കപ്പെട്ട ദിവസവും അത് മുതൽക്കും ഭാരത കസ്റ്റംസ് ഭൂപ്രദേശത്തിന് പുറത്തുള്ള ഭൂപ്രദേശമായി കരുതപ്പെടേണ്ടതാണ്.

(2) ഒരു പ്രത്യേക സാമ്പത്തിക മേഖലയെ, 1962-ലെ കസ്റ്റംസ് ആക്റ്റിലെ (1962-ലെ 52) 7-ാം വകുപ്പ് പ്രകാരം കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തോടെ, അതതു സംഗതിപോലെ, ഒരു തുറമുഖം, വിമാനത്താവളം, ഉൾപ്രദേശ കണ്ടെയ്നർ ഡിപ്പോ, ഭൂനിലയവും ലാന്റ് കസ്റ്റംസ് സ്റ്റേഷനുകളും എന്നിവയായി കരുതപ്പെടേണ്ടതാണ്:

എന്നാൽ ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, കേന്ദ്രസർക്കാരിന്, വ്യത്യസ്ത പ്രത്യേക സാമ്പത്തിക മേഖലകൾക്ക് വ്യത്യസ്ത തീയതികൾ വിജ്ഞാപനം ചെയ്യാവുന്നതാണ്.

*ഒന്നാം പട്ടികയ്ക്കുള്ള ഭേദഗതി.*

54. (1) കേന്ദ്രസർക്കാരിന്, ഈ ആക്റ്റിന്റെ ലക്ഷ്യങ്ങൾ പരിഗണിച്ചുകൊണ്ടും അപ്രകാരം ചെയ്യുന്നത് ആവശ്യമോ യുക്തമോ ആണെന്ന് അത് കരുതുന്നുവെങ്കിലും, വിജ്ഞാപനംമൂലം, ഒന്നാം പട്ടികയിൽ നിന്നും അതിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും അധിനിയമം കൂട്ടിച്ചേർക്കുകയോ, അതത് സംഗതിപോലെ, വിട്ടുകളയുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്നതിന് ഉദ്ദേശിക്കുന്ന ഓരോ കരട് വിജ്ഞാപനത്തിന്റെയും ഒരു പകർപ്പ് പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്ത് വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുൻപ്

ഇരുസഭകളും വിജ്ഞാപനം പുറപ്പെടുവിക്കുന്നത് അംഗീകരിക്കാതിരിക്കുന്നതിൽ യോജിക്കുകയോ ഇരുസഭകളും വിജ്ഞാപനത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, വിജ്ഞാപനം പുറപ്പെടുവിക്കാൻ പാടുള്ളതല്ലാത്തതോ, അതത് സംഗതിപോലെ, ഇരുസഭകളും യോജിക്കാവുന്നപ്രകാരം അങ്ങനെയുള്ള രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പുറപ്പെടുവിക്കേണ്ടതോ ആകുന്നു.

*ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.*

55. (1) കേന്ദ്രസർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 2-ാം വകുപ്പ് (ത) ഖണ്ഡപ്രകാരം പ്രത്യേക സാമ്പത്തിക മേഖലകളുടെ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും (യ) ഖണ്ഡപ്രകാരം പ്രത്യേക സാമ്പത്തിക മേഖലകളിലെ സേവനങ്ങളും;

(ഖ) ഏത് കാലാവധിക്കുള്ളിലാണ് 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ബന്ധപ്പെട്ട ആൾ സംസ്ഥാന സർക്കാരിന്റെ സമ്മതം നേടേണ്ടതെന്ന്;

(ഗ) 3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ഏത് ഫാറത്തിലും രീതിയിലുമാണ് ഒരു നിർദ്ദേശം നൽകാവുന്നതെന്നും അതിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും;

(ഘ) ഏത് കാലാവധിക്കുള്ളിലാണ് സംസ്ഥാന സർക്കാർ 3-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരമുള്ള അതിന്റെ ശുപാർശയോടൊപ്പം നിർദ്ദേശം അയച്ചുകൊടുക്കാവുന്നതെന്ന്;

(ങ) ഏതൊക്കെ ആവശ്യകതകൾക്ക് വിധേയമായാണ് ബോർഡിന് 3-ാം വകുപ്പ് (8)-ാം ഉപവകുപ്പ് പ്രകാരം നിർദ്ദേശം അംഗീകരിക്കുകയോ വ്യത്യാസപ്പെടുത്തുകയോ നിരസിക്കുകയോ ചെയ്യാവുന്നതെന്ന്;

(ച) 3-ാം വകുപ്പ് (10)-ാം ഉപവകുപ്പ് പ്രകാരം അംഗീകാരപത്രം നൽകുന്നത് സംസ്ഥാനസർക്കാരിനെയോ പോഷകനെയോ സംരംഭകനെയോ ഏതു കാലാവധിക്കുള്ളിൽ അറിയിക്കണമെന്ന്;

(ഛ) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു സംസ്ഥാനത്തെ പ്രത്യേകം തിരിച്ചറിയപ്പെട്ട പ്രദേശത്തെ ഒരു പ്രത്യേക സാമ്പത്തിക മേഖലയായി വിജ്ഞാപനം ചെയ്യുന്നതിനുള്ള മറ്റ് ആവശ്യകതകൾ;

(ജ) ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും പരിമിതികൾക്കും വിധേയമായാണ് ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽനിന്നും കയറ്റുമതി ചെയ്യുന്നതോ ഒരു പ്രത്യേക സാമ്പത്തിക മേഖലയിലേക്ക് ഇറക്കുമതി ചെയ്യുന്നതോ സ്വദേശീയ തീരുവ പ്രദേശത്തുനിന്നും ഒരു പ്രത്യേക സാമ്പത്തിക മേഖലയിലേക്ക് സംഭരിച്ചതോ ആയ ചരക്കുകളോ സേവനങ്ങളോ 7-ാം വകുപ്പുപ്രകാരമുള്ള നികുതികളോ ഡ്യൂട്ടികളോ സെസ്സോ നൽകുന്നതിൽനിന്നും ഒഴിവാക്കപ്പെടേണ്ടതെന്ന്;

(ഝ) 10-ാം വകുപ്പ് (9)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം ഒരു പോഷകന്റെ അംഗീകാരപത്രം സസ്പെന്റ് ചെയ്യുന്ന സംഗതിയിൽ, അംഗീകാരപത്രം കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമം;

(ഞ) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു നിർദ്ദേശം സമർപ്പിക്കാവുന്നത് ഏതു ഫാറത്തിലും രീതിയിലും ആയിരിക്കണമെന്നും അതിൽ അടങ്ങിയിരിക്കേണ്ടതായ വിവരങ്ങളും;

(ട) അംഗീകാര കമ്മിറ്റിയുടെ ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഒരാൾക്ക് 15-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ഒരു അപ്പീൽ സമർപ്പിക്കാവുന്നത് ഏതു സമയത്തിനുള്ളിലായിരിക്കണമെന്ന്;

(ഠ) 15-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം ഒരു അപ്പീൽ നൽകേണ്ടത് ഏത് ഫാറത്തിലായിരിക്കണമെന്നും അങ്ങനെയുള്ള അപ്പീൽ കൊടുക്കുന്നതിനുള്ള ഫീസും ;

(ഡ) 15-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം ഒരു അപ്പീൽ തീർപ്പാക്കുന്നതിനുള്ള നടപടിക്രമം;

(ഢ) ഏതെല്ലാം ആവശ്യകതകൾക്ക് (ഒരു യൂണിറ്റ് സ്ഥാപിച്ചേക്കാവുന്നത് ഏത് കാലാവധിയിലേക്കാണ് എന്നതുൾപ്പെടെ) വിധേയമായാണ് 15-ാം വകുപ്പ് (8)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം നിർദ്ദേശം അംഗീകരിക്കുകയോ വ്യത്യാസപ്പെടുത്തുകയോ നിരസിക്കുകയോ ചെയ്യാവുന്നതെന്ന്;

(ണ) യൂണിറ്റിനുള്ള ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണ് 15-ാം വകുപ്പ് (8)-ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരം അത് പ്രാധികാരപ്പെടുത്തപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതെന്നും യൂണിറ്റിന്റെ ബാദ്ധ്യതകളും അവകാശങ്ങളും;

(ത) അംഗീകാരകമ്മിറ്റിയുടെ ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഒരാൾക്ക് 16-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ഒരു അപ്പീൽ സമർപ്പിക്കാവുന്നത് ഏത് സമയത്തിനുള്ളിലായിരിക്കണമെന്ന്;

(ഥ) 16-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം അപ്പീൽ ഏത് ഫാറത്തിലാണ് കൊടുക്കേണ്ടതെന്നും അങ്ങനെയുള്ള അപ്പീൽ കൊടുക്കുന്നതിനുള്ള ഫീസും;

(ദ) 16-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം ഒരു അപ്പീൽ തീർപ്പാക്കുന്നതിനുള്ള നടപടിക്രമം;

(ധ) 17-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ ഒരു ഓഫ്ഷോർ ബാങ്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഒരു അപേക്ഷ നൽകാവുന്നത് ഏത് ഫാറത്തിലും രീതിയിലുമാണെന്ന്;

(ന) 18-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ ഒരു അന്താരാഷ്ട്ര ധനകാര്യ സേവനകേന്ദ്രം സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വേണ്ട ആവശ്യകതകൾ;

(പ) ഏതെല്ലാം ആവശ്യകതകൾക്കും നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണ് 18-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ അന്താരാഷ്ട്ര ധനകാര്യ സേവനകേന്ദ്രത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യാവുന്നതെന്ന്;

(ഫ) 19-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം ഏതെങ്കിലും ലൈസൻസോ അനുമതിയോ രജിസ്ട്രേഷനോ അംഗീകാരമോ നേടുന്നതിന് വേണ്ട ഒറ്റ അപേക്ഷയുടെ ഫാറം;

(ബ) 19-ാം വകുപ്പ് (ഗ) ഖണ്ഡപ്രകാരം ഒരു സംരംഭകനോ പോഷകനോ നൽകേണ്ട ഒറ്റ റിട്ടേണിന്റെയോ വിവരത്തിന്റെയോ മാതൃക;

(ഭ) 26-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഓരോ പോഷകനും സംരംഭകനും ഒഴിവാക്കലുകളോ ഇളവുകളോ അടച്ച തീരുവ തിരികെ ലഭിക്കലോ മറ്റ് ആനുകൂല്യങ്ങളോ നൽകേണ്ടത് ഏത് രീതിയിലാണെന്നും ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണെന്നും;

(മ) 28-ാം വകുപ്പ് പ്രകാരം ഏതെങ്കിലും സാമ്പത്തിക മേഖലയിലേക്ക് കൊണ്ടുവന്ന ഏതെങ്കിലും ചരക്കുകളോ നൽകിയ സേവനങ്ങളോ അങ്ങനെയുള്ള യൂണിറ്റിലോ പ്രത്യേക സാമ്പത്തിക മേഖലയിലോ നിലനിൽക്കുകയോ തുടർന്നു നൽകുകയോ ചെയ്യേണ്ടത് ഏതു കാലയളവിലേക്കാണെന്ന്;

(യ) ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണ് 29-ാം വകുപ്പ് പ്രകാരം ഏതെങ്കിലും യൂണിറ്റിലേക്കോ പ്രത്യേക സാമ്പത്തിക മേഖലയിലേക്കോ കൊണ്ടുവന്നതോ അവിടെ ഉൽപാദിപിച്ചതോ നിർമ്മിച്ചതോ ആയ ഏതെങ്കിലും ചരക്കുകളുടെ ഉടമസ്ഥാവകാശത്തിന്റെ കൈമാറ്റമോ അങ്ങനെയുള്ള യൂണിറ്റിൽ നിന്നോ മേഖലയിൽ നിന്നോ ഉള്ള നീക്കം ചെയ്യലോ അനുവദിക്കേണ്ടതെന്ന്;

(യക) ഏതെല്ലാം നിബന്ധനകൾക്ക് വിധേയമായാണ് യൂണിറ്റുകൾക്ക് 30-ാം വകുപ്പ് പ്രകാരം ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൽപാദിപിച്ച ചരക്കുകൾ സ്വദേശീയ തീരുവപ്രദേശത്ത് വിൽക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതെന്ന്;

(യഖ) 31-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം ഓരോ അതോറിറ്റിയുടെയും എക്സ് ഒഫീഷ്യോ അംഗങ്ങൾ അല്ലാത്ത അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും ഒഴിവുകൾ നികത്തുന്നതിന്റെ രീതിയും;

(യഗ) ഏതു രീതിയിലും ഏതെല്ലാം ഉപാധികൾക്കു വിധേയമായും ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയുമാണ് 31-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ആളുമായി കൂട്ടുചേരാവുന്നതെന്ന്;

(യഘ) 31-ാം വകുപ്പ് (10)-ാം ഉപവകുപ്പ് പ്രകാരം യോഗങ്ങളുടെ സമയവും സ്ഥലങ്ങളും യോഗങ്ങളിലെ ബിസിനസ്സ് നടത്തിപ്പിന് അനുവർത്തിക്കേണ്ട നടപടിക്രമവും;

(യങ) 32-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ വികസന കമ്മീഷണറുടെയും അധികാരങ്ങളും ചുമതലകളും;

(യച) 32-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഓരോ അതോറിറ്റിയിലെയും ഉദ്യോഗസ്ഥൻമാരുടെയും മറ്റ് ജീവനക്കാരുടെയും നിയമന രീതിയും അവരുടെ സേവനോപാധികളും ശമ്പള സ്കെയിലും ബത്തകളും;

(യഛ) 34-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ങ) ഖണ്ഡപ്രകാരം അതോറിറ്റി നിർവ്വഹിക്കേണ്ട മറ്റ് ചുമതലകൾ;

(യജ) 37-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ അതോറിറ്റിയുടെയും അക്കൗണ്ടുകളും മറ്റ് പ്രസക്തമായ രേഖകളും വച്ചുപോരേണ്ടതും അക്കൗണ്ടുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതും ഏത് ഫാറത്തിലായിരിക്കണമെന്ന്;

(യഝ) 39-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ അതോറിറ്റിയും കേന്ദ്രസർക്കാരിന് റിട്ടേണുകളും സ്റ്റേറ്റ്മെന്റുകളും മറ്റ് വിവരങ്ങളും നൽകേണ്ടത് ഏത് ഫാറത്തിലും ഏതു രീതിയിലും ഏതു സമയത്തുമായിരിക്കണമെന്ന്;

(യഞ) 39-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഓരോ അതോറിറ്റിയും കേന്ദ്രസർക്കാരിന് അതിന്റെ പ്രവർത്തനങ്ങളുടെയും നയത്തിന്റെയും പരിപാടികളുടെയും റിപ്പോർട്ട് ഏത് ഫാറത്തിലും ഏതു തീയതിക്കു മുൻപായും നൽകണമെന്ന്;

(യട) 46-ാം വകുപ്പ് പ്രകാരമുള്ള തിരിച്ചറിയൽ കാർഡുകളുടെ ഫാറവും അടങ്ങിയിരിക്കേണ്ട വിവരങ്ങളും;

(യഠ) നിർണ്ണയിക്കപ്പെടേണ്ടതോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

(3) കേന്ദ്രസർക്കാർ, ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുത് എന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ ആ ചട്ടത്തിന്, അതിനുശേഷം, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവമുണ്ടായിരിക്കുകയോ അല്ലെങ്കിൽ, അതത് സംഗതിപോലെ, യാതൊരു പ്രഭാവവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

*വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.*

56. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് ഏതെങ്കിലും വിഷമത ഉണ്ടാകുന്നപക്ഷം, കേന്ദ്രസർക്കാരിന് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് വഴി, ആ വിഷമതകൾ നീക്കം ചെയ്യുന്നതിന് അതിന് ആവശ്യമെന്നോ സമീചീനമായതെന്നോ തോന്നുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ രണ്ടു വർഷത്തിനു ശേഷം ഈ വകുപ്പിൻകീഴിൽ അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും അത് ഉണ്ടാക്കിയശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഇരുസഭകളുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.

*ചില അധിനിയമങ്ങളുടെ ഭേദഗതി.*

57. കേന്ദ്രസർക്കാർ, വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ 3-ാം പട്ടികയിൽ വിനിർദ്ദേശിച്ച അധിനിയമം അതിൽ വിനിർദ്ദേശിച്ച രീതിയിൽ ഭേദഗതി ചെയ്യേണ്ടതാണ്:

എന്നാൽ 3-ാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ ഒരു പ്രത്യേക സാമ്പത്തിക മേഖലയ്ക്കോ പ്രത്യേക സാമ്പത്തിക മേഖലകളുടെ ഒരു വിഭാഗത്തിനോ എല്ലാ പ്രത്യേക സാമ്പത്തിക മേഖലകൾക്കുമോ,

ബാധകമാക്കേണ്ടതിന് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതാണ്.

58. പ്രത്യേക സാമ്പത്തിക മേഖലകളുമായി ബന്ധപ്പെട്ട ഏതെങ്കിലും കേന്ദ്ര ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ളതോ ഉണ്ടാക്കിയിട്ടുള്ളതായി കരുതപ്പെടുന്നതോ ആയ എല്ലാ ചട്ടങ്ങളും അഥവാ പുറപ്പെടുവിച്ചിട്ടുള്ളതോ പുറപ്പെടുവിച്ചിട്ടുള്ളതായി കരുതപ്പെടുന്നതോ ആയ എല്ലാ വിജ്ഞാപനങ്ങളും, അവ ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ടതും അവയ്ക്ക് അസംഗതമല്ലാത്തതും ആയിരിക്കുന്നിടത്തോളം, അങ്ങനെയുള്ള ചട്ടങ്ങൾ ഉണ്ടാക്കിയതോ വിജ്ഞാപനം പുറപ്പെടുവിച്ചതോ ആയ തീയതിയിൽ ഈ ആക്റ്റ് പ്രാബല്യത്തിലുണ്ടായിരുന്നുവെന്നതുപോലെ, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയതോ പുറപ്പെടുവിച്ചതോ ആയി കരുതപ്പെടേണ്ടതും, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളാലോ പുറപ്പെടുവിച്ച ഏതെങ്കിലും വിജ്ഞാപനങ്ങളാലോ അവ അതിലംഘിക്കപ്പെട്ടിട്ടില്ലെങ്കിലും അഥവാ അതിലംഘിക്കപ്പെടുന്നതുവരെയും പ്രാബല്യത്തിൽ തുടരുന്നതുമാണ്. *ഒഴിവാക്കലുകൾ.*

ഒന്നാം പട്ടിക

(7-ഉം 54-ഉം വകുപ്പുകൾ കാണുക)

അധിനിയമങ്ങൾ

1. 1940-ലെ ദി അഗ്രികൾച്ചറൽ പ്രൊഡ്യൂസ് സെസ്സ് ആക്റ്റ് (1940-ലെ 27)
2. 1942-ലെ ദി കോഫി ആക്റ്റ് (1942-ലെ 7)
3. 1946-ലെ അഭ്ര ഖനികൾ തൊഴിലാളികൾ ക്ഷേമനിധി ആക്റ്റ് (1946-ലെ 22)
4. 1947-ലെ ദി റബ്ബർ ആക്റ്റ് (1947-ലെ 24)
5. 1953-ലെ ദി റ്റീ ആക്റ്റ് (1953-ലെ 29)
6. 1953-ലെ ഉപ്പ് സെസ്സ് ആക്റ്റ് (1953-ലെ 49)
7. 1955-ലെ ദി മെഡിസിനൽ ആന്റ് ടോയ്‌ലറ്റ് പ്രിപ്പറേഷൻസ് (എക്സൈസ് ഡ്യൂട്ടീസ്) ആക്റ്റ് (1955-ലെ 16)
8. 1957-ലെ ദി അഡീഷണൽ ഡ്യൂട്ടീസ് ഓഫ് എക്സൈസ് (ഗുഡ്സ് ഓഫ് സ്പെഷ്യൽ ഇംപോർട്ടൻസ്) ആക്റ്റ് (1957-ലെ 58)
9. 1961-ലെ ദി ഷുഗർ (റെഗുലേഷൻ ഓഫ് പ്രൊഡക്ഷൻ) ആക്റ്റ് (1961-ലെ 55)
10. 1963-ലെ ദി ടെക്സ്റ്റൈൽസ് കമ്മിറ്റി ആക്റ്റ് (1963-ലെ 41)
11. 1966-ലെ ദി പ്രൊഡ്യൂസ് സെസ്സ് ആക്റ്റ് (1966-ലെ 15)
12. 1972-ലെ ദി മറൈൻ പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി ആക്റ്റ് (1972-ലെ 13)
13. 1974-ലെ ദി കോൾമൈൻസ് (കൺസർവേഷൻ ആന്റ് ഡെവലപ്മെന്റ്) ആക്റ്റ് (1974-ലെ 28)
14. 1974-ലെ ദി ഓയിൽ ഇൻഡസ്ട്രി (ഡെവലപ്മെന്റ്) ആക്റ്റ് (1974-ലെ 47)
15. 1975-ലെ ദി റ്റുബാക്കോ സെസ്സ് ആക്റ്റ് (1975-ലെ 26)
16. 1978-ലെ ദി അഡീഷണൽ ഡ്യൂട്ടീസ് ഓഫ് എക്സൈസ് (ടെക്സ്റ്റയിൽ ആന്റ് ടെക്സ്റ്റയിൽ ആർട്ടിക്കിൾസ്) ആക്റ്റ് (1978-ലെ 40)
17. 1982-ലെ ദി ഷുഗർ സെസ്സ് ആക്റ്റ് (1982-ലെ 3)
18. 1983-ലെ ദി ജ്യൂട്ട് മാനുഫാക്ച്ചേഴ്സ് സെസ്സ് ആക്റ്റ് (1983-ലെ 28)

19. 1985-ലെ ദി അഗ്രികൾച്ചറൽ ആന്റ് പ്രൊസസ്സ്ഡ് ഫുഡ് പ്രൊഡക്റ്റ്സ് എക്സ്പോർട്ട് ആക്റ്റ് (1986-ലെ 3)

20. 1986-ലെ ദി സ്പൈസസ്സ് സെസ്സ് ആക്റ്റ് (1986-ലെ 11)

21. 1986-ലെ ദി റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെസ്സ് ആക്റ്റ് (1986-ലെ 32)

രണ്ടാം പട്ടിക

(27-ാം വകുപ്പ് കാണുക)

## 1961-ലെ ആദായനികുതി ആക്റ്റിനുള്ള രൂപഭേദപ്പെടുത്തലുകൾ

(1961-ലെ 43)

(ക) 10-ാം വകുപ്പിൽ,—

(ക) 15-ാം ഖണ്ഡത്തിൽ (vii)-ാം ഉപഖണ്ഡത്തിനു ശേഷം, താഴെ പറയുന്ന ഖണ്ഡം അവസാനം ചേർക്കേണ്ടതാണ്, അതായത്:—

"(viii) 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിലെ 2-ാം വകുപ്പ് (പ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു ഓഫ്ഷോർ ബാങ്കിംഗ് യൂണിറ്റിൽ 2005 ഏപ്രിൽ 1-ാം തീയതിയോ അതിനു ശേഷമോ നടത്തിയ നിക്ഷേപത്തിന്മേൽ ഒരു പ്രവാസിക്കോ ഭാരതത്തിൽ സാധാരണയായി താമസിക്കാത്ത ഒരാൾക്കോ പലിശയായി ലഭിച്ച ഏതെങ്കിലും ആദായം";

(ഖ) 23 ഛ ഖണ്ഡത്തിൽ "80 ഝ ക വകുപ്പ് (4)-ാം ഉപവകുപ്പ്" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും അക്കങ്ങൾക്കും അക്ഷരങ്ങൾക്കും ശേഷം "അല്ലെങ്കിൽ 80 ഝ ക ഖ വകുപ്പ് (3)-ാം ഉപവകുപ്പ്" എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും അക്ഷരങ്ങളും ചേർക്കേണ്ടതാണ്;

(ഗ) (34)-ാം ഖണ്ഡത്തിൽ താഴെ പറയുന്ന വിശദീകരണം ഉൾക്കൊള്ളിക്കേണ്ടതാണ്, അതായത്:—

"*വിശദീകരണം.*—സംശയങ്ങൾ നീക്കം ചെയ്യുന്നതിലേക്കായി, 115 ണ വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഡിവിഡന്റ്, ഒരു പോഷകനോ സംരംഭകനോ ആയ അസ്സസിയുടെ മൊത്തം ആദായത്തിൽ ഉൾപ്പെടുത്തുന്നതല്ല എന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു";

(ഖ) 10 ക വകുപ്പിൽ (7 ക) ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7 ഖ) ഏതെങ്കിലും പ്രത്യേക സാമ്പത്തിക മേഖലയിൽ 2006 ഏപ്രിൽ 1-ാം തീയതിയോ അതിനുശേഷമോ ആരംഭിക്കുന്ന ഏതെങ്കിലും അസ്സസ്മെന്റ് വർഷത്തിന് പ്രസക്തമായ മുൻവർഷത്തിൽ സാധനങ്ങളോ വസ്തുക്കളോ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറോ ഉൽപാദിപ്പിക്കുകയോ നിർമ്മിക്കുകയോ ചെയ്യാൻ തുടങ്ങിയതോ തുടങ്ങുന്നതോ ആയ 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിലെ 2-ാം വകുപ്പിന്റെ (യഗ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു യൂണിറ്റായുള്ള ഏതെങ്കിലും സംരംഭത്തിന് ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല";

(ഗ) 10 ക വകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"10 ക ക പ്രത്യേക സാമ്പത്തികമേഖലകളിലെ പുതുതായി സ്ഥാപിച്ച യൂണിറ്റുകൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.— (1) ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി 2006 ഏപ്രിൽ 1-ാം തീയതിയോ അതിനുശേഷമോ ആരംഭിക്കുന്ന ഏതെങ്കിലും അസ്സസ്മെന്റ് വർഷത്തിന് പ്രസക്തമായ മുൻവർഷത്തിൽ സാധനങ്ങളോ വസ്തുക്കളോ ഉൽപാദിപ്പിക്കുവാനോ നിർമ്മിക്കുവാനോ ഏതെങ്കിലും സേവനങ്ങൾ നൽകുവാനോ തുടങ്ങുന്ന, 2005-ലെ പ്രത്യേകസാമ്പത്തികമേഖലകൾ ആക്റ്റിലെ 2-ാം വകുപ്പ് (ഞ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു സംരംഭകൻ ആയ എല്ലാ അസ്സസികളുടെയും അയാളുടെ യൂണിറ്റിൽ നിന്നുള്ള മൊത്തം ആദായം കണക്കാക്കുന്നതിൽ,—

(i) യൂണിറ്റ് അങ്ങനെയുള്ള സാധനങ്ങളോ വസ്തുക്കളോ ഉൽപ്പാദിപ്പിക്കുവാനോ നിർമ്മിക്കുവാനോ അഥവാ സേവനങ്ങൾ നൽകുവാനോ തുടങ്ങുന്ന അസ്സസ്മെന്റ് വർഷത്തിന് പ്രസക്തമായ മുൻവർഷത്തിൽ തുടങ്ങി തുടർച്ചയായുള്ള അഞ്ച് അസ്സസ്മെന്റ് വർഷക്കാലത്തേക്ക് അങ്ങനെയുള്ള സാധനങ്ങളുടെയോ വസ്തുക്കളുടെയോ കയറ്റുമതിയിൽ നിന്നോ, അതതുസംഗതിപോലെ, അങ്ങനെയുള്ള സേവനങ്ങളിൽ നിന്നോ ലഭിക്കുന്ന ലാഭങ്ങളുടെയും നേട്ടങ്ങളുടെയും നൂറു ശതമാനവും പിന്നീടുള്ള അഞ്ച് അസ്സസ്മെന്റ് വർഷത്തേക്കും അതിനുശേഷവും അങ്ങനെയുള്ള ലാഭങ്ങളുടെയും നേട്ടങ്ങളുടെയും അൻപത് ശതമാനവും;

(ii) അതിനുശേഷം തുടർച്ചയായുള്ള അഞ്ച് അസ്സസ്മെന്റ് വർഷങ്ങൾക്ക്, ഏത് മുൻവർഷത്തെ സംബന്ധിച്ചാണോ കിഴിവ് അനുവദിക്കുകയും (2)-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള രീതിയിൽ അസ്സസിയുടെ ബിസിനസ്സ് ആവശ്യങ്ങൾക്കായി ഉണ്ടാക്കേണ്ടതും ഉപയോഗിക്കേണ്ടതുമായ ("പ്രത്യേക സാമ്പത്തികമേഖല പുനർനിക്ഷേപ റിസർവ്വ് അക്കൗണ്ട്" എന്ന് വിളിക്കപ്പെടേണ്ട) ഒരു റിസർവ്വ് അക്കൗണ്ടിൽ വരവ് വയ്ക്കുകയും ചെയ്യേണ്ടത്, ആ വർഷത്തെ ലാഭവും നഷ്ടവും അക്കൗണ്ടിൽ നിന്ന് കുറവ് ചെയ്യുന്നതായ ലാഭത്തിന്റെ 50 ശതമാനത്തിൽ അധികരിക്കാത്ത അത്രയും തുകയും,

കിഴിവ് അനുവദിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ (ii)-ാം ഖണ്ഡപ്രകാരമുള്ള കിഴിവ് താഴെപറയുന്ന ഉപാധികൾ നിറവേറ്റിയാൽ മാത്രം അനുവദിക്കേണ്ടതാണ്, അതായത്:—

(ക) പ്രത്യേക സാമ്പത്തിക മേഖല പുനർനിക്ഷേപ റിസർവ്വ് അക്കൗണ്ടിലേക്ക് മുതൽകൂട്ടിയ തുക—

(i) റിസർവ്വ് ഉണ്ടാക്കിയ മുൻവർഷത്തെ തുടർന്നുള്ള മൂന്ന് വർഷത്തെ കാലാവധി തീരുന്നതിന് മുമ്പായി ആദ്യം ഉപയോഗത്തിൽ കൊണ്ടുവന്ന യന്ത്രങ്ങളോ യന്ത്രസാമഗ്രികളോ ആർജ്ജിക്കുന്നതിനുള്ള ആവശ്യങ്ങൾക്കായും;

(ii) മേൽപറഞ്ഞ പ്രകാരമുള്ള യന്ത്രങ്ങളോ യന്ത്രസാമഗ്രികളോ ആർജ്ജിക്കുന്നതുവരെ ഡിവിഡന്റുകളായോ ലാഭമായോ ലാഭമായി ഭാരതത്തിന് പുറത്ത് പണമടയ്ക്കുന്നതിനോ ഭാരതത്തിന് പുറത്ത് ഏതെങ്കിലും ആസ്തി ഉണ്ടാക്കുന്നതിനോ അല്ലാതെയുള്ള സംരംഭത്തിന്റെ ബിസിനസ്സ് ആവശ്യങ്ങൾക്കായും,

ഉപയോഗിക്കേണ്ടതാകുന്നു.

(ഖ) 10 ക വകുപ്പ് (1 ഖ) ഉപവകുപ്പിന്റെ (ഖ) ഖണ്ഡപ്രകാരം കേന്ദ്ര പ്രത്യക്ഷ നികുതികൾ ബോർഡ് ഇതിലേക്കായി വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള യന്ത്രങ്ങളുടെയോ അല്ലെങ്കിൽ യന്ത്രസാമഗ്രികളുടെയോ വിവരങ്ങൾ അസ്സസി അങ്ങനെയുള്ള യന്ത്രസാമഗ്രികളോ യന്ത്രങ്ങളോ ആദ്യമായി ഉപയോഗിച്ച മുൻവർഷത്തിന് പ്രസക്തമായ അസ്സസ്മെന്റ് വർഷത്തെ ആദായത്തിന്റെ റിട്ടേണിനൊപ്പം നൽകിയിട്ടുണ്ടായിരിക്കണം.

(3) (1)-ാം ഉപവകുപ്പ് (ii)-ാം ഖണ്ഡത്തിൻ കീഴിൽ പ്രത്യേക സാമ്പത്തിക മേഖല പുനർനിക്ഷേപ റിസർവ്വ് അക്കൗണ്ടിലേക്ക് വരവുവച്ചിട്ടുള്ള ഏതെങ്കിലും തുക—

(ക) (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ളതല്ലാത്ത ഏതെങ്കിലും ആവശ്യത്തിനായി ഉപയോഗിച്ചിട്ടുള്ളിടത്ത് അപ്രകാരം ഉപയോഗിച്ച തുക; അല്ലെങ്കിൽ

(ഖ) (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിലെ (i)-ാം ഉപഖണ്ഡത്തിൽ വിനിർദ്ദേശിച്ച കാലാവധി തീരുന്നതിന് മുമ്പ് ഉപയോഗിച്ചിട്ടില്ലാത്തിടത്ത്, അപ്രകാരം ഉപയോഗിക്കാത്ത തുക—

(i) (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു സംഗതിയിൽ, അപ്രകാരം തുക ഉപയോഗിച്ചിട്ടുള്ള വർഷത്തെയോ; അല്ലെങ്കിൽ

(ii) (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു സംഗതിയിൽ, (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ വിനിർദ്ദേശിച്ച വർഷത്തിന്റെ തുടർന്നുള്ള മൂന്ന് വർഷക്കാലത്തെയോ,

ലാഭമായി കരുതപ്പെടേണ്ടതും അതനുസരിച്ച് നികുതി ചുമത്തേണ്ടതുമാകുന്നു:

എന്നാൽ യൂണിറ്റിന്റെ ഏതെങ്കിലും അസ്സസ്മെന്റ് വർഷത്തെ മൊത്തം ആദായം കണക്കാക്കുന്നതിൽ അതിന്റെ ലാഭവും നേട്ടങ്ങളും 10 ക വകുപ്പ് (7 ഖ) ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാക്കിക്കൊണ്ട് ഉൾപ്പെടുത്തിയിട്ടില്ലാത്തിടത്ത് ഈ ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കിഴിവിന് യൂണിറ്റ് ആയ സംരംഭത്തിന്, തുടർച്ചയായ പത്ത് അസ്സസ്മെന്റ് വർഷങ്ങളിലെ ശേഷിക്കുന്ന കാലയളവിലേക്ക് മാത്രം കിഴിവിന് അവകാശം ഉണ്ടായിരിക്കുന്നതും അതിനുശേഷം (1)-ാം ഉപവകുപ്പ് (ii)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ആദായത്തിൽ നിന്നും കിഴിവിന് അതിന് അർഹതയുണ്ടായിരിക്കുന്നതുമാകുന്നു:

*വിശദീകരണം.*—സംശയങ്ങൾ നീക്കുന്നതിനായി, 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ്, യൂണിറ്റായ ഒരു സംരംഭം, തുടർച്ചയായ പത്ത് അസ്സസ്മെന്റ് വർഷങ്ങളിലേക്ക്, 10 ക വകുപ്പിൽ പരാമർശിച്ചിട്ടുള്ള കിഴിവുകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള യൂണിറ്റിന് ഈ വകുപ്പ് പ്രകാരം ആദായത്തിൽ നിന്നുമുള്ള കിഴിവിന് അർഹതയുണ്ടായിരിക്കുന്നതല്ലെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു:

എന്നുമാത്രമല്ല ആദ്യം ഏതെങ്കിലും സ്വതന്ത്രവ്യാപാരമേഖലയിലോ കയറ്റുമതി പ്രോസസിംഗ് മേഖലയിലോ സ്ഥിതിചെയ്തിരുന്ന ഒരു യൂണിറ്റ് പിന്നീട് അങ്ങനെയുള്ള സ്വതന്ത്ര വ്യാപാരമേഖലയോ കയറ്റുമതി പ്രോസസിംഗ് മേഖലയോ ഒരു പ്രത്യേക സാമ്പത്തിക മേഖലയായി മാറ്റപ്പെട്ടു എന്ന കാരണത്താൽ ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥിതി ചെയ്യുന്നിടത്ത്, മുകളിൽ പരാമർശിച്ചിട്ടുള്ള തുടർച്ചയായ പത്ത് അസ്സസ്മെന്റ് വർഷങ്ങളുടെ കാലയളവ് അങ്ങനെയുള്ള സ്വതന്ത്ര

വ്യാപാരമേഖലയിലോ കയറ്റുമതി പ്രോസസിംഗ് മേഖലയിലോ ആ യൂണിറ്റ് അങ്ങനെയുള്ള സാധനങ്ങളോ വസ്തുക്കളോ ഉല്പാദിപ്പിക്കുകയോ നിർമ്മിക്കുകയോ പ്രോസസ്സ് ചെയ്യുകയോ സേവനങ്ങൾ നൽകുകയോ ചെയ്യാൻ തുടങ്ങിയ മുൻവർഷത്തിന് പ്രസക്തമായ അസ്സസ്മെന്റ് വർഷം മുതൽ കണക്കാക്കേണ്ടതാണ്:

എന്നുമാത്രവുമല്ല ആദ്യം ഏതെങ്കിലും സ്വതന്ത്ര വ്യാപാരമേഖലയിലോ കയറ്റുമതി പ്രോസസിംഗ് മേഖലയിലോ സ്ഥിതിചെയ്തിരുന്ന ഒരു യൂണിറ്റ് പിന്നീട് അങ്ങനെയുള്ള സ്വതന്ത്രവ്യാപാരമേഖലയോ കയറ്റുമതി പ്രോസസിംഗ് മേഖലയോ ഒരു പ്രത്യേക സാമ്പത്തിക മേഖലയായി മാറ്റപ്പെട്ടു എന്ന കാരണത്താൽ ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥിതി ചെയ്യുകയും മുകളിൽ പരാമർശിച്ചിട്ടുള്ള തുടർച്ചയായ പത്ത് അസ്സസ്മെന്റ് വർഷങ്ങളുടെ കാലയളവ് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളത്, (1)-ാം ഉപവകുപ്പിന്റെ (ii)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ആദായത്തിൽ നിന്നുള്ള കിഴിവിന് 2006 ഏപ്രിൽ 1-ാം തീയതി മുതൽ അതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(4) ഏതെങ്കിലും പ്രത്യേക സാമ്പത്തിക മേഖലയിൽ 2006 ഏപ്രിൽ 1-ാം തീയതിയോ അല്ലെങ്കിൽ അതിനുശേഷമോ ആരംഭിക്കുന്ന തക്കതായ അസ്സസ്മെന്റ് വർഷത്തിന് പ്രസക്തമായ മുൻവർഷത്തിൽ സാധനങ്ങളോ വസ്തുക്കളോ ഉൽപ്പാദിപ്പിക്കുവാനോ നിർമ്മിക്കുവാനോ സേവനങ്ങൾ നൽകുവാനോ തുടങ്ങിയതോ തുടങ്ങുന്നതോ ആയ യൂണിറ്റായ ഏതെങ്കിലും സംരംഭത്തിന് ഈ വകുപ്പ് ബാധകമാകുന്നതാണ്.

(5) ഈ വകുപ്പ് പ്രകാരമുള്ള കിഴിവിന് അവകാശമുള്ള യൂണിറ്റായ ഏതെങ്കിലും സംരംഭം ഈ വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലാവധി അവസാനിക്കുന്നതിന് മുൻപായി സംയോജനത്തിനോ വിഘടിപ്പിക്കലിനോ ഉള്ള ഒരു സ്കീമിലെ യൂണിറ്റായ മറ്റൊരു സംരംഭത്തിന് കൈമാറ്റം ചെയ്തിട്ടുള്ളിടത്ത്,—

(ക) കമ്പനിയായ, സംയോജിക്കുന്നതോ വിഘടിച്ചതോ ആയ യൂണിറ്റിന്, സംയോജനമോ വിഘടിക്കലോ നടക്കുന്ന മുൻവർഷത്തിലേക്ക് ഈ വകുപ്പ് പ്രകാരമുള്ള യാതൊരു കിഴിവും അനുവദിക്കുവാൻ പാടുള്ളതല്ല; കൂടാതെ

(ഖ) ഈ വകുപ്പിലെ വ്യവസ്ഥകൾ സംയോജനമോ വിഘടനമോ നടന്നിട്ടില്ലായെന്നതുപോലെ, സംയോജിക്കുന്നതോ വിഘടിച്ചതോ ആയ കമ്പനിയായ യൂണിറ്റിന് അവ ബാധകമാകുമായിരുന്നാലെന്നതുപോലെ,

ബാധകമാകുന്നതാണ്.

(6) 72-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ 74-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ (3)-ാം ഉപവകുപ്പിലോ പരാമർശിച്ചിട്ടുള്ള നഷ്ടം, അങ്ങനെയുള്ള നഷ്ടം യൂണിറ്റായ സംരംഭത്തിന്റെ ബിസിനസ്സുമായി ബന്ധപ്പെട്ടിരിക്കുന്നിടത്തോളം എടുത്തെഴുതുന്നതിനോ തട്ടിക്കിഴിക്കുന്നതിനോ അനുവദിക്കേണ്ടതാണ്.

(7) (1)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, സാധനങ്ങളുടെയോ വസ്തുക്കളുടെയോ സേവനങ്ങളുടെയോ (കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ഉൾപ്പെടെ) കയറ്റുമതിയിൽ നിന്നും ഉണ്ടാകുന്ന ലാഭം, ആ തുകയും യൂണിറ്റാകുന്ന സംരംഭത്തിന്റെ ബിസിനസ്സിൽ നിന്നുള്ള ലാഭവും തമ്മിലുള്ളതും അങ്ങനെയുള്ള സാധനങ്ങളോ വസ്തുക്കളോ സേവനങ്ങളോ സംബന്ധിച്ചുള്ള കയറ്റുമതി വിറ്റു വരവും അസ്സസി നടത്തുന്ന ബിസിനസ്സിന്റെ മൊത്തം വിറ്റുവരവും തമ്മിലുള്ളതായ അനുപാതം തുല്യമായിരിക്കുന്ന വിധത്തിലായിരിക്കേണ്ടതാണ്.

(8)(1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട സാധനങ്ങൾക്കോ വസ്തുക്കൾക്കോ സേവനങ്ങൾക്കോ 10 ക വകുപ്പ് (5)-ഉം (6)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ—,

(ക) "2001 ഏപ്രിൽ 1" എന്ന അക്കങ്ങൾക്കും അക്ഷരങ്ങൾക്കും വാക്കിനും പകരം "2006 ഏപ്രിൽ 1" എന്ന അക്കങ്ങളും അക്ഷരങ്ങളും വാക്കും പകരം ചേർക്കുകയും;

(ഖ) "സംരംഭം" എന്ന വാക്കിനു പകരം "യൂണിറ്റാകുന്ന സംരംഭം" എന്ന വാക്കുകൾ പകരം ചേർക്കുകയും,

ചെയ്താലെന്നപോലെ ബാധകമാകുന്നതാണ്.

(9) 80 ഝ ക വകുപ്പിലെ (8)-ാം ഉപവകുപ്പിലെയും (10)-ാം ഉപവകുപ്പിലെയും വ്യവസ്ഥകൾ, അവ 80 ഝ ക വകുപ്പിൽ പരാമർശിച്ചിട്ടുള്ള സംരംഭത്തിന്റെ ആവശ്യങ്ങൾക്ക് ബാധകമാകുന്നതുപോലെ ആകാവുന്നത്ര ഈ വകുപ്പിൽ പരാമർശിച്ചിട്ടുള്ള സംരംഭത്തെ സംബന്ധിച്ചും ബാധകമാകുന്നതാണ്.

*വിശദീകരണം* 1.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(i) "കയറ്റുമതി വിറ്റുവരവ്" എന്നാൽ ഭാരതത്തിൽ ലഭിച്ചതോ അസ്സസിയാൽ ഭാരതത്തിൽ കൊണ്ടുവന്നതോ ആയ സാധനങ്ങളുടെയോ വസ്തുക്കളുടെയോ സേവനങ്ങളുടെയോ യൂണിറ്റായ സംരംഭത്തിനാലുള്ള കയറ്റുമതി സംബന്ധിച്ച പ്രതിഫലം എന്നർത്ഥമാകുന്നതും അതിൽ കടത്തുകൂലിയോ ടെലികമ്മ്യൂണിക്കേഷൻ ചാർജ്ജുകളോ ഭാരതത്തിന് പുറത്തേക്ക് സാധനങ്ങളോ വസ്തുക്കളോ വിട്ടുകൊടുക്കുന്നതിന് കൽപിക്കപ്പെടാവുന്ന ഇൻഷ്വറൻസോ ഭാരതത്തിന് പുറത്ത് സേവനങ്ങൾ നൽകുന്നതിൽ (കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ഉൾപ്പെടെ) വിദേശവിനിമയത്തിൽ ഉണ്ടാകുന്ന ചെലവുകൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവയോ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(ii) "പ്രത്യേക സാമ്പത്തികമേഖലകളെ സംബന്ധിച്ച കയറ്റുമതി" എന്നാൽ ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽനിന്നും കരമാർഗ്ഗമോ കടൽമാർഗ്ഗമോ ആകാശമാർഗ്ഗമോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ ശാരീരികമായോ അല്ലാതെയോ ഭാരതത്തിന് പുറത്തേക്ക് സാധനങ്ങൾ കൊണ്ടുപോകുന്നതോ അല്ലെങ്കിൽ സേവനങ്ങൾ നൽകുന്നതോ എന്നർത്ഥമാകുന്നു;

(iii) "ഉൽപാദനം" എന്നതിന് 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിലെ 2-ാം വകുപ്പ് (ദ) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ളതായ അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(iv) "പ്രസക്തമായ അസ്സസ്മെന്റ് വർഷം" എന്നാൽ ഈ വകുപ്പിൽ പരാമർശിച്ച തുടർച്ചയായ പതിനഞ്ച് അസ്സസ്മെന്റ് വർഷകാലാവധിക്കുള്ളിൽ വരുന്ന ഏതെങ്കിലും അസ്സസ്മെന്റ് വർഷം എന്നർത്ഥമാകുന്നു;

(v) "പ്രത്യേക സാമ്പത്തിക മേഖലയ്ക്കും" "യൂണിറ്റിനും" 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിലെ 2-ാം വകുപ്പ് (യക)-യും (യഗ)-യും ഖണ്ഡങ്ങളിൻകീഴിൽ അവയ്ക്ക് നൽകിയിട്ടുള്ളതായ അതേ അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

*വിശദീകരണം* 2.—സംശയങ്ങൾ നീക്കുന്നതിനായി, ഭാരതത്തിന് പുറത്തുള്ള കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിന്റെ (സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള സേവനങ്ങൾ ഉൾപ്പെടെ) ഓൺസൈറ്റ് വികസനത്തിൽ നിന്നും ലഭിക്കുന്ന ലാഭവും നേട്ടങ്ങളും ഭാരതത്തിന് പുറത്തേക്കുള്ള കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിന്റെ കയറ്റുമതിയിൽനിന്നും ലഭിക്കുന്ന ലാഭവും നേട്ടങ്ങളുമായി കരുതപ്പെടുന്നതാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

(ഘ) 54 ഛ വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"54 ഛക. *ഏതെങ്കിലും പ്രത്യേക സാമ്പത്തിക മേഖലയിലേയ്ക്ക് നഗര പ്രദേശത്തുനിന്നും വ്യാവസായിക സംരംഭം മാറ്റുന്ന സംഗതികളിൽ ആസ്തികൾ കൈമാറുന്നതിൻമേൽ മൂലധനലാഭത്തിന്റെ ഒഴിവാക്കൽ.*— (1) 54 ഛ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും നഗര പ്രദേശത്തോ മറ്റേതെങ്കിലും പ്രദേശത്തോ വികസിപ്പിച്ച ഏതെങ്കിലും പ്രത്യേക സാമ്പത്തിക മേഖലയിലേക്ക് ഒരു നഗരപ്രദേശത്ത് സ്ഥിതി ചെയ്യുന്ന വ്യാവസായിക സംരംഭം മാറ്റുന്നതിനിടയിലോ അതിന്റെ അനന്തര ഫലമായോ നടത്തുന്ന, അങ്ങനെയുള്ള ഒരു വ്യാവസായിക സംരംഭത്തിന്റെ ബിസിനസ്സ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന യന്ത്രമോ യന്ത്രസാമഗ്രികളോ കെട്ടിടമോ ഭൂമിയോ കെട്ടിടത്തിലോ ഭൂമിയിലോ ഉള്ള ഏതെങ്കിലും അവകാശങ്ങളോ ആയ ഒരു മൂലധന ആസ്തിയുടെ കൈമാറ്റത്തിൽനിന്നും മൂലധനലാഭം ഉൽഭവിക്കുന്നിടത്തും, കൈമാറ്റം നടന്ന തീയതിക്ക് ഒരു വർഷം മുൻപോ മൂന്നു വർഷങ്ങൾക്കു ശേഷമോ ഉള്ള കാലാവധിക്കുള്ളിൽ അസ്സസി,—

(ക) അങ്ങനെയുള്ള സംരംഭം മാറ്റിയ പ്രത്യേക സാമ്പത്തിക മേഖലയിലെ വ്യവസായ സംരംഭത്തിന്റെ ബിസിനസ്സ് ആവശ്യങ്ങൾക്കായി യന്ത്രമോ യന്ത്രസാമഗ്രികളോ വാങ്ങിയിട്ടുണ്ടായിരിക്കുകയും;

(ഖ) പ്രത്യേക സാമ്പത്തിക മേഖലയിൽ അയാളുടെ ബിസിനസ്സ് ആവശ്യങ്ങൾക്കായി, കെട്ടിടമോ ഭൂമിയോ ആർജ്ജിക്കുകയോ അഥവാ കെട്ടിടം നിർമ്മിക്കുകയോ ചെയ്തിരിക്കുകയും;

(ഗ) പ്രത്യേക സാമ്പത്തിക മേഖലയിലേക്ക്, അങ്ങനെയുള്ള സംരംഭത്തിന്റെ ആദ്യ ആസ്തി മാറ്റിയിരിക്കുകയും സ്ഥാപനം കൈമാറ്റം ചെയ്തിരിക്കുകയും;

(ഘ) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, കേന്ദ്ര സർക്കാരിനാൽ തയ്യാറാക്കിയ ഒരു സ്കീമിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റ് ആവശ്യങ്ങൾക്കായി ചെലവ് നേരിട്ടിരിക്കുകയും ചെയ്താൽ, അതിനുശേഷം കൈമാറ്റം നടന്നിട്ടുള്ളതിന്റെ മുൻവർഷത്തെ ആദായത്തെ മൂലധന ആസ്തിയായി ആദായനികുതി ചുമത്തുന്നതിനുപകരം (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഈ വകുപ്പിലെ താഴെ പറയുന്ന വ്യവസ്ഥകൾക്കനുസൃതമായി കൈകാര്യം ചെയ്യേണ്ടതാണ്, അതായത്:—

(i) മൂലധന ലാഭത്തിന്റെ തുക (ക) മുതൽ (ഘ) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾ സംബന്ധിച്ച് നേരിട്ടതായ മുടക്കുവിലയെയും ചെലവുകളെയും അധികരിക്കുകയാണെങ്കിൽ, (ഇതിനുശേഷം ഈ വകുപ്പിൽ അങ്ങനെയുള്ള മുടക്കു വിലയും ചെലവുകളും പുതിയ ആസ്തിയായി പരാമർശിച്ചിരിക്കുന്നു)

GCPT. 3/3431/2013

മൂലധനലാഭത്തിന്റെ തുകയുടെയും പുതിയ ആസ്തിയുടെ മുടക്കുവിലയും തമ്മിലുള്ള അന്തരം മുൻവർഷത്തെ ആദായം എന്നപോലെ 45-ാം വകുപ്പുപ്രകാരം നികുതി ചുമത്തേണ്ടതും പുതിയ ആസ്തി സംബന്ധിച്ച്, അതത് സംഗതിപോലെ, അത് വാങ്ങുകയോ ആർജ്ജിക്കുകയോ നിർമ്മിക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്തതുമുതൽ മൂന്നു വർഷക്കാലാവധിക്കുള്ളിലെ അതിന്റെ കൈമാറ്റത്തിൽ നിന്നും ഉത്ഭവിക്കുന്ന ഏതെങ്കിലും മൂലധനലാഭം കണക്കാക്കുന്നതിന്റെ ആവശ്യത്തിന് മുടക്കു വിലയില്ലാത്തതുമായിരിക്കുന്നതാണ്; അല്ലെങ്കിൽ

(ii) മൂലധന ലാഭത്തിന്റെ തുക പുതിയ ആസ്തിയുടെ മുടക്കു വിലയ്ക്ക് തുല്യമോ കുറവോ ആണെങ്കിൽ മൂലധന ലാഭം 45-ാം വകുപ്പ് പ്രകാരം നികുതി ചുമത്താവുന്നതല്ലാത്തതും പുതിയ ആസ്തി സംബന്ധിച്ച്, അതതു സംഗതിപോലെ, അത് വാങ്ങുകയോ ആർജ്ജിക്കുകയോ നിർമ്മിക്കുകയോ ചെയ്തതുമുതൽ മൂന്നു വർഷക്കാലാവധിക്കുള്ളിലുള്ള അതിന്റെ കൈമാറ്റത്തിൽനിന്നും ഉത്ഭവിക്കുന്ന ഏതെങ്കിലും മൂലധനലാഭം കണക്കാക്കുന്നതിന്റെ ആവശ്യത്തിന് മൂലധനലാഭത്തിന്റെ തുക മുടക്കുവിലയിൽനിന്നും കുറവ് ചെയ്യേണ്ടതാണ്.

*വിശദീകരണം.*—ഈ ഉപവകുപ്പിൽ,—

(ക) "പ്രത്യേക സാമ്പത്തിക മേഖല"യ്ക്ക് 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിലെ (യക) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ളതായ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(ഖ) "നഗരപ്രദേശം" എന്നാൽ ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി ജനസംഖ്യയും വ്യവസായങ്ങളുടെ കേന്ദ്രീകരണവും പ്രദേശത്തിന്റെ ശരിയായ ആസൂത്രണത്തിന്റെ ആവശ്യവും മറ്റ് പ്രസക്തമായ ഘടകങ്ങളും പരിഗണിച്ചുകൊണ്ട്, കേന്ദ്രസർക്കാരിന്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി ഒരു മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പാലിറ്റിയുടെയോ പരിധിക്കുള്ളിലുള്ള അങ്ങനെയുള്ള ഏതെങ്കിലും പ്രദേശത്തെ ഒരു നഗരപ്രദേശമായി പ്രഖ്യാപിക്കാവുന്നതാണ്.

(2) ആദ്യ ആസ്തിയുടെ കൈമാറ്റം നടന്ന തീയതിക്ക് മുൻപ് ഒരു വർഷത്തിനുള്ളിൽ (1)-ാം ഉപവകുപ്പിലെ (ക) മുതൽ (ഘ) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾ സംബന്ധിച്ച് മുടക്കുവിലയ്ക്കും ചെലവുകൾക്കുമായി നേരിട്ട, അസ്സസിയാൽ വിനിയോഗിച്ചിട്ടില്ലാത്തതോ 139-ാം വകുപ്പുപ്രകാരം ആദായത്തിന്റെ റിട്ടേൺ സമർപ്പിക്കുന്നതിനുള്ള തീയതിക്കുമുൻപായി മേൽപറഞ്ഞ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി അയാൾ ഉപയോഗിച്ചിട്ടില്ലാത്തതോ ആയ മൂലധനലാഭത്തിന്റെ തുക, അങ്ങനെയുള്ള റിട്ടേൺ സമർപ്പിക്കുന്നതിനു മുൻപായി കേന്ദ്ര സർക്കാർ, വിജ്ഞാപനംമൂലം, ഇതിലേക്കായി ഉണ്ടാക്കാവുന്ന ഏതെങ്കിലും സ്കീമിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഏതെങ്കിലും ബാങ്കിലോ സ്ഥാപനത്തിലോ ഉള്ള ഒരു അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും [139-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ആദായത്തിന്റെ റിട്ടേൺ സമർപ്പിക്കുന്നതിന് അസ്സസിയുടെ സംഗതിയിൽ ബാധകമായിട്ടുള്ള നിശ്ചിത തീയതിക്ക് പിൻപല്ലാതെ, ഏതൊരു സംഗതിയിലും അങ്ങനെയുള്ള നിക്ഷേപം നടത്തിയിരിക്കണം] അതനുസരിച്ച് ഉപയോഗിക്കുകയും ചെയ്യേണ്ടതും അങ്ങനെയുള്ള നിക്ഷേപത്തിന്റെ തെളിവ് അങ്ങനെയുള്ള റിട്ടേണിനോടൊപ്പം നൽകേണ്ടതും (1)-ാം ഉപവകുപ്പിലെ ആവശ്യങ്ങൾക്കായി, മുൻപറഞ്ഞ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി

അസ്സസി ഇതിനോടകം ഉപയോഗിച്ചിട്ടുള്ള തുക, ഏതെങ്കിലും ഉണ്ടെങ്കിൽ, അതും അപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുകയും കൂടി പുതിയ ആസ്തിയുടെ മുടക്കുവിലയായി കരുതപ്പെടുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പുപ്രകാരം നിക്ഷേപിച്ച തുക (1)-ാം ഉപവകുപ്പിന്റെ (ക) മുതൽ (ഘ) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശി ച്ചിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ആ ഉപവകുപ്പിൽ വിനിർദ്ദേശിച്ച കാലാവധിക്കുള്ളിൽ പൂർണ്ണമായോ ഭാഗികമായോ ഉപയോഗിച്ചിട്ടില്ലെങ്കിൽ, പിന്നീട്,—

(i) അങ്ങനെ ഉപയോഗിക്കാത്ത തുക, 45-ാം വകുപ്പുപ്രകാരം നികുതി ചുമത്താവുന്ന ആദ്യ ആസ്തിയുടെ കൈമാറ്റത്തിന്റെ തീയതി മുതൽ മൂന്ന് വർഷക്കാലാവധി അവസാനിക്കുന്ന മുൻവർഷത്തെ ആദായമായി കണക്കാക്കേണ്ടതും;

(ii) മുൻപറഞ്ഞ സ്കീമിനനുസൃതമായി അങ്ങനെയുള്ള തുക പിൻവലിക്കുന്നതിന് അസ്സസിക്ക് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.";

(ങ) 80-ഝ ക വകുപ്പിൽ, (12)-ാം ഉപവകുപ്പിനുശേഷം, താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(13). ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും (4)-ാം ഉപവകുപ്പിലെ (ഗ) ഖണ്ഡത്തിലെ (iii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സ്കീമിന് അനുസൃതമായി 2005 ഏപ്രിൽ 1-ാം തീയതിയോ അതിനു ശേഷമോ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും പ്രത്യേക സാമ്പത്തിക മേഖലകൾക്ക് ബാധകമാകുന്നതല്ല.";

(ച) 80-ഝ ക വകുപ്പിനുശേഷം, താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"80 ഝ ക ഖ. *പ്രത്യേക സാമ്പത്തിക മേഖലയുടെ വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സംരംഭത്തിനോ സ്ഥാപനത്തിനോ ഉള്ള ലാഭവും നേട്ടങ്ങളും സംബന്ധിച്ച കിഴിവുകൾ.*—(1) പോഷകനായ ഒരു അസ്സസിയുടെ മൊത്തം ആദായത്തിൽ 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റ് പ്രകാരം 2005 ഏപ്രിൽ 1-ാം തീയതിയോ അതിനുശേഷമോ വിജ്ഞാപനം ചെയ്ത ഒരു പ്രത്യേക സാമ്പത്തിക മേഖല വികസിപ്പിക്കുന്ന ഏതെങ്കിലും ബിസിനസ്സിൽ നിന്നും ഒരു സംരംഭത്തിനോ സ്ഥാപനത്തിനോ ലഭിച്ച ഏതെങ്കിലും ലാഭവും നേട്ടങ്ങളും ഉൾപ്പെടുന്നിടത്ത്, അസ്സസിയുടെ ആകെ ആദായം കണക്കാക്കുന്നതിൽ ഈ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായും ഒരു പോഷകൻ എന്ന നിലയിൽ അസ്സസിയുടെ മൊത്തം വരുമാനത്തിൽ ഉൾപ്പെട്ടിട്ടുള്ളിടത്ത്, ഈ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായും അവയ്ക്കു വിധേയമായും തുടർച്ചയായ പത്ത് അസ്സസ്മെന്റ് വർഷങ്ങളിലേയ്ക്ക് അങ്ങനെയുള്ള ബിസിനസ്സിൽനിന്നും ലഭിച്ച ലാഭങ്ങളുടെയും നേട്ടങ്ങളുടെയും നൂറ് ശതമാനത്തിനു തുല്യമായ ഒരു തുകയ്ക്കുള്ള ഒരു കിഴിവ് അനുവദിക്കേണ്ടതാണ്.

(2) കേന്ദ്ര സർക്കാരിനാൽ ഒരു പ്രത്യേക സാമ്പത്തിക മേഖല വിജ്ഞാപനം ചെയ്ത വർഷത്തിൽ തുടങ്ങി പതിനഞ്ച് വർഷങ്ങളിൽ തുടർച്ചയായ ഏതെങ്കിലും പത്ത് അസ്സസ്മെന്റ് വർഷങ്ങളിലേയ്ക്ക് അസ്സസിയുടെ ഇച്ഛാനുസരണം (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച കിഴിവ്, അയാൾക്ക് അവകാശപ്പെടാവുന്നതാണ്:

എന്നാൽ പോഷകനായ ഏതെങ്കിലും സംരംഭത്തിന്റെ ഏതെങ്കിലും അസ്സസ്മെന്റ് വർഷത്തെ ആകെ ആദായം കണക്കാക്കുന്നതിൽ 80 ഝ ക വകുപ്പ് (13)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ പ്രയോഗം മുഖേന അതിന്റെ ലാഭങ്ങളും നേട്ടങ്ങളും ഉൾപ്പെടുത്തിയിട്ടില്ലാത്തിടത്ത്, പോഷകനായ സംരംഭത്തിന് ഈ വകുപ്പിൽ പരാമർശിച്ചിട്ടുള്ള കിഴിവിന് തുടർച്ചയായ പത്ത് അസ്സസ്മെന്റ് വർഷങ്ങളിലെ ശേഷിക്കുന്ന കാലയളവിലേക്ക് മാത്രം അവകാശമുണ്ടായിരിക്കുന്നതും അതിനുശേഷം, അതത് സംഗതിപോലെ, (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ആദായത്തിൽ നിന്നും കിഴിവിന് അതിന് അർഹതയുണ്ടായിരിക്കുന്ന തുമാണ്:

എന്നുമാത്രമല്ല ഒരു പോഷകനായ ഒരു സംരംഭം 2005 ഏപ്രിൽ 1-ാം തീയതിയോ അതിനുശേഷമോ ഒരു പ്രത്യേക സാമ്പത്തിക മേഖല വികസിപ്പിക്കുകയും അങ്ങനെയുള്ള പ്രത്യേക സാമ്പത്തികമേഖലയുടെ പ്രവർത്തനവും പരിപാലനവും മറ്റൊരു പോഷകന് കൈമാറ്റം ചെയ്യുകയും ചെയ്യുന്ന സംഗതിയിൽ (ഇതിനുശേഷം ഈ വകുപ്പിൽ കൈമാറ്റം വാങ്ങിയ പോഷകൻ എന്ന് പരാമർശിക്കപ്പെട്ടിരിക്കുന്നു.) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കിഴിവ് അങ്ങനെയുള്ള കൈമാറ്റം വാങ്ങിയ പോഷകന് തുടർച്ചയായ പത്ത് അസ്സസ്മെന്റ് വർഷങ്ങളിലെ ശേഷിക്കുന്ന കാലയളവിലേയ്ക്ക് അപ്രകാരം പ്രവർത്തനവും പരിപാലനവും കൈമാറ്റം ചെയ്തിട്ടില്ലായെന്നതു പോലെ അനുവദിക്കേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കിഴിവുകൾ അനുവദിക്കുന്ന ആവശ്യത്തിലേയ്ക്ക് 80 ഝ ക വകുപ്പിലെ (5)-ാം ഉപവകുപ്പിലെയും (7) മുതൽ (12) വരെയുള്ള ഉപവകുപ്പുകളിലെയും വ്യവസ്ഥകൾ പ്രത്യേക സാമ്പത്തികമേഖലകൾക്ക് ബാധകമാകുന്നതാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, "പോഷകൻ", "പ്രത്യേക സാമ്പത്തിക മേഖല" എന്നിവയ്ക്ക് 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിന്റെ 2-ാം വകുപ്പിലെ (ഛ)-യും (യക)-യും ഖണ്ഡങ്ങളിൽ യഥാക്രമം അവയ്ക്ക് നൽകിയിരിക്കുന്ന പ്രകാരമുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.";

(ഛ) 80 ഠ ക. വകുപ്പിന് പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"80 ഠ ക. *ഓഫ്ഷോർ ബാങ്കിംഗ് യൂണിറ്റുകളുടെയും അന്താരാഷ്ട്ര ധനകാര്യ സേവനകേന്ദ്രത്തിന്റെയും ചില ആദായങ്ങൾ സംബന്ധിച്ച കിഴിവുകൾ.*—(1) (i) ഒരു ഷെഡ്യൂൾഡ് ബാങ്കോ ഭാരതത്തിന് പുറത്തുള്ള ഒരു രാജ്യത്തിലെ നിയമങ്ങളാലോ അവയുടെ കീഴിലോ ഏകാംഗീകരിക്കപ്പെട്ടതും ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ ഒരു ഓഫ്ഷോർ ബാങ്കിംഗ് യൂണിറ്റ് ഉള്ളതുമായ ഏതെങ്കിലും ബാങ്കോ; അല്ലെങ്കിൽ

(ii) ഒരു അന്താരാഷ്ട്ര ധനകാര്യ സേവന കേന്ദ്രത്തിലെ ഒരു യൂണിറ്റോ,

ആയ ഒരു അസ്സസിയുടെ മൊത്തം ആദായത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആദായം ഉൾപ്പെടുന്നിടത്ത്,

ഈ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായും അവയ്ക്കു വിധേയമായും അങ്ങനെയുള്ള ആദായത്തിൽനിന്നും—

(ക) 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിലെ (1949-ലെ 10) 23-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരമുള്ള അനുമതിയോ 1992-ലെ സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇൻഡ്യ ആക്റ്റിന്റെയോ (1992-ലെ 15) മറ്റേതെങ്കിലും പ്രസക്തമായ നിയമത്തിന്റെയോ കീഴിൽ അനുമതിയോ രജിസ്ട്രേഷനോ ലഭിച്ച മുൻവർഷത്തിനു പ്രസക്തമായ അസ്സസ്മെന്റ് വർഷം മുതൽ ആരംഭിക്കുന്ന തുടർച്ചയായ അഞ്ച് അസ്സസ്മെന്റ് വർഷങ്ങളിലേയ്ക്ക് അങ്ങനെയുള്ള ആദായത്തിന്റെ നൂറു ശതമാനത്തിനും, അതിനുശേഷം;

(ഖ) തുടർച്ചയായ അഞ്ച് അസ്സസ്മെന്റ് വർഷങ്ങളിലേയ്ക്ക് അങ്ങനെയുള്ള ആദായത്തിന്റെ അൻപതു ശതമാനത്തിനും, തുല്യമായ ഒരു തുകയുടെ ഒരു കിഴിവ് അനുവദിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ആദായം—

(ക) ഒരു പ്രത്യേക സാമ്പത്തിക മേഖലയിലെ ഒരു ഓഫ്ഷോർ ബാങ്കിംഗ് യൂണിറ്റിൽ നിന്നോ; അല്ലെങ്കിൽ

(ഖ) ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥിതിചെയ്യുന്ന ഒരു സംരംഭവുമായോ ഒരു പ്രത്യേക സാമ്പത്തിക മേഖല വികസിപ്പിക്കുന്നതോ വികസിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതോ വികസിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതോ ആയ മറ്റേതെങ്കിലും സംരംഭവുമായോ ഉള്ള 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിന്റെ (1949-ലെ 10) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ബിസിനസ്സിൽ നിന്നോ; അല്ലെങ്കിൽ

(ഗ) ഒരു പ്രത്യേക സാമ്പത്തിക മേഖലയിലെ അങ്ങനെയുള്ള ഒരു കേന്ദ്രത്തിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള അതിന്റെ ബിസിനസ്സിൽ നിന്ന്, അന്താരാഷ്ട്ര ധനകാര്യസേവനകേന്ദ്രത്തിലെ ഏതെങ്കിലും യൂണിറ്റിൽ നിന്നോ,

ഉള്ള ആദായമായിരിക്കുന്നതാണ്.

(3) അസ്സസി ആദായത്തിന്റെ റിട്ടേണിനോടൊപ്പം,—

(i) ഈ വകുപ്പ് പ്രകാരം അതിന്റെ പകരം ചേർക്കലിന് തൊട്ടു മുൻപ് നിലനിന്നിരുന്ന പ്രകാരമുള്ള 80 ഠ ക വകുപ്പ് (2)-ാം ഉപവകുപ്പ് (i)-ാം ഖണ്ഡപ്രകാരം കേന്ദ്ര പ്രത്യക്ഷ നികുതികളുടെ ബോർഡ് വിനിർദ്ദേശിച്ച ഫാറത്തിലെ, 288-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ കീഴിലുള്ള വിശദീകരണത്തിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള, ഒരു അക്കൗണ്ടന്റിന്റെ ഈ വകുപ്പിലെ വ്യവസ്ഥ പ്രകാരമുള്ള കിഴിവ് കൃത്യമായി അവകാശപ്പെട്ടിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ടും;

(ii) 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിന്റെ (1949-ലെ 10) 23-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം ലഭിച്ചിട്ടുള്ള അനുമതിയുടെ ഒരു പകർപ്പും സമർപ്പിച്ചിട്ടില്ലാത്തപക്ഷം, ഈ വകുപ്പ് പ്രകാരമുള്ള യാതൊരു കിഴിവും അനുവദിക്കുവാൻ പാടുള്ളതല്ല.

*വിശദീകരണം:*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,

(ക) "അന്താരാഷ്ട്ര ധനകാര്യ സേവന കേന്ദ്ര"ത്തിന് 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിന്റെ 2-ാം വകുപ്പ് (ഥ) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഖ) "ഷെഡ്യൂൾഡ് ബാങ്കി"ന് 1934-ലെ ഭാരതീയ റിസർവ്വ് ബാങ്ക് ആക്റ്റിന്റെ (1934-ലെ 2) 2-ാം വകുപ്പ് (ങ) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഗ) "പ്രത്യേക സാമ്പത്തിക മേഖല"യ്ക്ക് 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിന്റെ 2-ാം വകുപ്പ് (യക) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഘ) "യൂണിറ്റ്"ന് 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിന്റെ 2-ാം വകുപ്പ് (യഗ) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ജ) 115 ഞ ഖ വകുപ്പിൽ, (5)-ാം ഉപവകുപ്പിന് ശേഷം, താഴെ പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(6) 2005 ഏപ്രിൽ 1-ാം തീയതിയോ അതിന്ശേഷമോ ഒരു യൂണിറ്റിലെയോ പ്രത്യേക സാമ്പത്തിക മേഖലയിലെയോ ഒരു സംരംഭകനാലോ ഒരു പോഷകനാലോ, അതതു സംഗതിപോലെ, നടത്തിവരുന്ന ഏതെങ്കിലും ബിസിനസ്സിൽ നിന്നോ നൽകിയിട്ടുള്ള സേവനങ്ങളിൽ നിന്നോ സിദ്ധിക്കുന്നതോ അല്ലെങ്കിൽ ഉത്ഭവിക്കുന്നതോ ആയ ആദായത്തിന്, ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.".

(ഝ) 115 ണ വകുപ്പിൽ, (5)-ാം ഉപവകുപ്പിന് ശേഷം, താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പോഷകന്റെയോ സ്ഥാപനത്തിന്റെയോ 10-ാം വകുപ്പ് (23ഛ) ഖണ്ഡത്തിൻ കീഴിൽപ്പെടാത്ത അങ്ങനെയുള്ള ഡിവിഡന്റ് കൈപ്പറ്റുന്ന ആളുടെയോ കൈവശത്തിലുള്ള നടപ്പ് ആദായത്തിൽ നിന്നും 2005 ഏപ്രിൽ 1-ാം തീയതിയോ അതിനുശേഷമോ, ഡിവിഡന്റായി (ഇടക്കാലത്തേക്കോ മറ്റുവിധത്തിലോ) അങ്ങനെയുള്ള പോഷകനാലോ സ്ഥാപനത്താലോ പ്രഖ്യാപിച്ചിട്ടുള്ളതോ വിതരണം ചെയ്തിട്ടുള്ളതോ നൽകിയതോ ആയ ഏതെങ്കിലും തുകയിൻമേൽ ഏതെങ്കിലും അസ്സസ്മെന്റ് വർഷത്തേക്ക് ഒരു പ്രത്യേക സാമ്പത്തികമേഖല വികസിപ്പിക്കുന്നതിലോ വികസിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിലോ ഏർപ്പെട്ടിട്ടുള്ള ഒരു സംരംഭത്തിന്റെയോ സ്ഥാപനത്തിന്റെയോ മൊത്തം ആദായം സംബന്ധിച്ച് വിതരണം ചെയ്തിട്ടുള്ള ലാഭത്തിൻമേലുള്ള യാതൊരു നികുതിയും ചുമത്തുവാൻ പാടുള്ളതല്ല.".

(ഞ) 197 ക വകുപ്പിൽ, (ഝ ഗ) ഉപവകുപ്പിനുശേഷം, താഴെ പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(ഝ ഘ) ഈ വകുപ്പിൽ, എന്തുതന്നെ അടങ്ങിയിരുന്നാലും,—

(ക) 2005 ഏപ്രിൽ 1-ാം തീയതിയിലോ അതിന്ശേഷമോ ഒരു പ്രവാസിയോ ഭാരതത്തിൽ സാധാരണയായി താമസിക്കാത്ത ഒരാളോ നടത്തിയിട്ടുള്ള നിക്ഷേപത്തിന്മേലോ; അല്ലെങ്കിൽ

(ഖ) 2005 ഏപ്രിൽ 1-ാം തീയതിയോ അതിന്ശേഷമോ ഒരു പ്രവാസിയിൽ നിന്നോ ഭാരതത്തിൽ സാധാരണയായി താമസിക്കാത്ത ഒരാളിൽ നിന്നോ ഉള്ള കടമെടുപ്പിൻമേലോ നൽകിയിട്ടുള്ള പലിശയിൽനിന്നും ഓഫ്ഷോർ ബാങ്കിംഗ് യൂണിറ്റ് നികുതിയുടെ യാതൊരു കിഴിവും നടത്തുവാൻ പാടുള്ളതല്ല.

*വിശദീകരണം*:—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, "ഓഫ്ഷോർ ബാങ്കിംഗ് യൂണിറ്റിന്", 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിന്റെ 2-ാം വകുപ്പ് (പ) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

മൂന്നാം പട്ടിക

(57-ാം വകുപ്പ് കാണുക)

ചില അധിനിയമങ്ങൾക്ക് ഭേദഗതി

ഭാഗം I

**1938-ലെ ഇൻഷ്വറൻസ് ആക്റ്റിനുള്ള ഭേദഗതികൾ**

(1938-ലെ 4)

1. 2 ഗ വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ മൂന്നാം പരിമിതി വ്യവസ്ഥയ്ക്ക് ശേഷം:—

"എന്നിരുന്നാൽതന്നെയും ഈ ഉപവകുപ്പിന്റെ (ഗ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഇൻഷ്വറൻസ് ബിസിനസ് നടത്തുന്ന ഒരു ഭാരതീയ ഇൻഷ്വറൻസ് കമ്പനിയോ ഇൻഷ്വറൻസ് സഹകരണ സംഘമോ ഏകാംഗീകൃത നികായമോ ആയ ഒരു ഇൻഷ്വറർക്ക് ഇൻഷ്വറൻസ് ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നതിന് 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിലെ 2-ാം വകുപ്പ് (യക) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള ഏതെങ്കിലും പ്രത്യേക സാമ്പത്തിക മേഖലയിൽ ഏതെങ്കിലും ഇൻഷ്വറൻസ് ബിസിനസ്സ് നടത്താവുന്നതാണ്.".

എന്നത് ചേർക്കുക.

2. 2 ഗ വകുപ്പിന്ശേഷം,—

"2 ഗ ക—പ്രത്യേക സാമ്പത്തിക മേഖലകൾക്ക് ഈ ആക്റ്റിന്റെ വ്യവസ്ഥകൾ ബാധകമാക്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം.— കേന്ദ്രസർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകളിൽ ഏതെങ്കിലും,—

(ക) 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിന്റെ 2-ാം വകുപ്പ് (യക) ഖണ്ഡത്തിൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള ഏതെങ്കിലും പ്രത്യേക സാമ്പത്തിക മേഖലയിൽ ഇൻഷ്വറൻസ് ബിസിനസ്സ് നടത്തുന്ന 2 ഗ വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ഗ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു ഭാരതീയ ഇൻഷ്വറൻസ് കമ്പനിയോ ഇൻഷ്വറൻസ് സഹകരണ സംഘമോ ഒരു ഏകാംഗീകൃത നികായമോ ആയ ഇൻഷ്വറർക്ക് ബാധകമാകുന്നതല്ലെന്നും; അഥവാ

(ഖ) 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിലെ 2-ാം വകുപ്പ് (യക) ഖണ്ഡത്തിൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള ഏതെങ്കിലും പ്രത്യേക സാമ്പത്തിക മേഖലയിൽ ഇൻഷ്വറൻസ് ബിസിനസ്സ് നടത്തുന്ന 2 ഗ വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ഗ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു ഭാരതീയ ഇൻഷ്വറൻസ് കമ്പനിയോ ഇൻഷ്വറൻസ് സഹകരണ സംഘമോ ഒരു ഏകാംഗീകൃത നികായമോ ആയ ഏതെങ്കിലും ഇൻഷ്വറർക്ക് വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ഒഴിവാക്കലുകളോടും രൂപഭേദപ്പെടുത്തലുകളോടും അനുയോജനങ്ങളോടും കൂടി മാത്രം ബാധകമാകുന്നതാണെന്നും നിർദ്ദേശിക്കാവുന്നതാണ്.",

എന്നത് ചേർക്കുക.

ഭാഗം II

**1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിനുള്ള ഭേദഗതികൾ**

(1949-ലെ 10)

1. 53-ാം വകുപ്പ്, അതിന്റെ (1)-ാം ഉപവകുപ്പായി പുനരക്കമിടേണ്ടതും, അങ്ങനെ പുനരക്കമിട്ടിട്ടുള്ള (1)-ാം ഉപവകുപ്പിൽ "ബാങ്കിംഗ് കമ്പനിക്കോ സ്ഥാപനത്തിനോ അല്ലെങ്കിൽ ഏതെങ്കിലും വിഭാഗത്തിലുള്ള ബാങ്കിംഗ് കമ്പനികൾക്കോ" എന്നതിനുപകരം "2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റുപ്രകാരം സ്ഥാപിക്കപ്പെട്ട ഏതെങ്കിലും പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്നതോ സ്ഥിതിചെയ്യുന്നതോ ആയ ബാങ്കിംഗ് കമ്പനിക്കോ സ്ഥാപനത്തിനോ ഏതെങ്കിലും വിഭാഗത്തിലുള്ള ബാങ്കിംഗ് കമ്പനികൾക്കോ അവയുടെ ഏതെങ്കിലും ശാഖകൾക്കോ.",

എന്ന് ചേർക്കുക.

2. അങ്ങനെ പുനരക്കമിട്ടിട്ടുള്ള (1)-ാം ഉപവകുപ്പിനുശേഷം, താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പു പ്രകാരം പുറപ്പെടുവിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഓരോ വിജ്ഞാപനത്തിന്റെയും കരടിന്റെ ഒരു പകർപ്പ് പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ, തൊട്ടടുത്ത് വരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുൻപ് ഇരുസഭകളും വിജ്ഞാപനം പുറപ്പെടുവിക്കുന്നത് അംഗീകരിക്കാതിരിക്കുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും വിജ്ഞാപനത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ വിജ്ഞാപനം പുറപ്പെടുവിക്കാൻ പാടില്ലാത്തതും അല്ലെങ്കിൽ, അതതു സംഗതിപോലെ, ഇരുസഭകളും യോജിക്കാവുന്ന അങ്ങനെയുള്ള രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പുറപ്പെടുവിക്കേണ്ടതുമാണ്.".

ഭാഗം III

**1899-ലെ ഭാരതീയ സ്റ്റാമ്പ് ആക്റ്റിനുള്ള ഭേദഗതി**

(1899-ലെ 2)

3-ാം വകുപ്പിലെ പരിമിതി വ്യവസ്ഥയിൽ, (2)-ാം ഖണ്ഡികയ്ക്ക് ശേഷം,

"(3) പോഷകനാലോ യൂണിറ്റിനാലോ അയാൾക്കോ അതിനോ വേണ്ടിയോ അനുകൂലമായോ പ്രത്യേക സാമ്പത്തിക മേഖലയുടെ ആവശ്യങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടോ ഒപ്പിട്ട് പൂർത്തീകരിച്ചിട്ടുള്ള ഏതെങ്കിലും പ്രമാണം.

*വിശദീകരണം:*—ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി, "പോഷകൻ", "പ്രത്യേക സാമ്പത്തിക മേഖല", "യൂണിറ്റ്" എന്നീ പദപ്രയോഗങ്ങൾക്ക് 2005-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റിന്റെ 2-ാം വകുപ്പ് (ഛ)-യും (യക)-യും (യഗ)-യും ഖണ്ഡങ്ങളിൽ യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.".

എന്നു ചേർക്കുക.

# THE SPECIAL ECONOMIC ZONES ACT, 2005
(ACT NO. 28 OF 2005)

**പ്രത്യേക സാമ്പത്തിക മേഖലകൾ ആക്റ്റ്, 2005**
(2005-ലെ 28-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1 | Co-developer | കൂട്ടുപോഷകൻ | Sn. 2 (f) |
| 2 | Compliance | അനുവർത്തനം | Sn. 20 |
| 3 | Concluded | തീരുമാനിച്ച | Sn. 2 (z) (i) |
| 4 | Cost | മുടക്കുവില | Second Sch. (d) |
| 5 | Domestic tariff area | സ്വദേശീയ തീരുവപ്രദേശം | Sn. 2 (i) |
| 6 | Drawback | അടച്ച തീരുവ തിരികെ ലഭിയ്ക്കൽ | Sn. 16 (3) |
| 7 | Due date | നിശ്ചിത തീയതി | Second Sch. (d) |
| 8 | Entrepreneur | സംരംഭകൻ | Sn. 2 (j) |
| 9 | Identified area | നിർണ്ണയിക്കപ്പെട്ട സ്ഥലം | Sn. 3 (11) |
| 10 | Securities transaction | സെക്യൂരിറ്റീസ് ട്രാൻസാക്ഷൻ | Sn. 26 (1) (f) |